# മൂന്നാം മുദ്ര

സന്ധ്യാ വന്ദനം സ്നേഹിതരെ. പ്രാർത്ഥനയ്ക്കായി നമുക്ക് ഇപ്പോൾ ഒരു നിമിഷം എഴുന്നേറ്റു നില്ക്കാം. നമുക്ക് നമ്മുടെ തലകളെ വണക്കാം.

2 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ, ആ—ആ മനോഹരമായ സ്തുതി ഗീതം ഞങ്ങൾ കേൾക്കുമ്പോൾ, കർത്താവേ, നീ ഞങ്ങളുടെ—ഞങ്ങളുടെ സമീപമുണ്ടെന്ന്…ഞങ്ങൾ ചിന്തിക്കുന്നു. ഇന്നു രാത്രിയിൽ കർത്താവെ, നിന്റെ മക്കളായി, ഞങ്ങളെ സ്വീകരിച്ച്, ഞങ്ങളുടെ കടങ്ങളെയും പാപങ്ങളെയും ക്ഷമിച്ച്, ആവശ്യക്കാരായ ജനങ്ങളായ ഞങ്ങൾക്ക്, നിന്റെ അനുഗ്രഹങ്ങളെ തരേണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3 ഞങ്ങൾ ജീവിക്കുന്ന ഈ മഹത്തായ നാഴികയിൽ, ആണ്ടുതോറും, ഓരോ നിമിഷവും, ലോകത്തിലേയ്ക്ക്, ഇരുട്ടിലേയ്ക്ക് ഇരുട്ടിലേക്ക് പോകുന്നത്, ഞങ്ങൾ കാണുന്നു. അതോടൊപ്പം കർത്താവിന്റെ വരവും, അവൻ സ്വയം…തന്റെ വചനത്താലും തന്റെ പ്രത്യക്ഷമാക്കൽ വഴിയായും കൂടുതൽ കൂടുതൽ പ്രകാശമേറി വരുന്നതും, ഞങ്ങൾ കാണുന്നു. ഇന്നു രാത്രിയിൽ, കർത്താവെ, ഈ യോഗത്തിൽകൂടെ, പരിശ്രമിക്കുന്നതിനായി, ഞങ്ങൾ വീണ്ടും എത്തിയിരിക്കുകയും, കർത്താവേ, ഈ പുസ്തകത്തിലെ മൂന്നാം മുദ്രയെ, ഞങ്ങൾക്ക് വേണ്ടി തുറന്നു തന്നിട്ട്, ഞങ്ങൾ എന്തു ചെയ്യണമെന്നും എങ്ങനെ ജീവിക്കണമെന്നും, എങ്ങനെ മെച്ചപ്പെട്ട ക്രിസ്ത്യാനികളായി തീരാമെന്നും അറിയുവാൻ ഇടയാക്കണം എന്നു പ്രാർത്ഥിക്കുന്നു.

4 ദൈവമേ, ഇന്നു രാത്രിയിൽ, ഇവിടെ സന്നിഹിതനായിരിക്കുന്ന ക്രൈസ്തവരല്ലാത്ത ഓരോരുത്തർക്കും, നിന്റെ ആവശ്യകതയെ അവർക്ക് മനസ്സിലാക്കി കൊടുക്കണമെ, എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. എല്ലാ വീണ്ടും ജനിച്ച ക്രിസ്ത്യാനികളും കഴിഞ്ഞുപോയ കാലത്തിൽ അവർ ജീവിച്ചിരുന്നതിലും കൂടുതലായി നിന്നോട് അടുത്ത് ജീവിക്കുന്നതിനും, അതിനാൽ നാമെല്ലാവരും ക്രിസ്തീയ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ഐക്യത്തിൽ ആയിരിക്കേണ്ടത് ആവശ്യമായിരിക്കുന്നു എന്ന് തിരിച്ചറിയുന്നതിന് നീ ഇടയാക്കേണമേ, എന്നു ഞാൻ—ഞാൻ പ്രാർത്ഥിക്കുന്നു.

5 കർത്താവേ, ഇന്നു രാത്രിയിൽ, ഞങ്ങളുടെ ഇടയിലുള്ള ഓരോ രോഗിയും സൌഖ്യമാകാനിടയാകണമേ. അവർ

നിന്റെ ആവശ്യമെന്താണെന്ന് മനസ്സിലാക്കുന്നു. പിതാവെ, പ്രവർത്തിച്ചിരിക്കുന്നതും അല്ലെങ്കിൽ പറഞ്ഞിരിക്കുന്നതുമായ എല്ലാ കാര്യങ്ങളെയും, നിന്റെ ആദരവിനും മഹത്വത്തിനുമായി, നീ അനുഗ്രഹിക്കേണമെ, എന്ന് ഞാൻ പ്രാർത്ഥിക്കുന്നു, യേശുവിന്റെ നാമത്തിൽ ഞങ്ങൾ ഇതു അപേക്ഷിക്കുന്നു. ആമേൻ.

6 ശരി, ഇന്നു രാത്രിയിൽ, വീണ്ടും, ഈ ആഴ്ചയിലെ ബുധനാഴ്ച രാത്രിയിൽ നാം വീണ്ടും, ഒരുമിച്ച് കൂടിയിരിക്കുന്നു. ഇന്ന് രാത്രിയിൽ, അവന്റെ വചനത്തിന്മേൽ തന്റെ അനുഗ്രഹങ്ങളുടെ ഒരു—ഒരു ആത്മീയ ചൊരിയൽ ഉണ്ടാകുമെന്ന്, ഞങ്ങൾ കർത്താവിൽ വിശ്വാസിക്കുന്നു. ഇന്ന് പതിവു പോലെ, ഞാൻ പഠിച്ചുകൊണ്ടിരിക്കുമ്പോൾ, കൂടുതൽ പ്രയോജനകരമായി പറയുന്നതിനുള്ള കാര്യങ്ങളെക്കുറിച്ച് ഞാൻ ചിന്തിക്കാൻ ശ്രമിക്കുകയും, ആ കാര്യങ്ങളെ, എങ്ങനെ പറയണമെന്നും, അതിന് ശേഷം അവന്റെ എഴുതപ്പെട്ടിരിക്കുന്ന ഈ വചനത്തിന്റെ വ്യാഖ്യാനവും അവൻ എനിക്ക് നല്കുന്നതിനു വേണ്ടി ഞാൻ കർത്താവിൽ ആശ്രയിക്കുകയായിരുന്നു. അവൻ നമുക്ക് വേണ്ടി ഈ ആഴ്ചയിൽ എന്താണോ ചെയ്തിരിക്കുന്നത് അതായത്...ഈ മുദ്രകളെ തുറന്ന് തന്നതിനു വേണ്ടി ഞാൻ അവനോട് വളരെയധികം നന്ദിയുള്ളവനാകുന്നു.

7 ഇപ്പോൾ, ഒരുപക്ഷേ, ഇതൊരു നല്ല കാര്യമായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു, ഞായറാഴ്ച രാവിലെ...നിങ്ങൾക്ക് അറിയാമല്ലോ പലപ്പോഴും...നാം തെറ്റിദ്ധരിക്കപ്പെടാൻ അർത്ഥമാക്കുന്നില്ല, എന്നാൽ, നിങ്ങൾക്കറിയാം, നിങ്ങൾ...അത് ആ രീതിയിലായി പോകാറുണ്ട്. അതുകൊണ്ട്, ഒരുപക്ഷേ, ഞായറാഴ്ച രാവിലെ, ഈ കാര്യങ്ങളെക്കുറിച്ച് ആർക്കെങ്കിലും അവരുടെ മനസ്സിൽ ഒരു ചോദ്യമുണ്ടെങ്കിൽ, അത് എഴുതി ഇവിടെയുള്ള മേശമേൽ, ശനിയാഴ്ച രാത്രിയോടെ വെച്ചാൽ, അത് എന്താകുന്നു എന്ന് എനിക്കതിനെക്കുറിച്ച് നോക്കാൻ കഴിയും. അതിനുശേഷം കർത്താവനുവദിക്കുന്ന പക്ഷം, ഞായറാഴ്ച രാവിലെ, നിങ്ങൾക്ക് വേണ്ടി അതിന്റെ ഉത്തരം പറയാൻ ഞാൻ ശ്രമിക്കുന്നതാണ്. ഇതിനെക്കുറിച്ച് നാം ആസൂത്രണം ചെയ്തിരുന്നതിലും ഇത് നല്ല ഒരു കാര്യമാണെന്ന് ഞാൻ വിചാരിക്കുന്നു, എന്തുകൊണ്ടെന്നാൽ നിങ്ങൾക്കറിയാമോ, ഇത് പലപ്പോഴും തെറ്റിദ്ധരിപ്പെടുന്നു. അതുകൊണ്ട് ഈ രീതിയിൽ അത് ഞാൻ എടുക്കുന്നത്...ഞാൻ എടുക്കുന്നത്—നേരെ ഞാൻ അതു എടുക്കുന്നത് ഒരു നല്ല കാര്യമായിരിക്കും. നിങ്ങൾക്കറിയാമോ

അത് എപ്രകാരമാണോ അപ്രകാരം തന്നെ ആയിരിക്കണം. കാരണം, പലപ്പോഴും, ഇപ്പോൾ...

8 ആരോ ഇന്ന് എന്നെ വിളിച്ചിട്ട് പറഞ്ഞു, അതായത് ഇത് സത്യമാണോ എന്ന് അറിയുന്നതിനു വേണ്ടി വിളിച്ചിട്ടു ചോദിച്ചു, "മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടൽ നടക്കുമ്പോൾ, ജെഫെഴ്സൺവില്ലിൽ നിന്നും ഒരാളും ന്യൂയോർക്കിൽ നിന്ന് ഒരാളും, ബാക്കിയുള്ളവരെല്ലാം വിദേശ രാജ്യങ്ങളിൽ നിന്നുമാണോ എടുക്കപ്പെടുക." അങ്ങനെ, നോക്കൂ, അത് തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. അതിനുശേഷം മറ്റാരോ ഒരാൾ പറഞ്ഞു, അത്, "ശനിയാഴ്ച രാത്രിയിൽ, കർത്താവ് നമുക്ക് അവസാന മുദ്രയെ തരികയാണെങ്കിൽ, എന്നാൽ ഞായറാഴ്ച രാവിലെ യേശു ഇവിടെ എത്തിയിരിക്കും." കാണുന്നോ? അതുകൊണ്ട് അത് ഒരു—അത് ഒരു...നിങ്ങൾ നോക്കൂ, നിങ്ങൾ—നിങ്ങൾ അത്...ചെയ്യരുത് അത് അപ്രകാരമല്ല. നിങ്ങൾ ചെയ്യരുത്...അത് അങ്ങനെയല്ല.

9 നമുക്കറിയില്ല. അവൻ എപ്പോൾ വരുമെന്ന്, അവർക്കറിയാം എന്ന് ആരെങ്കിലും നിങ്ങളോട്ടു പറഞ്ഞാൽ, അവരുടെ തുടക്കം തന്നെ തെറ്റാണെന്നു, നിങ്ങളറിയുന്നു, എന്തുകൊണ്ടെന്നാൽ അത് ആർക്കും അറിയില്ല. എന്നാൽ അത് ഇപ്പോൾ തന്നെയാകുന്നു എന്ന രീതിയിൽ, ഇന്ന്, നാം ജീവിക്കാൻ ആഗ്രഹിക്കുന്നു.

10 ഞാൻ ഒരു നിമിഷത്തേക്ക് നിങ്ങളുടെ ശ്രദ്ധയെ ഒന്ന് തിരിക്കുവാൻ പോകുകയാണ്, അതുകൊണ്ട് തയ്യാറായിരുന്നുകൊള്ളുക. യേശു അവന്റെ വരവിന്റെ സമയത്തിൽ നിന്നും, ഇപ്പോൾ മൂന്ന് മിനിറ്റോ, അതിനും താഴെ വരുമെന്ന് ഞാൻ—ഞാൻ വിശ്വസിക്കുന്നു. അത് എത്ര ദീർഘിച്ചതായിരിക്കും എന്ന് നിങ്ങൾക്കറിയാമോ? ഏകദേശം മുപ്പത്തിയഞ്ച് വർഷങ്ങൾ. നോക്കൂ, ആയിരം വർഷങ്ങൾ അവന് ഒരു ദിവസം പോലെയാണ്.

11 അതുകൊണ്ട്, അപ്പോസ്തലൻ ഇവിടെ പിന്നിൽ, "ഇനി കാലം ഉണ്ടാകയില്ല", എന്ന് നിങ്ങൾ ഇവിടെ പറഞ്ഞു കേൾക്കുമ്പോൾ, "ഇനി കാലം ഉണ്ടാകയില്ല" എന്ന് അപ്പോസ്തലൻ ഇവിടെ വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. അത് എത്രത്തോളമായിരിക്കുമെന്ന് നിങ്ങൾക്കറിയാമോ? അത് ദൈവത്തിന്, കേവലം ഇന്നലെ എന്നപോലെ, രണ്ട് ദിവസം പോലും ആയിട്ടില്ല.

12 അതുകൊണ്ട്, നോക്കൂ, ഇത് മൂന്നു മിനിറ്റ് ആകുന്നെങ്കിൽ, അവന്റെ വരവിന് മൂന്ന് മിനിറ്റിലും നേരം കുറവാണെങ്കിൽ, നോക്കൂ, അത് പിന്നെ നമുക്ക് ഏകദേശം മുപ്പതു വർഷക്കാലം, അല്ലെങ്കിൽ, ആ ക്രമത്തിലുള്ള എന്തെങ്കിലും ഒന്നായിരിക്കും. ഈ മൂന്ന് മിനിറ്റ് അവന്

എപ്രകാരമാകുന്നു എന്ന കാര്യം നോക്കുക, അവൻ തന്റെ വരവിന് വേണ്ടി, എഴുന്നേറ്റ് കഴിഞ്ഞിരിക്കുന്നു. അതിനാൽ ചിലപ്പോൾ നിങ്ങൾ ഇവിടെ വായിക്കുമ്പോൾ, അവൻ വചനത്തിന്റെ വ്യവസ്ഥയിൽ സംസാരിക്കുന്നതിനാൽ, നോക്കു, അത് നമ്മുടെ വ്യവസ്ഥയ്ക്ക് അനുസരിച്ചല്ല.

13 അങ്ങനെ അവൻ നാളെ രാത്രിയിൽ വരുമെന്ന് ഞാൻ അറിയാൻ ഇടയാകുകയാണെങ്കിൽ, നാളെ രാത്രിയിലേക്ക്, ഞാൻ നാലാം മുദ്രക്കു വേണ്ടി പഠിക്കുകയും അതിന്റെ സന്ദേശത്തെ നാളെ എനിക്ക് നൽകുന്നതിന് വേണ്ടി അപേക്ഷിക്കുകയും ചെയ്യും. അങ്ങനെ ഞാൻ ഇവിടേക്ക് വന്ന് അതേപോലെ തന്നെ, അത് പ്രസംഗിക്കും. കാണുന്നോ? അവൻ വരുന്ന അവസരത്തിലും ഞാൻ ദിവസം തോറും ചെയ്യുന്ന കാര്യങ്ങൾ ചെയ്തുകൊണ്ട് തുടരാൻ ആഗ്രഹിക്കുന്നു. അവൻ വരുമ്പോൾ നമുക്കു നല്കിയിരിക്കുന്ന കർത്തവ്യത്തിന്റെ സ്ഥാനത്ത്, നോക്കു, കർത്തവ്യത്തിന്റെ സ്ഥാനത്ത് തന്നെ നമ്മെ കണ്ടെത്തുന്നതിലും വലിയതായ മറ്റൊരു കാര്യം ഉണ്ടെന്ന് എനിക്കറിയില്ല. അതുകൊണ്ട് നാം അവൻ വരുന്നതുവരെ അതുപോലെ തുടരുക.

14 ചിലപ്പോൾ നാം വായിക്കുമ്പോൾ വെറുതെ വായിച്ച് പോകും, എന്നാൽ, ഇപ്പോൾ, വളരെ ശ്രദ്ധിക്കണം. നിങ്ങൾ വായിക്കുമ്പോൾ, ടേപ്പുകളും കൂടി എടുത്തിട്ട്, അവയെ വളരെ ശ്രദ്ധയോടെ കേൾക്കണം. കാരണം, അതെല്ലാം നിങ്ങൾക്ക് ടേപ്പുകളിൽ കിട്ടിയിരിക്കുകയും അവർ ആ ടേപ്പുകൾ പിന്നിലായി ഓടിച്ച് കേട്ടിരുന്നു, അത് വാസ്തവമായും നല്ലതും സാധാരണവുമാകുന്നു. അതുകൊണ്ട്, നിങ്ങൾക്കത് കൂടുതൽ വ്യക്തമായി മനസ്സിലായിരിക്കും.

15 ഇപ്പോൾ, നിങ്ങൾ എല്ലാവരും ക്രിസ്തുവിനോട് സ്നേഹമുള്ളവരായിട്ട്, ഇന്ന് രാത്രിയിൽ, എല്ലാവരും അവനെ സ്നേഹിക്കുന്നു എന്ന് ഞാൻ ആശിക്കുന്നു.

16 പലപ്പോഴും, എന്താണ് ജനങ്ങളെ ചിന്താക്കുഴപ്പത്തിലാക്കുന്നതെന്ന്, ഞാൻ നിങ്ങളോട് പറയട്ടെ, നിങ്ങൾ നോക്കു, അതായത് യോഗത്തിന്റെ ആദ്യഭാഗം കേൾക്കാൻ കഴിയാതെ, ആരെങ്കിലും കടന്നു വന്നിട്ട് അവർ നിങ്ങളെ ആദ്യഭാഗത്ത് പറയപ്പെട്ട കാര്യങ്ങളെ സൂചിപ്പിക്കുകയും, കട്ടിയായി എടുക്കുകയും ചെയ്തു കഴിയുമ്പോൾ അവർ ആദ്യഭാഗത്ത് എന്താണ് പറഞ്ഞതെന്ന് അറിയാതെ, അവർ അതിനെ വ്യത്യസ്തമായി എടുക്കുന്നു. അപ്പോൾ അത് എല്ലാംകൂടി അവരെ ചിന്താക്കുഴപ്പത്തിലാക്കിയിട്ട്, പിന്നെ എന്താണെന്ന്,

നിങ്ങൾ നോക്കുക. എന്തോ വ്യത്യസ്തമായി പറയപ്പെട്ടിരിക്കുന്നു എന്നവർ കരുതുന്നു, എന്നാൽ—എന്നാൽ അത് അങ്ങനെ ആയിരിക്കുന്നതുമില്ല.

17 അതുകൊണ്ട് നിങ്ങൾക്ക് മനസ്സിലാകാത്ത എന്തെങ്കിലും കാര്യത്തെക്കുറിച്ച് ഒരു ചോദ്യമുണ്ടെങ്കിൽ, അത് ഒരു കടലാസ്സ് തുണ്ടിൽ എഴുതി ശനിയാഴ്ച രാത്രിക്കുള്ളിൽ ഏത് സമയത്തും ഇവിടെ ഏല്പിക്കുക. ഞാൻ ഞായറാഴ്ച രാവിലെ, അത്...എടുക്കാൻ ശ്രമിക്കുന്നതാണ്. അത് ഒരു ചെറിയ ചിന്താക്കുഴപ്പത്തിലാക്കുന്ന ചോദ്യമാണെങ്കിൽ, നിങ്ങൾ ചോദിക്കുകയാണ്, "അതെ, ഇത് എന്താണ് *ഇവിടെ* അർത്ഥമാക്കുന്നത്. എനിക്കത് മനസ്സിലാക്കാൻ കഴിയുന്നില്ല." ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നു. എങ്കിൽ പിന്നെ കർത്താവനുവദിക്കുന്ന പക്ഷം, ഞായറാഴ്ച രാവിലെ, ഞാൻ നിങ്ങൾക്ക് അതിന് ഉത്തരം നൽകാൻ ശ്രമിക്കുന്നതാണ്.

18 ഇപ്പോൾ, ഇന്ന് രാത്രിയിൽ ഈ വാഴ്ത്തപ്പെട്ട വചനത്തിന്റെ 6-ാം അദ്ധ്യായത്തിൽ നിന്നും നാം വീണ്ടും വായിക്കാൻ പോകുകയാണ്. ഇന്ന് രാത്രിയിൽ മൂന്നാം മുദ്രയിൽ നിന്നും നാം തുടങ്ങുന്നതാണ്. അത് അഞ്ചാം വാക്യമാകുന്നു, അഞ്ചും ആറും വാക്യമാകുന്നു.

19 നാളെ രാത്രികൊണ്ട് നാം നാലു കുതിര സവാരിക്കാരെയും എടുക്കണം; വെള്ള കുതിര, ചുവന്ന കുതിര, കറുത്ത കുതിര, തവിട്ടു കുതിര എന്നിവയാകുന്നു.

20 ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. അതായത്, ഓരോ വട്ടവും ഇന്ന് രാവിലെ വരെയും...ഞാൻ വളരെ, വളരെ അതികാലത്തെ സകലരും ഉണരും മുമ്പേ പ്രാർത്ഥനക്കായി പോകുകയും, ദിവസം മുഴുവൻ പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയും ചെയ്യും. എന്നാൽ ഇന്ന് രാവിലെ, അതികാലത്തെ, തന്നെ പരിശുദ്ധാത്മാവ് ഞാൻ ഇരുന്ന സ്ഥലത്ത് കടന്നു വരികയും മറ്റേതൊരു കാര്യത്തെയും പോലെ അത്രയും സാധാരണമായിട്ട്, ഈ മുദ്ര തുറക്കപ്പെടുന്നതു ഞാൻ കണ്ടിരുന്നു, അത് കൃത്യമായും അതുപോലെ തന്നെയാകുന്നു. ഇപ്പോൾ—ഇപ്പോൾ—ഇപ്പോൾ, അവൻ എന്നെ കേൾക്കുന്നു, എന്ന് ഞാൻ അറിയുന്നു. ഞാൻ വളരെ നന്ദിയുള്ളവനാകുന്നു.

21 ഇപ്പോൾ, എന്തോ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള കാര്യം നിങ്ങൾ ഓർത്തുകൊള്ളുക. നിങ്ങൾ അത് ഗ്രഹിക്കുന്നുണ്ട് എന്ന് ഞാൻ ആശിക്കുന്നു, നോക്കൂ, നോക്കൂ, എന്തോ ചില കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒരുവട്ടം ഈ സഭയെ യഥാർത്ഥത്തിൽ ഒരു കാര്യം അത് സംഭവിക്കുന്നതിനു മുമ്പെ യഥാർത്ഥമായി

പിടിച്ചെടുക്കാൻ കഴിയുമോ എന്ന് പരിശോധിച്ചറിയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ഓർത്തുക്കൊള്ളുക, ഞാൻ എന്താണ് നിങ്ങളോട് പറഞ്ഞതെന്ന് ഓർമ്മയിൽ വെച്ചുക്കൊള്ളുക. ഇപ്പോൾ, കർത്താവ് നമ്മെ സഹായിക്കാനിടയാകട്ടെ.

22 ഇപ്പോൾ 5-ാം വാക്യം.

*മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ; വരിക...എന്നു മൂന്നാം ജീവി പറയുന്നത് ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു കറുത്ത കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവൻ ഒരു തുലാസു കയ്യിൽ പിടിച്ചിരിക്കുന്നു.*

*ഒരു പണത്തിന്നു ഒരിടങ്ങഴി കോതമ്പു; ഒരു പണത്തിന്നു മൂന്നിടങ്ങഴി യവം; എന്നാൽ എണ്ണെക്കും വീഞ്ഞിന്നും കേടു വരുത്തരുത് എന്നു നാലു ജീവികളുടെയും നടുവിൽ നിന്നു ഒരു ശബ്ദം ഞാൻ കേട്ടു.*

23 നാം കടന്നു പോയ മുദ്രകളുടെ അടിസ്ഥാനത്തിൽ ഇതിന് ഒരു ചെറിയ പശ്ചാത്തലം നമുക്കിടാം, എന്തുകൊണ്ടെന്നാൽ, സഭാകാലഘട്ടങ്ങളെ പോലെ, തന്നെ നാം ഒരു പശ്ചാത്തലത്തെ കൊടുക്കാൻ ശ്രമിച്ചപ്പോൾ, അവ ഒന്നിന് മേൽ ഒന്നായി ഏറിക്കിടക്കുന്നത് നാം ശ്രദ്ധിച്ചിരുന്നു. യഥാർത്ഥത്തിൽ തിരുവെഴുത്തിൽ സഭാകാലഘട്ടങ്ങൾ ഇപ്രകാരം ഒന്ന് മറ്റൊന്നിന് മേലായി തമ്മിൽ ഏറിക്കിടക്കുന്നു. അതൊരു ഏണി ചവിട്ടികയറുന്നതു പോലെയാകുന്നു, എന്ന് പറയുന്നതാണ് കൂടുതൽ ശരി. അത് ഒന്ന് മറ്റൊന്നിന് മേലെയായിട്ട്; നിങ്ങൾ പടി ചവിട്ടി കയറുമ്പോൾ ഓരോന്നും പിന്നിലായി വിട്ടുപോകുന്നു.

24 ഇപ്പോൾ, ഈ മുദ്രകൾ, ഇത് ഒരു—വീണ്ടെടുപ്പിന്റെ പുസ്തകമായിട്ട്, മുദ്രയിട്ടിരിക്കുന്നു. എല്ലാവരും ഇത് മനസ്സിലാക്കുന്നുണ്ടോ? [പള്ളിയിൽ കൂടിവന്നവർ പറയുന്നു, "ആമേൻ"—Ed.] ഈ പുസ്തകം ഏഴു മുദ്രകളാൽ മുദ്രയിട്ടിരിക്കുന്നു. ഇത് ഏഴു മുദ്രയിട്ട പുസ്തകമാകുന്നു. മനസ്സിലായോ?

25 നാം ഇതിനെ യിരമ്യാ പ്രവാചകന്റെയും മറ്റെല്ലാവരുടെതിൽ നിന്ന് എടുത്തിട്ട്, നിങ്ങൾക്ക് ചിത്രീകരിച്ചു തന്നത് ഓർമ്മയുണ്ടല്ലോ. ഇപ്പോൾ, അവർ, അത് എഴുതിയപ്പോൾ...അവർ *ഇങ്ങനെ* എഴുതി, ഒരു കൈയ്യെഴുത്ത് പ്രതിയിലോ, ഒരു കടലാസിലോ, അത് കടലാസു കഷണം എന്നു പറയുന്നത് ശരിയല്ല, എന്നാൽ അതൊരു തോലായിരുന്നു. [ബ്രദർ ബ്രൺഹാം കടലാസു താളുകൾ ഉപയോഗിച്ച് ചുരുളുകൾ എപ്രകാരമാണ് ചുരുട്ടി മുദ്രയിടപ്പെട്ടിരിക്കുന്നതെന്നു വിശദീകരിച്ചു കാണിക്കുന്നു—Ed.] അങ്ങനെ അവർ *ഇപ്രകാരം*

അതിനെ ചുരുട്ടിയിരുന്നു. ഇപ്പോൾ അത്...അതിന്റെ അവസാനം *ഇപ്രകാരം* അതിനെ വിട്ടിരിക്കുകയും; അത് അവിടെ ഏതു ഭാഗമാണെന്നുള്ളതിനെ കാണിച്ചിരുന്നു. അതിന്റെ അടുത്ത ഭാഗം അതേ രീതിയിൽ തന്നെ എടുത്തിട്ട്, ഇപ്രകാരം അതിനെ ചുരുട്ടി, അതിന്റെ അവസാന ഭാഗം *ഇപ്രകാരം* വിട്ടിരുന്നു. അതിന്റെ ശേഷം, അതിന്റെ അവസാനത്തായിട്ട് അതിനെ *ഇപ്രകാരം* മുറിച്ചിട്ട് മറ്റൊന്നിന് വേണ്ടി വിട്ടിരുന്നു.

26 ശരി, ഇപ്പോൾ അത് ഏഴ്മുദ്രയിട്ട പുസ്തകമാകുന്നു. ഈ അടുത്ത സമയം വരെയും ഒരിക്കലും *ഇതുപോലുള്ള* പുസ്തകങ്ങൾ നമുക്ക് ഉണ്ടായിരുന്നില്ല. പഴയ സമയത്തെ പുസ്തകങ്ങളെല്ലാം ചുരുളുകളായിട്ടായിരുന്നു. അവയെ ചുരുട്ടിവച്ചിരുന്നു. അവർക്ക് ഒരു വിഷയമോ മറ്റെന്തെങ്കിലും...ആവശ്യമെങ്കിൽ അതിപ്രകാരം ഈ ബൈബിൾ ചുരുളായിട്ട് ഉണ്ടായിരിക്കുകയും, നിങ്ങൾ യെശയ്യാവിന്റെ പുസ്തകം വായിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നെങ്കിൽ; നിങ്ങൾ യെശയ്യാവിന്റെ പുസ്തകം, വരെ അതിന്റെ ചുരുൾ *ഇപ്രകാരം* അഴിച്ചിട്ട്, അത് വായിക്കും. അങ്ങനെ ഇതൊരു ഏഴ് മുദ്രയിട്ട വീണ്ടെടുപ്പിന്റെ പുസ്തകമാകുന്നു.

27 അങ്ങനെ ഇപ്പോൾ കുഞ്ഞാട് കടന്ന് വന്ന്, സിംഹാസനത്തിൽ ഇരിക്കുന്നവന്റെ കയ്യിൽ നിന്നും പുസ്തകം വാങ്ങിയിട്ട്, അതിന്റെ മുദ്രകൾ പൊട്ടിക്കുകയും, മുദ്രകൾ അഴിച്ച്...അതിനെ അഴിച്ച്, ജനങ്ങൾക്കായി മുദ്രകൾ അഴിച്ച് കൊടുക്കുന്നു.

28 കൂടാതെ അവിടെ നാലു ജീവികളും ഉണ്ടായിരുന്നു, സഭാകാലഘട്ടങ്ങളെക്കുറിച്ച് നാം പഠിച്ചിരുന്നപ്പോൾ, ഇതെ നാലു ജീവികളെക്കുറിച്ച് നാം എടുത്തിരിക്കുകയും, നിങ്ങൾ അവയെ തിരുവെഴുത്തിൽ കൂടെ കാണുകയും, അവ തന്നെയാണ് ഈ മുദ്രകൾ പൊട്ടിക്കുന്നതിന്റെ പ്രഖ്യാപനം നടത്തുകയും ചെയ്യുന്നത്. ഇപ്പോൾ ഇതൊരു വീണ്ടെടുപ്പിന്റെ പുസ്തകമാണെന്ന് നാം കാണുന്നു.

29 അതിനുശേഷം നാം തിരികെ പോയി ബന്ധുവായ വീണ്ടെടുപ്പുകാരനെ കണ്ടെത്തുകയും, അവനെ എടുത്തിട്ട്, അവന്റെ പ്രവൃത്തി എന്താണെന്ന് കാണുകയും ചെയ്തിരുന്നു. അങ്ങനെ ഈ കാലങ്ങളത്രയും, ബന്ധുവായ വീണ്ടെടുപ്പുകാരന്റെ ജോലി ക്രിസ്തു നിർവഹിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ, ഇത് മനസ്സിലാക്കാൻ കഴിയുന്നവർ എല്ലാം, "ആമേൻ" പറയുക. [പള്ളിയിൽ കൂടിവന്നവർ പറയുന്നു, "ആമേൻ."—Ed.] അവൻ ബന്ധുവായ വീണ്ടെടുപ്പുകാരന്റെ ജോലി തുടർന്നുകൊണ്ടിരിക്കുന്നു.

30 എന്നാൽ വീണ്ടെടുപ്പിന്റെ ജോലി അവസാനിക്കുന്ന ഒരു സമയം വരും. അങ്ങനെ വീണ്ടെടുപ്പിന്റെ ജോലി അവസാനിക്കുമ്പോൾ. അവൻ ഇപ്പോൾ ഇരിക്കുന്ന ദൈവത്തിന്റെ സിംഹാസനത്തെ, വിട്ടുകളയുന്നു. എന്നാൽ അത് അവന്റെ സിംഹാസനമല്ല. "ജയിക്കുന്നവന് ഞാൻ എന്നോട് കൂടെ എന്റെ സിംഹാസനത്തിലിരിപ്പാൻ വരം നല്കും. ഞാനും ജയിച്ച് എന്റെ പിതാവിനോട് കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നത് പോലെ തന്നെ." അത് അവന്റെ സിംഹാസനമല്ല. അത് ആത്മാവാകുന്ന ദൈവത്തിന്, അവകാശപ്പെട്ടതാകുന്നു. അത് ക്രിസ്തുവായ, കുഞ്ഞാടിന്, അവകാശപ്പെട്ടതല്ല. അവൻ ദൈവത്തിന്റെ മനുഷ്യാവതാരമാകുന്നു, നോക്കു; അത് അതേ ദൈവം തന്നെ, ജഡമായി അവതരിച്ചതാകുന്നു. ഇപ്പോൾ, അവൻ സിംഹാസനത്തിൽ നിന്നും എഴുന്നേല്ക്കുന്നു...

31 ആദ്യം, പ്രഖ്യാപനം ഉണ്ടാകുന്നു, "വീണ്ടെടുപ്പിന്റെ ഈ പുസ്തകം ഏറ്റു വാങ്ങാൻ യോഗ്യൻ ആർ ആകുന്നു?" നോക്കു, ഇത് ആദാം തൊട്ട്, അതായത് ആദാമിന്, നഷ്ടമായതെല്ലാം വീണ്ടെടുക്കുന്നതിന്റെ മുഴുവൻ പദ്ധതിയാകുന്നു.

32 ആദാം വരെ യാതൊന്നും നഷ്ടമായിരുന്നില്ല. ആദാമിന് ശേഷം, ഈ ഭൂമിയിൽ സകലവും നഷ്ടമായിപ്പോയി. ഈ ഭൂമിയിലുള്ള സകല സൃഷ്ടിയും നഷ്ടമായി കഴിഞ്ഞിരുന്നു. ആദാമിനോടോപ്പം എല്ലാം വീണുപോകുകയും, ആ പിളർപ്പിന് അപ്പുറത്താകുകയും, ആർക്കും തിരികെ വരാൻ, യാതൊരു മാർഗ്ഗമില്ലാതാകുകയും ചെയ്തു. മനുഷ്യൻ, അവൻ പാപം ചെയ്തപ്പോൾ, അവൻ തന്റെ വഴി വിട്ട്മാറിയിട്ട്, സ്വയം തിരികെ വരാൻ അവന് യാതൊരു മാർഗ്ഗവും ഇല്ലാതാകുകയും ചെയ്തു. പിന്നെ...

33 അങ്ങനെ ഈ ചോദ്യം ചോദിക്കപ്പെട്ടപ്പോൾ; വെളിപ്പാടുകാരനായ യോഹന്നാൻ, അതായത്...പ്രവാചകനായ യോഹന്നാൻ, ദർശനത്തിലായിട്ട് ഇത് കണ്ടിരുന്നു. സ്വർഗ്ഗത്തിലോ, ഭൂമിയിലോ, ഭൂമിക്ക് കീഴെയോ, യാതൊരാൾക്കും, ആ പുസ്തകം ഒന്ന് നോക്കുവാൻ പോലും യോഗ്യത ഉള്ളതായി കണ്ടിരുന്നില്ല. കാണുന്നോ? ഇപ്പോൾ അതൊന്നു ചിന്തിച്ചു നോക്കു! അതിനു ശേഷം കുഞ്ഞാട് മുന്നോട്ട് വന്ന്, പുസ്തകം കയ്യിലെടുക്കുന്നു. യോഹന്നാനോട് ഇനിയും കരയേണ്ടാ എന്ന് ആവശ്യപ്പെടുകയുണ്ടായി. അവൻ പറഞ്ഞു, "യഹൂദ ഗോത്രത്തിലെ സിംഹം ജയം പ്രാപിച്ചിരിക്കുകയും അവന് ഈ പുസ്തകം എടുക്കാനും അത് തുറക്കാനും കഴിയും." അതുകൊണ്ട്, അവൻ ആ സിംഹത്തെ നോക്കുന്നതിനായി തിരിയുകയും, ഒരു കുഞ്ഞാടിനെ കാണുകയും ചെയ്തു. മൂപ്പൻ പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞത്, "ഒരു

സിംഹം ജയം പ്രാപിച്ചിരിക്കുന്നു" എന്നായിരുന്നു. എന്നാൽ അവൻ വന്ന് നോക്കിയപ്പോൾ, സിംഹാസനത്തിൽ നിന്നും ഒരു കുഞ്ഞാട് പുറപ്പെട്ടു വരുന്നതാണ് കണ്ടത്.

34 ഇപ്പോൾ, ഇതിനു മുമ്പ് അവൻ ഒരിക്കലും അതിനെ ശ്രദ്ധിച്ചിരുന്നില്ല. എന്തുകൊണ്ടാണ്? അവൻ അവിടെ പുറകിലായി തന്റെ മദ്ധ്യസ്ഥതയുടെ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു; കാരണം അവൻ ജനങ്ങൾക്ക് വേണ്ടി രക്തം ചിന്തുകയും, ലോകസ്ഥാപനത്തിന് മുമ്പെ കുഞ്ഞാടിന്റെ ജീവന്റെ പുസ്തകത്തിൽ പേരെഴുതിയിട്ടുള്ളവരിൽ അവസാനത്തെ ആത്മാവ് കടന്നു വരുന്നതുവരെ ജനങ്ങൾക്ക് വേണ്ടി മദ്ധ്യസ്ഥത നടത്തുകയും, ചെയ്യുകയായിരുന്നു. അവിടെ വളരെയധികം പേർ ഉണ്ടായിരിക്കും. മറ്റുള്ളവർ കടന്നു വരാൻ പോലും ആഗ്രഹിക്കുകയില്ല; അവർക്ക് കടന്നു വരാനുള്ള ആഗ്രഹം തന്നെ ഉണ്ടായിരിക്കുകയില്ല. അങ്ങനെ, അവസാനത്തെ ആത്മാവ് കടന്നു വന്ന് കഴിയുമ്പോൾ, വീണ്ടെടുപ്പിന്റെ സമയം തീർന്നു കഴിഞ്ഞിരിക്കും.

35 അതിനുശേഷം കുഞ്ഞാട് മുന്നോട്ട് കടന്നു വന്ന് താൻ വീണ്ടെടുത്തത്, എന്തെല്ലാമാണോ അവന്റെ അവകാശത്തെ തന്റെ കയ്യിലെടുക്കും, അത് മൊത്തം സൃഷ്ടിയും ആകുന്നു. ഈ ഭൂമിയും മറ്റുള്ളതുമെല്ലാം അവന് അവകാശപ്പെട്ടതാകുന്നു. കാണുന്നോ? തന്റെ സ്വന്തരക്തത്താൽ അവൻ അത് വീണ്ടെടുത്തു. അങ്ങനെ അവൻ ഈ പുസ്തകം എടുത്ത് തുറക്കുന്നതിന് വേണ്ടി മുന്നോട്ട് വരുമ്പോൾ, എന്താണ്, എന്റെ, അവരായിരുന്നു...യോഹന്നാനെ ഇനിമേൽ കരയേണ്ട. അവൻ നോക്കിയപ്പോൾ, ഈ കുഞ്ഞാട് അറുക്കപ്പെട്ട കുഞ്ഞാടായിരുന്നു. അത് കൊല്ലപ്പെട്ടതായിരുന്നു, എന്നാൽ അത് വീണ്ടും ജീവിച്ചിരുന്നു. അങ്ങനെ നാമിപ്പോൾ ഈ അറുക്കപ്പെട്ട കുഞ്ഞാട് ഒരു രക്തം ചിന്തുന്ന കുഞ്ഞാടായിട്ട്, അതിന്റെ ശരീരം മുഴുവനും രക്തമായിരുന്നു. അത് അറുക്കപ്പെട്ടിരുന്നു. അത് അറുക്കപ്പെട്ടതിനു ശേഷം, അത് വീണ്ടും ഉയിർത്തെഴുന്നേറ്റിരുന്നു, അത് സിംഹാസനത്തിൽ ഇരിക്കുകയായിരുന്നു, അത് പിന്നിലായി സിംഹാസനത്തിൽ ആയിരുകൊണ്ട്, കടന്നു വരാനുള്ള ഓരോ ആത്മാക്കൾക്ക് വേണ്ടിയും *ഇപ്രകാരം*, മദ്ധ്യസ്ഥത നടത്തി കൊണ്ടിരുന്നു എന്ന് പറയാം. അതിനു ശേഷം അവസാനത്തേതും ഇവിടെ വന്നു കഴിയുമ്പോൾ, അത് പൂർത്തിയാകുന്നു, ദൈവം ഇപ്പോഴും വീണ്ടെടുപ്പിന്റെ പുസ്തകം കയ്യിൽ പിടിച്ചിരിക്കുന്നു. കാണുന്നോ? അവൻ ബന്ധുകാരന്റെ പ്രവർത്തി ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു.

36 അത് ബോവസിനെ പോലെ, ബോവസ്...ആ പ്രവൃത്തി നിവൃത്തിയാക്കുന്നതു വരെ രൂത്ത് അവിടെ കാത്തിരുന്നു. ബോവസ് ബന്ധുക്കാരനായിട്ട് വീണ്ടെടുപ്പിന്റെ ജോലി നിവൃത്തിയാക്കിയിരുന്നു എന്ന് ഞാൻ അർത്ഥമാക്കുന്നു. ഞാൻ കുറച്ച് നാളുകൾക്ക് മുമ്പ് അത് പ്രസംഗിച്ചിരുന്നത് നിങ്ങൾ ഓർക്കുന്നോ? രൂത്ത്, വയലിൽ കാലാ പെറുക്കിയിരുന്നതും; അതുപോലെ, രൂത്ത്, എന്തെല്ലാം ചെയ്തിരുന്നോ; അതെല്ലാം, പിന്നെ അവസാനത്തെ കാര്യം, രൂത്ത് ചെയ്തത്, കാത്തിരിക്കുകയായിരിക്കുന്നു. അത് എപ്രകാരം സഭയുമായി താരതമ്യപ്പെടുത്തിയിരുന്നത് നിങ്ങൾ ഓർക്കുന്നുണ്ടോ? അത്, ബോവസ് ബന്ധുക്കാരനായ വീണ്ടെടുപ്പുകാരന്റെ ജോലി നിർവഹിക്കുന്നതിനായി പോയിരുന്നപ്പോഴായിരുന്നു. അവൻ അത് നിവൃത്തിയാക്കുകയും; തന്റെ കാലിൽ നിന്നും ചെരിപ്പൂരി സാക്ഷ്യം നടത്തുകയും നവോമിയെ വീണ്ടെടുക്കുകയും, അതിൽ കൂടി, രൂത്തിനെ പ്രാപിക്കുകയും ചെയ്തു. അങ്ങനെ, ഇപ്പോൾ, രൂത്ത് കാത്തിരിക്കുകയായിരുന്നു, കാരണം അവൾ അദ്ധ്വാനിച്ച് കഴിഞ്ഞിരുന്നു. അവൾ മറ്റുള്ള ഈ കാര്യങ്ങൾ എല്ലാം ചെയ്തിട്ട്, ഇപ്പോൾ കാത്തിരിക്കുകയായിരുന്നു. അങ്ങനെ ഇപ്പോൾ... സഭ കാത്തിരിക്കുകയാകുന്നു, വിശ്രമിക്കുകയാണ് അവൻ തന്റെ ബന്ധുക്കാരനായ വീണ്ടെടുപ്പുകാരൻ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോൾ (അവരിൽ മിക്കവാറും എല്ലാവരും, ഭൂമിയിലെ പൊടിയിലാണ്).

37 ഇപ്പോൾ ലോകം കൂടുതൽ മോശമായ നിലയിൽ പോയ്ക്കൊണ്ടിരിക്കുന്നു. പാപം കുന്നു കൂടികൊണ്ടിരിക്കുന്നു, അതോടൊപ്പം രോഗവും, കുഴപ്പങ്ങളും, മരണവും, ദുഃഖവുമാകുന്നു. ദൈവമില്ലാത്ത പുരുഷന്മാരും ദൈവമില്ലാത്ത സ്ത്രീകളും മരണത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. അർബുദരോഗം അവരെ തിന്നു കളയുകയും, മറ്റെല്ലാമായിട്ട്, അവർക്ക് വേണ്ടത്ര വിശ്വാസത്തെ പ്രാപിച്ചിട്ട് അത് നേടിയെടുക്കാൻ കഴിയാതെ പോകുന്നു.

38 ഇപ്പോൾ ശ്രദ്ധിക്കുക. അങ്ങനെ ഇതെല്ലാം തീർന്നു കഴിയുമ്പോൾ, തന്റെ മദ്ധ്യസ്ഥത...തന്റെ മദ്ധ്യസ്ഥയുടെ ജോലി നിർവഹിച്ച് കഴിയുമ്പോൾ, അവൻ മുന്നോട്ട് കടന്നു വന്ന്, അവന്റെ കയ്യിൽ നിന്നും പുസ്തകം വാങ്ങുന്നു. അപ്പോൾ യോഹന്നാനും, സ്വർഗ്ഗത്തിലെല്ലാവരും, തുടങ്ങുന്നു...യാഗപീഠത്തിനു കീഴിലുള്ള എല്ലാ ആത്മാക്കളും ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങുന്നു. നമുക്ക് അത് ആറാം മുദ്രയിൽ, വീണ്ടും കിട്ടുന്നതാണ്. അവർ എപ്രകാരം ആനന്ദിച്ചിരുന്നു! ഈ മൂപ്പന്മാർ, നിലത്തു വീണ്, വിശുദ്ധന്മാരുടെ പ്രാർത്ഥനയുടെ പൊൻകലശം

ഒഴിക്കുകയും ചെയ്തിരുന്നു. യാഗപീഠത്തിന് കീഴിലുള്ള ആത്മാക്കൾ നിലവിളിച്ചുകൊണ്ട്, "നീ യോഗ്യൻ, എന്തുകൊണ്ടെന്നാൽ നീ ഞങ്ങളെ ദൈവത്തിനായി വീണ്ടെടുത്തു! രാജാക്കന്മാരും പുരോഹിതന്മാരുമായി ജീവിക്കാൻ, ഞങ്ങൾ ഭൂമിയിലേയ്ക്ക് തിരികെ പോകുന്നു," എന്ന് പറഞ്ഞു. ഓ, അവിടെ ഒരു വലിയ മഹത്തായ...

39 അപ്പോൾ യോഹന്നാൻ പറഞ്ഞു, "സ്വർഗ്ഗത്തിലെ സകലരും, ഭൂമിയ്ക്കു കീഴിലുള്ള സകലതും, സർവ്വവും," ഇതിനെക്കുറിച്ച് അവൻ ദൈവത്തെ സ്തുതിക്കുന്നത് കേട്ടു. നിങ്ങൾക്കറിയാമോ, യോഹന്നാൻ തന്റെ പേരും അവിടെ കണ്ടിരിക്കും. വളരെ നേരം!

40 അപ്പോൾ അവൻ പറഞ്ഞു, "വീണ്ടെടുപ്പിന്റെ പുസ്തകം എടുക്കാൻ അവൻ യോഗ്യനാകുന്നു." ഇനിയും അത് ന്യായാധിപന്റെ അധികാരത്തിൽ ആയിരിക്കുകയില്ല. അത് വീണ്ടെടുപ്പുകാരന് അവകാശപ്പെട്ടിരിക്കുന്നു, അവൻ വീണ്ടെടുപ്പിന്റെ ജോലി നിവൃത്തിയാക്കിയിരിക്കുന്നു.

41 ഇപ്പോൾ അവൻ എന്തു ചെയ്യുന്നു തന്റെ സഭയെ കാണിക്കുവാൻ പോകുകയാണ്. ആമേൻ. മനസ്സിലായോ? അതിനു ശേഷം അവൻ അത് എടുക്കുന്നു...എന്നാൽ പുസ്തകം അടയ്ക്കപ്പെട്ടിരിക്കുന്നു. ആർക്കും, ഒരിക്കലും, അത് അറിയില്ലായിരുന്നു. അവിടെ അതൊരു വീണ്ടെടുപ്പിന്റെ പുസ്തകം മാത്രമാണെന്ന് അവർ അറിഞ്ഞിരുന്നു. എന്നാൽ അത് അന്ത്യകാലത്ത് വെളിപ്പെടേണ്ടിയിരിക്കുന്നു. വെളിപ്പാട് 10-ാം അദ്ധ്യായമനുസരിച്ച്, അതിന്റെ സന്ദേശം ഏഴാം ദൂതന് നല്കപ്പെടാൻ പോകുകയാണ്. അത് എന്തുകൊണ്ടെന്നാൽ അതിപ്രകാരം പറയുന്നു. ഏഴാം സഭാകാലത്തിന്റെ കാഹളം ഊതുവാനിരിക്കുന്ന സമയത്ത് അത് ഏഴാം ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്ത് ദൈവത്തിന്റെ സകല മർമ്മങ്ങളും അവന്റെ നാദത്തിൽ വെളിപ്പെട്ടിരിക്കും. അങ്ങനെ അത് വെളിപ്പെടുത്തപ്പെട്ടതിന് ശേഷം ആ ദൂതൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരുന്നു. അത് ക്രിസ്തുവാകുന്നു. ഇപ്പോൾ ഓർക്കുക, ഭൂമിയിലുള്ള ഈ ദൂതൻ, ഒരു സന്ദേശവാഹകനാകുന്നു.

42 ക്രിസ്തു താഴേയ്ക്കിറങ്ങി വരുന്നു, നിങ്ങൾ അവനെ വെളിപ്പാടിന്റെ പത്താം അദ്ധ്യായത്തിൽ കാണുന്നു; ഒരു കാൽ ഭൂമിമേൽ വെയ്ക്കുന്നു, മറ്റേത് സമുദ്രത്തിന്മേലും വച്ചിട്ട്; അവന്റെ തലമേൽ ആകാശവില്ല് ധരിച്ചിരിക്കുന്നു, കണ്ണുകൾ...കാലുകൾ തീ പോലെയും മറ്റെല്ലാമാകുന്നു; തന്റെ കൈ ഉയർത്തി, സിംഹാസനത്തിൽ ഇരിക്കുന്ന, എന്നേക്കും ജീവിച്ചിരിക്കുന്നവനെ ചൊല്ലി, "ഇനി കാലം ഉണ്ടാകുകയില്ല" എന്ന്

ആണയിട്ട് പറഞ്ഞു. അങ്ങനെ അവൻ ആണയിട്ട് പറഞ്ഞപ്പോൾ, ഏഴ് ഇടിയും നാദം മുഴക്കി.

43 അപ്പോൾ എഴുത്തുകാരൻ, അത് യോഹന്നാൻ എടുക്കപ്പെട്ടിട്ട്, താൻ കണ്ടതെ എഴുതുവാൻ ഭാവിച്ചു. അവൻ പറഞ്ഞു, "അത് എഴുതരുത്" എന്തെന്നാൽ..."അത് എഴുതരുത്" അത് ഒരു...അവൻ പറഞ്ഞു, "അത് മുദ്രയിട്ടേക്ക്" അതിൽ എന്താണ്? "മുദ്രയിടുക, അത് പറയരുത്" നോക്കു, അത് വെളിപ്പെടേണ്ടിയിരിക്കുന്നു, എന്നാൽ അത് വചനത്തിൽ എഴുതിയിട്ടുപോലും ഇല്ല.

44 അങ്ങനെ അവൻ മുദ്രകൾ പൊട്ടിക്കാൻ തുടങ്ങിയപ്പോൾ, അതെല്ലാം ആശ്ചര്യമുളവാക്കുന്നതായി നാം കണ്ടിരുന്നു. കാണുന്നോ? അവൻ ഒന്നാം മുദ്ര പൊട്ടിച്ചപ്പോൾ, അവൻ വിചാരിച്ചു, "ഇപ്പോൾ ഇവിടെ അത് പറയാൻ പോകുകയാണ്, '*ഇന്ന-ഇന്നയാൾ* വരും സിംഹാസനം എടുക്കും എന്നിട്ട് *ഇവർ ഇത്* ചെയ്യും *ഇവർ അത്* ചെയ്യും.'"

45 എന്നാൽ അത്, തുറന്നപ്പോൾ, ഒരു വെള്ള കുതിര, അതിന്മേൽ ഒരു സവാരിക്കാരൻ പുറപ്പെട്ടു പോകുന്നത് കണ്ടു. "അവന്റെ കയ്യിൽ ഒരു വില്ലുണ്ടായിരുന്നു; പിന്നീട് അവന് ഒരു കിരീടവും നല്കി" എന്ന് പറഞ്ഞു. അത്രമാത്രം.

46 കുഞ്ഞാട് വീണ്ടും തിരിഞ്ഞിട്ട്, അടുത്ത മുദ്ര പൊട്ടിച്ചു. ഇവിടെ ഒരു കറുത്ത അതൊരു ചുവന്ന-കുതിര സവാരിക്കാരനായിരുന്നു. "അവന് ഒരു വാൾ നല്കപ്പെട്ടു; യുദ്ധത്തിനായും, മനുഷ്യർ അന്യോന്യം കൊല്ലുന്നതിനും, ഭൂമിയിൽ നിന്നും സമാധാനം എടുത്തു കളയുന്നതിനും, അവന് വലിയ അധികാരവും ലഭിച്ചു." അവൻ അതു തുറന്നപ്പോൾ, അത് അപ്പോഴും ഒരു രഹസ്യമായ കാര്യമായിരുന്നു. (അത് ആയിരുന്നില്ലേ?)

47 അതിനു ശേഷം അങ്ങനെ ഓരോന്നായി തുടർന്നിട്ട്, അവൻ പറഞ്ഞു, "ഈ ഏഴു ഇടിനാദങ്ങൾക്കു തൊട്ടു മുമ്പുള്ള ദിവസം, ഇവിടെയുള്ള ഈ മർമ്മങ്ങളെല്ലാം വെളിപ്പെട്ടിരിക്കും."

48 ഇപ്പോൾ ശ്രദ്ധിക്കുക. അതിനുശേഷം നാം ഇത് പഠിച്ചുകൊണ്ടിരിക്കുമ്പോൾ, സഭാകാലഘട്ടങ്ങളിൽ, നമുക്ക് മതപരിഷ്കർത്താക്കൾ ഉണ്ടായിരുന്നു, അത് പ്രവാചകന്മാരായിരുന്നില്ല എന്ന് നാം കണ്ടിരുന്നു. മതപരിഷ്കർത്താക്കൾ! അതിനാൽ ഓരോ ഉദ്യോഗ സ്ഥാനത്തിനും അതിന്റേതായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുണ്ട്.

49 ഉദാഹരണമായിട്ട് അതൊരു ടെലിഫോൺ ഓപ്പറേറ്റ് ചെയ്യുന്ന മനുഷ്യനെപ്പോലെയാണ്, യഥാർത്ഥത്തിൽ അവൻ ഒരു വൈദ്യുത പണിക്കാരനല്ല. അവൻ അത് സംബന്ധമായി കുറച്ചൊക്കെ ജോലി ചെയ്യേന്നിരിക്കാം. അതിപ്രകാരം, ഒരു ലൈൻമാനെപ്പോലെയാണ്. വൈദ്യുതി തൂണിടുന്നതിനു വേണ്ടി കുഴി കുഴിക്കുന്നവനു, ഒരിക്കലും ഒരു ലൈൻമാന്റെ പണി ചെയ്യാൻ കഴിയുകയില്ല. അവൻ അതിൽ നിന്നും മാറി നിൽക്കുന്നതാണ് ഏറ്റവും നല്ലത്; ഒരുപക്ഷേ എന്തെങ്കിലും അറ്റകുറ്റപണിയോ മറ്റെന്തെങ്കിലും ചെറിയ രീതിയിൽ ചെയ്യേന്ന് വരാം.

50 എന്നാൽ അന്ത്യകാലത്ത്, സഭാകാലഘട്ടത്തിന്റെ അവസാന ഭാഗത്ത് യഥാർത്ഥമായി ഈ കാര്യങ്ങൾ വെളിപ്പെടേണ്ടതായ ആ സമയത്ത്, തിരുവെഴുത്ത് പ്രകാരം ദൈവം നമുക്ക് അവനെ അയയ്ക്കും എന്ന് പറഞ്ഞിരുന്നത്. ഏതോ ഒരു വ്യക്തിയിൽ ഏലിയാവിന്റെ ആത്മാവ് വീണ്ടും തിരികെ വരുമെന്ന് മുൻകൂട്ടി പറയപ്പെട്ടിരിക്കുകയും നാം അതിനെ ബേബിളിൽ കൂടി വ്യക്തമായി തിരഞ്ഞു കണ്ടിട്ട് അത് വളരെ വ്യക്തമായിരിക്കുന്നു എന്ന് ഞാൻ ഇപ്പോൾ കരുതുന്നു. അത് സംഭവിക്കുന്നതിനു വേണ്ടി നാം കാത്തിരിക്കുകയും എവിടെയോ ഒരു അഭിഷിക്തനായ വ്യക്തി ഈ അന്ത്യകാലത്ത് എഴുന്നേൽക്കും. ഇപ്പോൾ നിങ്ങൾ വളരെയധികം മതഭ്രാന്തന്മാരായ മനുഷ്യരെക്കുറിച്ച് കേൾക്കും. അത് യഥാർത്ഥമായ അഭിഷേകം പ്രാപിച്ചവൻ ഇവിടെ എത്തുമ്പോൾ അവനിൽ നിന്നു ജനങ്ങളെ വഴി തെറ്റിച്ച് കളയുന്നതിനുള്ള പിശാചിന്റെ പ്രവൃത്തികളാണ്. എന്നാൽ അത് ശരിയായ വിധത്തിൽ തിരിച്ചറിയപ്പെട്ടിരിക്കും. ഏലിയാവ് എന്തായിരുന്നുവെന്ന് നിങ്ങൾക്കറിയാം. അത് ശ്രദ്ധിച്ചുകൊള്ളുക. നിങ്ങൾ അത് മനസ്സിലാക്കുന്നതിനിടയാകും. പിന്നീട് അവൻ... ഇപ്പോൾ, തിരഞ്ഞെടുക്കപ്പെട്ടവർ അവനെ അറിയും.

51 മറ്റുള്ളവർക്ക് അത് കഴിയില്ല; തീർച്ചയായും അവർക്ക് അത് സാധ്യമല്ല. അവർ ദശലക്ഷം മൈലുകൾക്ക് അപ്പുറത്ത് അവനെ വിട്ടുപോകും. നാം അതിൽ കൂടെയെല്ലാം കടന്നിട്ട് അവർ എപ്രകാരം യോഹന്നാനെ അറിയാതെ വിട്ടുപോയതും അവർ എപ്രകാരം ഏലിയാവിനെ അറിയാതെ വിട്ടുപോയതും അവർ യേശുവിനെ അറിയാതെ വിട്ടുപോയതും എങ്ങനെ അവരെയെല്ലാം അറിയാതെ വിട്ടുപോയിരുന്നത് എന്നു കണ്ടിരുന്നു. അവർ അതേകാര്യം തന്നെ ചെയ്യും, കാരണം ബൈബിൾ അവർ അത് ചെയ്യുമെന്ന് പറയുന്നു. മനസ്സിലായോ? അതുകൊണ്ട് ആ സമയത്ത് അത് വളരെ എളിമയിലായിരിക്കും. അത് വളരെ സാധാരണമായിരിക്കും.

അത് ജനങ്ങളെ അതിൽ നിന്നും തെറ്റി ഒഴിയുന്നതിനിടയാക്കും. അത് അവർക്ക് അത്രമാത്രം ലഘുവായ കാര്യമായിരിക്കും. അത് അപ്രകാരം ആകുന്നു എന്ന് ജനങ്ങൾ മിടുക്കരും വിദ്യാഭ്യാസമുള്ളവരും ആയിട്ട് അനേകം കാര്യങ്ങൾ അറിയാമെന്നുള്ളവരുമാകുമ്പോൾ നാം കാണുന്നു. നിങ്ങൾക്കറിയാമോ അപ്രകാരമുള്ളവരാണ് ഇത് അറിയാതെ തെറ്റി ഒഴിഞ്ഞു പോകുന്നത്. കാണുന്നോ?

52 യേശു അത്തരത്തിലുള്ള ആളുകളെ തന്റെ ശിഷ്യന്മാരായിരിക്കാൻ ഒരിക്കലും എടുത്തിരുന്നില്ല. അവൻ പഠിപ്പില്ലാത്തവരെയും മീൻ പിടിത്തക്കാരെയും എടുക്കുകയും അവരിൽ ആർക്കും അവരുടെ സഭയോടൊ അതുപോലെയുള്ള കാര്യങ്ങളോടോ ബന്ധനവുമില്ലായിരുന്നു. അവൻ സാധാരണക്കാരായ മനുഷ്യരെയും നികുതി പിരിവുകാരെയും കൃഷിക്കാരെയും മീൻ പിടിത്തക്കാരെയും അങ്ങനെയുള്ളവരെയും തന്റെ ജോലി ചെയ്യുന്നതിനായി എടുത്തിരുന്നു. എന്തുകൊണ്ടെന്നാൽ അവർ യാതൊന്നുമല്ല എന്നവർ അറിഞ്ഞിരുന്നിട്ട് അവനിൽ നിന്നും എന്തെങ്കിലും ഉണ്ടാക്കുവാൻ അവന് കഴിഞ്ഞിരുന്നു. അവർ യാതൊന്നുമല്ലെന്ന് അവർ അറിഞ്ഞിരുന്നിടത്തോളം ദൈവത്തിന് അവരിൽ പ്രവൃത്തിക്കാൻ കഴിഞ്ഞിരുന്നു.

53 എന്നാൽ ഞങ്ങൾക്കും കുറേയൊക്കെ അറിയാമെന്ന് അവർ ചിന്തിക്കാൻ തുടങ്ങുമ്പോൾ, "പിന്നെ നിങ്ങൾ അറിയേണ്ട കാര്യങ്ങൾ കൂടി നിങ്ങൾ അറിയാത്തവരാകുന്നു," എന്ന് ബൈബിൾ പറയുന്നു. അങ്ങനെ നാം—നാം ഈ കാര്യങ്ങളെ അറിയുന്നു.

54 അങ്ങനെ ഈ രഹസ്യങ്ങളെല്ലാം വെളിപ്പെടേണ്ടതാണെന്ന് നാം ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു.

55 അതുപോലെ നീതികരണവും വിശുദ്ധീകരണവും കൊണ്ടു വന്ന വെസ്ലിയും ലൂഥറും കൂടാതെ പെന്തെക്കോസ്തു കാലഘട്ടത്തിൽ പരിശുദ്ധാത്മാഭിഷേകവും അതുപോലെയുള്ള കാര്യങ്ങളും കൊണ്ടുവന്ന ഈ മഹാന്മാരായ മതപരിഷ്കർത്താക്കൾക്കും എന്തുകൊണ്ട് ഈ സന്ദേശങ്ങളെ ഗ്രഹിക്കാൻ കഴിഞ്ഞില്ല. എന്തുകൊണ്ട് അവർക്ക് ഇത് മനസ്സിലാക്കാൻ കഴിഞ്ഞില്ല? എന്തുകൊണ്ടെന്നാൽ അവർ മതപരിഷ്കർത്താക്കൾ ആയിരുന്നു.

56 നാം ഈ കാര്യത്തെ മറ്റേവശത്തേക്ക് എടുത്തുകൊണ്ട് പോയി നോക്കിയാൽ അവിടെ "അവർക്ക് രാജാക്കന്മാരെപ്പോലെ അധികാരം ലഭിക്കും താനും, എന്നാൽ അവർ രാജാക്കന്മാർ ആയിരുന്നില്ല" എന്ന് പറഞ്ഞിരിക്കുന്നതു പോലെയാണ്. കാണുന്നോ? മനസ്സിലായോ? ഏതൊരു കാര്യത്തിനും

വേദപുസ്തകത്തിന്റെ ഉചിതമായ പദപ്രയോഗത്തെ ശ്രദ്ധിക്കേണ്ടതാവശ്യമാകുന്നു. കാണുന്നോ? ഇപ്പോൾ ശ്രദ്ധിക്കുക. നീതികരണത്തിന്റെ നിഗൂഢമായ ഭാഗത്തെക്കുറിച്ചും വിശുദ്ധീകരണത്തിന്റെ നിഗൂഢമായ ഭാഗത്തെക്കുറിച്ചും പരിശുദ്ധാത്മാഭിഷേകത്തിന്റെ നിഗൂഢമായ ഭാഗത്തെക്കുറിച്ചും യാതൊന്നും വ്യക്തമല്ലാതെ വ്യതിചലിച്ച് കിടക്കുന്നതിന്റെ എല്ലാ കാരണം ഇതായിരുന്നു. അതുപോലെ ഹവ്വ തിന്നത് ആപ്പിൾ ആയിരുന്നോ അതോ മാതളപ്പഴമായിരുന്നോ അതോ മറ്റെന്തെങ്കിലും ആയിരുന്നോ? കാണുന്നോ? സർപ്പത്തിന്റെ സന്തതി എന്തായിരുന്നു? ജലസ്നാനം പിതാവു പുത്രൻ പരിശുദ്ധാത്മാവിന്റെ നാമത്തിലോ അതോ കർത്താവായ “യേശുവിന്റെ നാമത്തിലാണോ,” ശരി? അതുപോലെയുള്ള നൂറോളം കാര്യങ്ങൾ വ്യക്തമല്ലാതെ അയഞ്ഞു കിടന്നിരുന്നു. കാണുന്നോ?

57 അതിനു ശേഷം ഈ അവസാന നാഴികയിൽ, ഈ വ്യക്തി കടന്നു വന്ന്, തിരുവചനങ്ങളെ എടുത്തുകൊണ്ട് ഈ കാര്യങ്ങളെ വെളിപ്പെടുത്തേണ്ടിയിരിക്കുന്നു, നോക്കൂ, അത് യഥാർത്ഥ രീതിയിൽ തിരിച്ചറിയപ്പെട്ടിരിക്കും. ശ്രദ്ധിക്കൂ, അതെ ശ്രീമാൻ. ഇപ്പോൾ ഇതൊരു മഹത്തായ വലിയ കാര്യമായിരിക്കില്ല. ബൈബിളിൽ ഇവിടെ ഇതൊരു മഹത്തായ വലിയ കാര്യമായി കാണപ്പെടുന്നു.

58 യോഹന്നാൻ സ്നാനം കഴിപ്പിക്കാൻ വരുന്നു എന്നുള്ളത് എത്ര വലിയ കാര്യമായിട്ടാണ് പറയപ്പെട്ടിരിക്കുന്നത്! ഇപ്പോൾ ഇതൊന്നു ചിന്തിച്ചു നോക്കുക. അവൻ എപ്പോൾ വരുമെന്ന് പഴയ നിയമത്തിൽ പ്രവാചകന്മാരും യെശയ്യാവും മലാഖിയും ബാക്കിയുള്ളവരെല്ലാം പ്രവചിച്ചിരുന്നു. എന്നാൽ അവൻ വന്നപ്പോൾ ഒറ്റപ്പെട്ട് വിദ്യാഭ്യാസമില്ലാത്ത ഒരു കിഴവനായി മുഖത്ത് മുഴുവൻ നീണ്ട മീശരോമങ്ങളോട് കൂടിയും, ജഡ പിടിച്ച് പുഴപോലെ നീണ്ട ചുരുണ്ട മുടിയോടും ആട്ടിൻ തോലിന്റെ ഒരു വലിയ തുണ്ടുകഷണം തന്റെമേൽ ചുറ്റിയ ഒരു മനുഷ്യനായി വന്നിരുന്നു. നമുക്ക് അറിയാവുന്നിടത്തോളം യാതൊരു വിദ്യാഭ്യാസവുമില്ലായിരുന്നു. തന്റെ ജീവിതത്തിൽ ഒരു ദിവസം പോലും പാഠശാലയിൽ പോയിട്ടില്ലാത്തവനായിരുന്നു. കാണുന്നോ? ഇവിടെ ഇതാ അവൻ മരുഭൂമിയിൽ നിന്നു കടന്നു വരികയും ആരും അവനെ പ്രസംഗപീഠത്തിലേക്ക് സ്വാഗതം പോലും ചെയ്യാതെ അവൻ യോർദ്ദാൻ നദിയുടെ തീരത്ത് നിന്ന് കൊണ്ട് ജനങ്ങളെ മാനസാന്തരത്തിനായി വിളിച്ച് ആഹ്വാനം ചെയ്യാൻ തുടങ്ങി. നിങ്ങൾക്കതൊന്ന് ചിന്തിക്കാമോ!

59 ബൈബിൾ പറയുന്നു അതായത് ആ നാളിൽ എല്ലാകാര്യങ്ങളും അത്രയും മഹത്തായതായിട്ട് എല്ലാ താഴ്വരകളും നികന്നും എല്ലാ മലയും കുന്നും താണും വരേണം. അതെ ശ്രീമാൻ. എല്ലാ ദുർഘടങ്ങളും സമമായി തീരേണം എന്ന് എഴുതിയിരുന്നു.

60 എനിക്ക് ചിന്തിക്കാൻ കഴിയും ഈ യോഹന്നാൻ വരുമ്പോൾ മഹാനായ ക്രിസ്തുവിന്റെ ഈ മുൻഗാമി വരുമ്പോൾ അവൻ വരുമ്പോൾ അവൻ മരുഭൂമിയെ നിരപ്പാക്കി വീണ്ടും അവിടെ പുല്ലുമുളപ്പിക്കും എന്ന് അവർ വിചാരിച്ചിരുന്നു. ഓ അന്നും അവർ ഇന്നത്തെ പോലെ എല്ലാകാര്യങ്ങളും എങ്ങനെയൊക്കെ സംഭവിക്കുമെന്ന് കരുതി കൂട്ടിയിരുന്നു.

61 എന്നാൽ അത് അത്രയും എളിമയിലായിട്ട് അപ്പോസ്തലന്മാർ പോലും അത് മനസ്സിലാക്കാതെ പോയി. അവർ ചോദിച്ചു നീ ഇപ്പോൾ ബലിയാകാൻ പോകുന്നല്ലോ, കാണുന്നോ? എന്നാൽ ഏലിയാവ് ആദ്യം വരേണ്ടതാണെന്ന് തിരുവെഴുത്ത് പറയുന്നത് എന്തുകൊണ്ടാണ്?

62 അവൻ പറഞ്ഞു, "അവൻ വന്നു കഴിയുന്നു നിങ്ങൾ അവനെ അറിഞ്ഞില്ല. മനുഷ്യ പുത്രനോടും അവർ അതേ കാര്യം തന്നെ ചെയ്യും. എന്നാൽ, യോഹന്നാൻ, നിറവേറ്റുമെന്ന് പറഞ്ഞിരുന്ന കാര്യങ്ങൾ അവൻ ചെയ്തു. അതുപോലെ അവർ അവനോട് എന്തുചെയ്യുമെന്ന് പറഞ്ഞിരുന്നോ അവർ അത് ചെയ്തു. മനുഷ്യപുത്രനും അതുപോലെ കഷ്ടം സഹിക്കേണ്ടതുണ്ട്."

63 എന്തുകൊണ്ട് യഹൂദ വംശത്തിന്റെ മൂന്നിൽ ഒരു ഭാഗം പോലും യേശുക്രിസ്തു ഈ ഭൂമിയിലായിരുന്ന വിവരം അറിഞ്ഞിരുന്നില്ല എന്ന് ഞാൻ ഊഹിക്കുകയാണ്. അവിടെ എവിടെയോ ഒരു മതഭ്രാന്തനായ വ്യക്തി എത്തിയിട്ടുണ്ടായിരുന്നു എന്ന് ഞാൻ കേട്ടിരുന്നു. പക്ഷേ അതിനു യാതൊരു ശ്രദ്ധയും കൊടുക്കാതെ അവർ മുന്നോട്ട് പോയിരുന്നു. അവൻ സ്വന്തത്തിലേക്ക് വന്നു. സ്വന്തമായവരോ അവനെ കൈകൊണ്ടില്ല. ഇപ്പോൾ, അവിടെയാണ് ഞാൻ ഇത് വിശ്വസിക്കുന്നത്. അവൻ രഹസ്യമായി വരുമെന്ന് അവിടെ പറയുന്നില്ല.

64 എന്നാൽ മേഘങ്ങളിലേക്കുള്ള എടുക്കപ്പെടൽ ഒരു രഹസ്യമായിരിക്കും. അങ്ങനെ വന്നപ്പോൾ അത് അത്രയും രഹസ്യമായിരുന്നു എങ്കിൽ മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടൽ അതിലും എത്രയോ അധികം രഹസ്യമായിരിക്കും! കാണുന്നോ? അവർ അത് അറിയുകയില്ല. അവർ നേരിട്ട് തന്നെ പറയും, നമുക്ക് ഒരു മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടൽ ഉണ്ടായിരിക്കും എന്ന് ഞാൻ

കരുതി. അതുമല്ല ഈ ഭൂമിയിൽ ന്യായവിധിയുടെ ഈ കാര്യങ്ങളും ഉണ്ടായിരിക്കുന്നല്ലോ?

65 അവൻ പറയും, "അത് സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങൾ അത് അറിഞ്ഞില്ല. നോക്കു അത് അപ്രകാരമായിട്ട് രാത്രിയിൽ ഒരു കള്ളൻ വരുന്നത് പോലെയായിരിക്കും.

66 ഒരിക്കൽ, ഞാൻ വായിച്ചിരുന്ന പുസ്തകത്തിലെ ഒരു—ഒരു കഥ പോലെയാണ് ഇത്. എന്താണ് അതിന് പേരു വിളിച്ചിരുന്നത്? *റോമിയോയും ജൂലിയറ്റും* എന്നായിരുന്നോ അതോ മറ്റെന്തോ പേരായിരുന്നോ? അവൻ എങ്ങനെയോ വീടിന്റെ ഒരു വശത്ത് ഏണി വച്ച് കയറി വളരെ മുമ്പ് ഞാൻ വായിച്ചിരുന്നതാണ്. അങ്ങനെ വീട്ടിൽ കയറി ചെന്ന് രാത്രിയിൽ അവളെ പുറത്തെടുത്തു കൊണ്ട് വന്നു.

67 ഇപ്പോൾ അപ്രകാരം തന്നെ അത് സംഭവിക്കുകയും അവർ പോയി കഴിഞ്ഞിരിക്കുകയും ചെയ്യും. അത് ഒരു കൂട്ടം മാലാഖമാരെ, മൺവെട്ടികളുമായി താഴേക്ക് അയച്ചു ശവകുടീരങ്ങൾ തോണ്ടി അവരെ എടുത്തുകൊണ്ട് പോകുന്നതല്ല. ബൈബിൾ പറയുന്നു, "കണ്ണിമയ്ക്കുന്നതിനിടയിൽ നാമെല്ലാവരും രൂപാന്തരപ്പെടും." വെറും ഒരു കണ്ണിമക്കുള്ളിൽ, അത് അത്ര വേഗത്തിലായിരിക്കും.

ആരോ "അപ്രത്യക്ഷമായിരിക്കുന്നു" എന്നവർ പറയും.

68 ഇന്ന് നാം ലോകത്തെമ്പാടും ഒരന്വേഷണം നടത്തുകയാണെങ്കിൽ അഞ്ഞൂറ് പേരെങ്കിലും ഈ ഭൂമിയിൽ നിന്നും ഓരോ ദിവസവും അപ്രത്യക്ഷരാകുന്നുണ്ട് എന്ന് ഞാൻ കരുതുന്നു, നോക്കു, അവർക്ക് അതിനെക്കുറിച്ച് യാതൊന്നും അറിയില്ല. അവർ അപ്രത്യക്ഷരായി എന്ന് മാത്രം അറിയുന്നു.

ശരി, മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടലിലും വളരെയധികം ആളുകൾ ഉണ്ടായിരിക്കില്ല.

69 ഇപ്പോൾ ഞാൻ നിങ്ങളെ ഭയപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. കൂടാതെ അത് ഇപ്രകാരം ആയിരിക്കുമെന്ന് ഞാൻ—ഞാൻ—ഞാൻ—ഞാൻ കരുതുന്നില്ല. എന്നാൽ അവൻ പറഞ്ഞിരിക്കുന്നത് നിങ്ങളോട് പറയാൻ മാത്രം ആഗ്രഹിക്കുന്നു. നിങ്ങൾ സ്വയമായി തന്നെ അത് അറിയുന്നു. "നോഹയുടെ കാലത്ത് എട്ടുപേർ മാത്രം വെള്ളത്തിൽ കൂടി രക്ഷ പ്രാപിച്ചു. ഈ ലോകത്തിൽ നിന്നും എട്ടുപേർ മാത്രമാണ് വെള്ളത്തിൽ കൂടി രക്ഷ പ്രാപിച്ചത്."

70 എങ്കിൽ, നിങ്ങൾ പറയുമായിരിക്കും, "ഓ, എന്റെ! ഇങ്ങനെയാണെങ്കിൽ ഞാൻ ശ്രമിച്ചിട്ട് യാതൊരു കാര്യവുമില്ല.

അത് നിങ്ങൾക്ക് ആവശ്യമായ വിശ്വാസം നിങ്ങൾക്ക് ഇല്ലെന്ന് കാണിക്കുന്നു.”

71 ഒരാളെങ്കിലും എടുത്തുകൊള്ളപ്പെട്ടുമെങ്കിൽ, അത് ഞാനായിരിക്കും, ആമേൻ, കാരണം ഞാൻ വിശ്വസിക്കുന്നു. കാണുന്നോ? അപ്രകാരമാണ് നിങ്ങൾ ഇത് വിശ്വസിക്കേണ്ടത്. നോക്കു, അത് “ഞാനായിരിക്കും.” തീർച്ചയായും, ഞാൻ അവനോട് അത്രയും അടുത്ത് ജീവിക്കാൻ ആഗ്രഹിച്ചിട്ട് അവൻ വരുമ്പോൾ അവൻ എന്നെ അവനോടൊപ്പം എടുത്തുകൊള്ളുമെന്ന് ഞാൻ അറിയുന്നു. ഞാൻ അത് വിശ്വസിക്കുന്നു. അത് ശരിയാണ്. അതുകൊണ്ട്...മറ്റെല്ലാവരും അത് വിട്ടുപോയാലും, അവന്റെ കൃപയാൽ ഞാൻ അവിടെ ഉണ്ടായിരിക്കും. എന്തുകൊണ്ടെന്നാൽ അവൻ എനിക്കത് വാഗ്ദത്തം ചെയ്തിരിക്കുകയും ഞാൻ—ഞാൻ അവിടെ ഉണ്ടായിരിക്കുകയും ചെയ്യും എന്ന് ഞാൻ അറിയുന്നു. കാരണം അവന് കള്ളം പറയാൻ കഴിയുകയില്ല. അത് കൂടാതെ എന്റെ ആത്മാവും ജീവനും അതിനു സാക്ഷ്യം വഹിക്കുന്നു എന്ന് ഞാൻ അറിയുകയും ഞാൻ ദിവസം തോറും അവൻ വരുമെന്നുള്ള പ്രതീക്ഷയിൽ ജീവിക്കാൻ ശ്രമിക്കുകയും ചെയ്തിട്ട് ഞാൻ ആയിരിക്കും ആ ഒരാളെന്ന് ഞാൻ അറിയുന്നു. അപ്രകാരമാണ് നിങ്ങൾ അത് ചിന്തിക്കേണ്ട ആവശ്യമായിരിക്കുന്നത്. “എട്ടുപേർ മാത്രമാണ് എടുക്കപ്പെടാൻ പോകുന്നതെങ്കിൽ ആ എട്ട് പേരിൽ ഒരുവൻ ഞാൻ ആയിരിക്കും. അഞ്ഞൂറ് പേരാണ് എടുക്കപ്പെടാൻ പോകുന്നതെങ്കിൽ ആ അഞ്ഞൂറിൽ ഒരാൾ ഞാനായിരിക്കും. മറ്റെ വ്യക്തി ആരാണെന്ന് എനിക്ക് അറിയില്ല. എന്നാൽ ആ അഞ്ഞൂറു പേരിൽ ഒരുവൻ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നോക്കു അപ്രകാരമാണ് നിങ്ങൾ അത് ഓർത്തിരിക്കേണ്ടത്.” കാണുന്നോ?

72 അപ്രകാരം നിങ്ങൾക്കിത് ഓർത്തിരിക്കാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങളുടെ വിശ്വാസത്തിൽ എന്തോ കുഴപ്പമുണ്ട്. കാണുന്നോ? എങ്കിൽ നിങ്ങൾ രക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്ന് തന്നെ നിങ്ങൾക്കിതുവരെ തീർച്ചയില്ല. നിങ്ങൾ അതിനെക്കുറിച്ച് ഊഹിക്കുക മാത്രമാണ് ചെയ്യുന്നത്. അങ്ങനെ ഒരിക്കലും ചെയ്യരുത്. ശരി.

73 നമുക്ക് ഈ മുദ്രയിലേക്ക് ഇതുവരെ കടക്കാൻ കഴിഞ്ഞിട്ടില്ല. ശരിയല്ലേ? ശരി. ഞാൻ ഓരോ രാത്രിയിലും ആഗ്രഹിക്കുന്നത്... ഞാൻ നിങ്ങളുടെ സമയം അധികമായി എടുക്കുന്നത് നിങ്ങൾ കാര്യമാക്കുന്നുണ്ടോ എന്ന് എനിക്കറിയില്ല. നമുക്ക് കുറച്ചുകൂടി നേരത്തെ പോകാൻ കഴിയുന്നതാണ്.

74 ഈ മുദ്രകളുടെ, വെളിപ്പെടുത്തലിൽ, ഓർക്കുക, യഥാർത്ഥത്തിൽ അത് ഒരു വാക്യം മാത്രമാകുന്നു. ആദ്യമായിട്ട് അതിന്റെ ആഗമനത്തെ കുറിച്ച് അറിയിക്കുന്നു. അത് രണ്ടാം വാക്യമാകുന്നു. ഞാൻ വായിച്ചിട്ടുള്ള മറ്റുള്ളവരുടെ എല്ലാ നിരൂപണങ്ങളും അതുപോലെയുള്ള എല്ലാ കാര്യങ്ങളും അല്ലെങ്കിൽ അവരുടെ ചിന്തകളും മറ്റും വായിച്ചിട്ട് ആദ്യത്തെ കുതിര സവാരിക്കാരൻ ആദ്യകാല സഭയാണെന്ന് മറ്റുള്ളവരെല്ലാം വിശ്വസിച്ചിരുന്നത് പോലെ തന്നെ ഞാനും എല്ലായ്പ്പോഴും വിശ്വസിച്ചിരുന്നു. എന്നാൽ പരിശുദ്ധാത്മാവ് എനിക്ക് വെളിപ്പെടുത്തിയപ്പോൾ, അത് ആ ധാരണയ്ക്ക് പരിപൂർണ്ണമായും വിരുദ്ധമായിരുന്നു. അതുകൊണ്ട് എല്ലായ്പ്പോഴും അത് എന്താകുന്നു എന്ന് കാണിച്ചു തരുന്നു. അതിനുശേഷം ഞാൻ ശ്രമിച്ചു...

75 ഇപ്പോൾ ഇത് എന്നെ സംബന്ധിച്ചിടത്തോളം വളരെ ദൈവീകമായ ഒരു കാര്യമാകുന്നു. ആ കാരണത്താലാണ് ഞാൻ ഈ ചോദ്യങ്ങൾക്ക് മറുപടി തരുന്നത്. നാം അതിപ്പോൾ എടുത്തിട്ട് എല്ലാവരും നേരെയായും കൂടാതെ ടേപ്പിൽ കൂടെയും ഇപ്പോൾ അത് ഗ്രഹിക്കാൻ കഴിയും. കാണുന്നോ? ഞാൻ കുറച്ചു നേരം ജനങ്ങൾക്ക് അതിനൊരു പശ്ചാത്തലം ലഭിക്കുന്നതിനു വേണ്ടി സംസാരിക്കുവാൻ രാത്രിയിൽ ശ്രമിച്ചിരുന്നു...

76 തള്ളുകയും തിരക്കുകയും ചെയ്തിരുന്നു, നിങ്ങൾ അത് ചെയ്യരുത്. കാണുന്നോ? അങ്ങനെ നാം ചെയ്യുമ്പോൾ അത് മാനുഷികമാണ്. ഇവിടെ അകത്ത് ചൂടായിട്ട് നിങ്ങളും അസ്വസ്ഥരാകുന്നു.

77 എന്നാൽ നിങ്ങൾ വളരെ വളരെ നല്ലവരാകുന്നു. നിങ്ങൾ ഈ കൂടാരത്തിൽ ഞാൻ കണ്ടിട്ടുള്ളതിലും വച്ച് ഏറ്റവും നന്നായി പെരുമാറുന്ന ജനങ്ങളായിട്ട് ഈ യോഗങ്ങളിൽ നിങ്ങൾ ശാന്തരായി ഇരിക്കുകയും അമ്മമാർ അവരുടെ കുഞ്ഞുങ്ങൾ കരയുമ്പോൾ ശിശുസംരക്ഷണ മുറിയിലേക്ക് എടുത്തുകൊണ്ട് പോകുകയും ചെയ്യുന്നതും കാണുന്നു. അങ്ങനെ എല്ലാ കാര്യങ്ങളും വളരെ നന്നായിരിക്കുന്നു.

78 എന്നാൽ പരിശുദ്ധാത്മാവിന്റെ അഭിഷേകം എന്റെ മേൽ അനുഭവപ്പെടും വരെ, ഞാൻ അതിനായി ഒരു പശ്ചാത്തലം ഉണ്ടാക്കാൻ ശ്രമിച്ച്, ഈ വാക്കുകളെ പറഞ്ഞുകൊണ്ട്, എനിക്ക് എന്താണ് വെളിപ്പെടുത്തിയത് എന്നു പറയുകയാണ്. അതിനുശേഷം, ഞാൻ അതുചെയ്യുമ്പോൾ, ഞാൻ എവിടെയെങ്കിലും ഒരു തെറ്റു വരുത്തിയാൽ, ഇവിടെ എല്ലാവരുടെയും മുന്നിൽ വെച്ചു അവൻ എനിക്കായി അതിനെ തീർച്ചയായും തിരുത്തും. ഞാൻ അത്—

അത് ആഗ്രഹിക്കുന്നു. അത്—അത്...ഞാൻ അത് ശരിയായിട്ട് തന്നെ ആഗ്രഹിക്കുന്നു. നിങ്ങൾ സങ്കൽപ്പിക്കുന്നത് അതു തന്നെ എടുക്കണമെന്ന് യാതൊരു ആവശ്യവുമില്ല. ശരിയായിട്ടുള്ള ഒന്നുണ്ട്, അത് നാം ആഗ്രഹിക്കുന്നു. ദൈവം നമുക്ക് ശരിയായിട്ടുള്ളത് നല്കാൻ നാം ആഗ്രഹിക്കുന്നു.

79 ഇപ്പോൾ നാം ഈ കുതിര സവാരിക്കാരെ, അത് കടന്നു വരുന്നതിന് അനുസരിച്ച് എടുത്തിരിക്കുന്നു. ആദ്യത്തെ കുതിര സവാരിക്കാരൻ എതിർക്രിസ്തുവായി കടന്നു പോയിരിക്കുന്നു എന്നുള്ള കാര്യങ്ങൾ നാം മനസ്സിലാക്കി. അതിനു ശേഷം കഴിഞ്ഞ രാത്രിയിൽ എതിർക്രിസ്തുവായി വെള്ളക്കുതിരമേൽ കയറി പോയ അതേ വ്യക്തി തന്നെ ഒരു വാളുമായി ജനങ്ങളെ കൊന്നു മുടിച്ച് കൊണ്ട് സവാരി ചെയ്തു പോകുന്നത് നാം കണ്ടിരുന്നു.

80 ഇപ്പോൾ, ഇപ്പോൾ, ജഡികമായതും ആത്മീകമായതും എപ്പോഴും ഉണ്ടായിരിക്കും. ഈ മുദ്രയെ തുറക്കുന്നതിന് വേണ്ടി നാം കടക്കുന്നതിന് മുമ്പ്, സഭക്കു വേണ്ടി, ഞാൻ അത് താരതമ്യപ്പെടുത്തി പറയാൻ ആഗ്രഹിക്കുന്നു.

81 അതിനെക്കുറിച്ച്, അവൻ എനിക്ക് നൽകിയത്, ഞാൻ ഒരു ഇവിടെ കുറിച്ചെടുത്തിട്ടുണ്ട്. അതിനെക്കുറിച്ച് സൂചിപ്പിക്കുന്നതിനായി വളരെയധികം തിരുവെഴുത്തുകൾ, ഏഴോ എട്ടോ താളുകളിൽ, എഴുതിയത് ഇവിടെയുണ്ട്.

82 ശ്രദ്ധിക്കു, ഞാൻ സഭയുടെ, ഒരു മാതൃകയായി നൽകാൻ ആഗ്രഹിക്കുന്നു, അത് സ്പഷ്ടമായിട്ട്, നിങ്ങൾ അതിനെ കാണാൻ അത്രയും ബാദ്ധ്യസ്ഥരാകും. കാണുന്നോ?

83 ഇപ്പോൾ, ഏദെൻ തോട്ടത്തിൽ ഒരു സ്വാഭാവികയായ മണവാട്ടി ഉണ്ടായിരുന്നു. കഴിഞ്ഞ രാത്രിയിൽ ഓർക്കുന്നില്ലേ? ആ സ്വാഭാവിക മണവാട്ടി അവൾ ആദാമിന്റെ കാമുകിയായിരുന്നു, അതുവരെ അവന്റെ ഭാര്യ ആയിരുന്നില്ല, കാരണം ഒരു ഭാര്യയായിട്ട് അവൻ അവളെ അതുവരെ പരിഗ്രഹിച്ചിരുന്നില്ല.

84 അത് മറിയ യോസേഫിന്റെ ഭാര്യയായിരുന്നത് പോലെയാകുന്നു. എന്നാൽ അവൻ അതുവരെയും ഒരിക്കലും അവളെ പരിഗ്രഹിച്ചിരുന്നില്ല. "അവൾ ഗർഭിണിയാണ് എന്നു കണ്ടു." കാണുന്നോ?

85 ഇപ്പോൾ, ആദാം തന്റെ ഭാര്യയെ പരിഗ്രഹിക്കുന്നതിന് മുമ്പ്, അവൾ അവനൊരു മണവാട്ടി മാത്രമായിരുന്നു. അത് ശരിയാണ്. നാം കണ്ടുകഴിഞ്ഞത് ദൈവം...അവൾ, അവൾ ഏദെൻ തോട്ടത്തിൽ

വച്ച് വീണുപോയി, എന്തുകൊണ്ടെന്നാൽ അവൾ ദൈവ വചനത്തെ മുറുകെ പിടിക്കുന്നതിൽ പരാജയപ്പെട്ടു.

86 ഇപ്പോൾ, അവരുടെ ഇടയിലേയ്ക്ക് സാത്താനെ അഴിച്ചു വിടുമെന്ന് അവൻ അറിഞ്ഞിരുന്നതിനാൽ, അവർക്ക് സുരക്ഷിതമായി നില്ക്കുവാൻ, അവരെ കോട്ട കെട്ടി ഉറപ്പിക്കാൻ അവൻ അവർക്കൊരു സ്ഥലം നൽകി. ശരി, നോക്കൂ ദൈവം തന്റെ സ്വന്ത മക്കളെ സംരക്ഷിക്കാൻ ശ്രമിക്കുകയാണെങ്കിൽ ദൈവത്തിലും മെച്ചമായ ഒരു സ്ഥലം കോട്ട കെട്ടിയുറപ്പിക്കുന്നതിന് മറ്റാർക്ക് എങ്ങനെ അറിയാൻ കഴിയും?

87 എന്റെ കുഞ്ഞു ജോസേഫിനെ സംരക്ഷിക്കുന്നതിന് ഞാൻ ആഗ്രഹിക്കുകയാണെങ്കിൽ, അതെ, സഹോദരാ, സകലതും... അതിന്റെ മേലാണ് അവന്റെ ജീവിതം ഇരിക്കുന്നത് എന്നു ഞാൻ അറിഞ്ഞിട്ട്, എന്താണ്, എനിക്ക് അത് ചെയ്യാനും കഴിയുമായിരുന്നു. അതിനു വേണ്ടി ഒരു നാല്പത് അടി ഉയരമുള്ള ബലമേറിയ കല്ലുകൊണ്ട് വാർത്ത കോട്ട അതിനു വേണ്ടി ഉണ്ടാക്കണമെങ്കിൽ ഞാൻ അത് സ്വന്തം ഉറപ്പിനു വേണ്ടി തൊണ്ണൂറു അടിയായി ഉണ്ടാക്കുമെന്നുള്ളത് തീർച്ചയാണ്.

88 അപ്രകാരം എന്റെ കൊച്ചു കുഞ്ഞിനു വേണ്ടി ഞാൻ ചിന്തിക്കുകയാണെങ്കിൽ (അത് അവന്റെ നഷ്ടമാകുന്ന മർത്യ ശരീരം നഷ്ടമായാലും, ഒരു പൈതൽ രക്ഷിക്കപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നു.) അതിലും എത്രയോ അധികമായിരിക്കും നിത്യമായി നശിച്ചുപോയേക്കാവുന്ന തന്റെ മകനെക്കുറിച്ച് ദൈവത്തിനുള്ളത്! അവനെ എന്തിന് പിന്നിലായി സ്ഥാപിച്ചിരിക്കണം? അവൻ തന്റെ സ്വന്ത വചനത്തിന് പിന്നിലായി അവനെ സ്ഥാപിച്ചു. നിങ്ങൾ ആ വചനത്തിൽ ആയിരിക്കുന്നിടത്തോളം നിങ്ങൾ സുരക്ഷിതനാണ്. "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതെന്തും അപേക്ഷിപ്പിൻ." വചനം, അതാണ് അത്.

89 അങ്ങനെ, ഹവ്വ ഏദെൻ തോട്ടത്തിൽ ചുറ്റിക്കറങ്ങി നടന്നിട്ട്, വളരെ മിനുക്കമേറിയ ഒരു സംസ്കാര സമ്പന്നനായ വ്യക്തി, സർപ്പത്തിന്റെ അടുക്കൽ ചെന്നുപെട്ടു. അവൾ...അവൻ ആരംഭിച്ചു... ഇപ്പോൾ അവൻ അതിന്റെ മറുവശത്തായിരുന്നു. ഒരിക്കലും മറ്റ് യാതൊരു രീതിയിലുമല്ലാതെ, ദൈവം എളിമയിൽ ജീവിക്കയും വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. കാണുന്നോ? അങ്ങനെ ഇപ്പോൾ എളിമയേറിയ ഈ മഹിള ഇവിടെ ചുറ്റിക്കറങ്ങി നടക്കുമ്പോൾ സാത്താൻ ഒരു കൌശലക്കാരനായ വിവേകശാലിയായ സംസ്കാര സമ്പന്നനായ ഒരു വ്യക്തിയെപ്പോലെ അവിടേക്ക് കടന്നു വന്നു.

അവൻ തന്റെ പദ്ധതി അവൾക്ക് വില്ക്കുവാൻ ആഗ്രഹിച്ചിരുന്നു. അങ്ങനെയായിരിക്കുന്നിടത്തോളം...

90 സാത്താൻ എത്രയധികം ചുറ്റിയിരുന്നാലും; അവൾ ഈ വചനത്തിന് പിന്നിലായി നില്ക്കുന്നിടത്തോളം അവൾക്ക് യാതൊരു കുഴപ്പവുമില്ല. [ബ്രദർ ബ്രൺഹാം തന്റെ ബൈബിളിൽ തട്ടുന്നു—Ed.] നോക്കൂ. അതുകൊണ്ട് സാത്താൻ അവന് വേണ്ടിയതെന്തും ചെയ്തുകൊള്ളട്ടെ; നിങ്ങൾ ഈ വചനത്തിന് പിന്നിലായി നില്ക്കുക. അത് ഒരു അംശം പോലും വ്യത്യാസം ഉണ്ടാക്കുന്നില്ല.

അവൻ നിങ്ങളോടു പറയുന്നു, "എന്താ, നീ രോഗിയാണ്."

"അവന്റെ അടിപ്പിണരിനാൽ ഞാൻ സൌഖ്യപ്പെട്ടിരിക്കുന്നു."

"അതെ, നീ മരിക്കാൻ പോകുകയാണ്."

"അവൻ എന്നെ വീണ്ടും ഉയിർത്തെഴുന്നേല്പിക്കും. അവൻ അതു വാഗ്ദത്തം ചെയ്തിരിക്കുന്നു,"

91 നോക്കൂ, വചനത്തിന് പിന്നിലായി നിൽക്കുക. അത്രമാത്രം. ക്രിസ്തു സ്വയം തന്റെ വചനത്തിലേക്ക് തിരികെ പോയിട്ട് "ഇതും എഴുതിയിരിക്കുന്നു," കാണുന്നോ? ഇപ്പോൾ വചനത്തിന് പിന്നിലായി നിന്നുകൊള്ളുക.

92 എന്നാൽ, ഹവ്വ, വചനത്തെ ഒരുവിധം തരം താഴ്ത്താൻ തുടങ്ങി. എന്നാൽ അവൾ ഒരിക്കലും അത് മുഴുവനായും തരംതാഴ്ത്തിയില്ല. അവൾ അതിന്റെ ഒരു ചെറിയ പദം മാത്രം വീണുപോകുന്നതിനിടയാക്കി. അതു തന്നെ അവൾ ചെയ്യുന്നതിനായി സാത്താൻ ആഗ്രഹിച്ചിരുന്നു. അവൻ അവളെ യുക്തിചിന്ത കൊണ്ട് ദൈവത്തിന്റെ വാഗ്ദത്തത്തിന് പിന്നിൽ നിന്നും മാറ്റിക്കളഞ്ഞു.

ദൈവത്തിന്റെ വചനവുമായി ഒരിക്കലും ന്യായവാദം നടത്താൻ ശ്രമിക്കരുത്. അത് വിശ്വസിക്കുക മാത്രം ചെയ്യുക! കാണുന്നോ?

93 അങ്ങനെ, അവൾ അവിടെ നിന്നും പുറത്തുകടന്നു. ആദാം അവളെ ഒരു ഭാര്യയായി അറിയുന്നതിന് മുമ്പ് തന്നെ അവൾ സാത്താനാൽ മലിനമാക്കപ്പെട്ടു കഴിഞ്ഞിരുന്നു. അവൾ...

94 നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ക്രിസ്തുവും ശരിക്കും അതെ കാര്യം തന്നെയാണ് ചെയ്തത്. ഇപ്പോൾ, വീണ്ടെടുക്കുന്നതിന് വേണ്ടി ദൈവത്തിന് ആദ്യം അവിടെ എത്തേണ്ടിയിരുന്നു. നിങ്ങൾ ഇത് ശ്രദ്ധിച്ചിട്ടുണ്ടോ? മറിയ യോസേഫിന്റെ അടുക്കൽ എത്തുന്നതിന് മുമ്പ് തന്നെ പരിശുദ്ധാത്മാവ് അവിടെയെത്തി കഴിഞ്ഞിരുന്നു. ആമേൻ. കാണുന്നോ? അങ്ങനെയാണ് വീണ്ടെടുപ്പുകാരൻ അവിടെ നിന്നും വരുന്നത്.

95 ഇപ്പോൾ, ഇപ്പോൾ ശ്രദ്ധിക്കുക, സ്വാഭാവികയായ സ്ത്രീ വീണുപോയി, അവളെ വീണ്ടെടുക്കുന്നതിന് ദൈവം ഒരു വഴിയൊരുക്കി. അവൾ വീണുപോയെങ്കിലും, അവൻ ഒരു വഴിയുണ്ടാക്കി.

96 ഇപ്പോൾ, ഇത് ഈ ഭൂമിയിലെ ആദ്യത്തെ മണവാട്ടി ആയിട്ട് അവളുടെ ഭർത്താവും അവളും വിവാഹിതരാകുന്നതിന് മുമ്പ് വീണുപോയി. അവൾ വചനത്തിന് പിന്നിൽ നിൽക്കുന്നതിന് പകരം യുക്തിവാദം നടത്തിയതിന്റെ കാരണത്താൽ വീണുപോയി. അവൾ വീണുപോയി. അവൾ നിത്യവേർപാടായ മരണത്തിലേക്ക് വീണുപോയി. അവളോടൊപ്പം അവൾ തന്റെ ഭർത്താവിനേയും ഈ ഭൂമിയിലുണ്ടായിരുന്ന മറ്റെല്ലാത്തിനേയും അവൾ കൊണ്ടുപോയി. അവൾ വീണുപോയി!

97 എന്നാൽ, ദൈവം തന്റെ പൂർണ കൃപയാൽ ആ സ്ത്രീയെ വീണ്ടെടുക്കുന്നതിന് വേണ്ടി ഒരു വഴിയൊരുക്കി. അങ്ങനെ അവൻ അവൾക്ക് വാഗ്ദത്തം നല്കിയിട്ട് അവളോട് യഥാർത്ഥമായ സത്യവചനം എതെങ്കിലും ഒരു സമയത്ത് ഭാവിയിൽ വീണ്ടും അവളുടെ അടുക്കൽ എത്തുമെന്ന് പറഞ്ഞിരുന്നു. ആ നേരായ വചനം അവൾക്ക് അറിയിച്ചുകൊടുക്കും എന്ന് വാഗ്ദത്തം ചെയ്തു. ഇപ്പോൾ ഇത് ഓർമ്മയിൽ ഇരിക്കട്ടെ. കാരണം സ്ത്രീയിൽ കൂടെ ക്രിസ്തുവിനെ അവൻ വാഗ്ദത്തം ചെയ്തിരുന്നു.

98 ക്രിസ്തു വചനമാകുന്നു. വിശുദ്ധ യോഹന്നാൻ 1 "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോട് കൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു. വചനം ജഡമായി നോക്കു നമ്മുടെ ഇടയിൽ പാർത്തു." ദൈവം ജഡമായി നമ്മോട് കൂടെ വസിച്ചു. അവൻ വചനമായിരുന്നു.

99 ഒരു വചനമാകുന്നതിനു മുമ്പ് അതൊരു വിചാരമായിരുന്നു. ഒരു വിചാരം സൃഷ്ടിക്കപ്പെടേണ്ടതായിട്ടുണ്ട്. ശരിയാണ്. അതിനാൽ ദൈവത്തിന്റെ ചിന്തകൾ ഒരു വചനമായി അരുളി ചെയ്തപ്പോൾ അത് സൃഷ്ടിയായി തീർന്നു. അവന്റെ ചിന്തയെ, ഒരു ചിന്തയായി, അവൻ നിങ്ങൾക്കു സമ്മാനിക്കുമ്പോൾ, അത് നിങ്ങൾക്ക് വെളിപ്പെടുത്തപ്പെടുന്നു. അതിനുശേഷവും, *നിങ്ങൾ* അതു സംസാരിക്കുന്നതുവരെ ഒരു ചിന്തയായിരിക്കുന്നു. ആ കാരണത്താലാണ്...

100 മോശ പ്രാർത്ഥിക്കുന്നതിനായി പുറപ്പെട്ടു പോയി. അഗ്നിസ്തംഭം അവന്റെ ചുറ്റുമായിട്ട് അവൻ പറഞ്ഞു, "നീ ചെന്ന് നിന്റെ

കൈവശമുള്ള വടി കിഴക്കുഭാഗത്തേക്ക് നീട്ടി 'ഈച്ചകൾ' വരട്ടെ എന്നു കല്പിക്കുക."

101 അവിടെ ഈച്ചകളൊന്നും ഇല്ലായിരുന്നു. എന്നാൽ അവൻ ചെന്നിട്ട് തന്റെ വടി നീട്ടി ഈച്ചകൾ ഉണ്ടാകട്ടെ എന്ന് കല്പിച്ചു. അപ്പോഴും ഒരു ഈച്ചപ്പോലും ഉണ്ടായിരുന്നില്ല. അവൻ തിരികെ മടങ്ങിപ്പോയി. എന്നാൽ ആ വാക്കുകൾ, ദൈവത്തിന്റെ ചിന്ത, ആദ്യം തന്നെ അരുളി ചെയ്യപ്പെട്ടു. അതൊരു വചനമാകുന്നു. ഇപ്പോൾ അത് സംഭവിക്കുക തന്നെ വേണം.

102 യേശു പറഞ്ഞത് നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലേ? "ഈ മലയോട് നിങ്ങൾ പറയുകയാണെങ്കിൽ, ഞാൻ പറയുകയാണെങ്കിൽ എന്നല്ല. എന്നാൽ *നിങ്ങൾ* ഈ മലയോട് 'നീങ്ങി കടലിൽ ചാടിപ്പോക' എന്ന് പറഞ്ഞാൽ."

103 മോശയുടെ സമയത്ത്, ആദ്യത്തെ കാര്യം സംഭവിച്ചതായി ഞാൻ ഊഹിക്കുന്നത്, ഒരു പച്ചനിറമുള്ള വലിയ ഈച്ച മൂളിക്കൊണ്ട് അവിടെ പറന്നു വന്നു എന്നതാകുന്നു. കുറച്ച് സമയത്തിന് ശേഷം, വാരം ഒന്നിന് അഞ്ച് പൌണ്ട് അവിടെ വന്നു. കാണുന്നോ? എവിടെ നിന്നാണ് അത് എത്തിയത്? അവൻ...ദൈവം അവയെ സൃഷ്ടിച്ചു. അത് എപ്രകാരമാണ് എന്ന് നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലേ...

104 ദൈവത്തിന് ഇന്ന് രാത്രിയിൽ ഈ ലോകത്തെ നിസ്സാര പ്രാണികളെക്കൊണ്ട് അവൻ ആഗ്രഹിക്കുന്നെങ്കിൽ നശിപ്പിച്ച് കളയാൻ കഴിയും. അവന് ചന്ദ്രൻ വരേയും ഈ പ്രാണികളെക്കൊണ്ട് കുമ്പാരം കൂട്ടാൻ കഴിയും. അവന് ചെയ്യാനായിട്ടുള്ള ഏക കാര്യമെന്നത് ചന്ദ്രൻ വരെ ഈ പ്രാണികൾ ഉണ്ടാകട്ടെ എന്ന് കല്പിക്കുക മാത്രമാണ്. അങ്ങനെ സംഭവിക്കുന്നതിന് അവന് അത്രമാത്രം ചെയ്താൽ മതിയാകും. ഒരു രാസപദാർത്ഥമോ മറ്റ് യാതൊന്നിന്റേയോ ആവശ്യമില്ല. അവ പെരുകി പെരുകി പെരുകി കൊണ്ടിരിക്കും.

105 അവൻ ആഗ്രഹിക്കുന്നതെന്തും അവന് ചെയ്യാൻ കഴിയും. അവൻ സൃഷ്ടാവായ, ദൈവമാകുന്നു. ഒരേ ഒരു കാര്യമായിട്ട് അവൻ ചെയ്യേണ്ടത് അത് കല്പിക്കുക മാത്രമാകുന്നു. [ബ്രദർ ബ്രൺഹാം ഒരിക്കൽ വിരൽ ഞൊടിക്കുന്നു—Ed.] അത് ശരിയാണ്. അവൻ സൃഷ്ടി കർത്താവാകുന്നു. ഇപ്പോൾ, അവൻ എത്ര മഹാനായവനാണ് എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ടല്ലോ? അവൻ ആകുന്നു! കാണുന്നോ? അവൻ ആഗ്രഹിക്കുന്നത് എന്തും അവൻ ചെയ്യുന്നു.

106 അവൻ ഉയരത്തിലിരുന്നുകൊണ്ട്, ഈ ചെറിയ വിദ്യാഭ്യാസസമ്പന്നരും, മറ്റും "ദൈവം ഇല്ല" എന്ന് സാമർത്ഥ്യത കാണിച്ചും കൊണ്ട് മറ്റും നടക്കുന്നത് അവൻ നോക്കി കാണുന്നു. ഹാ! അത് അവർ വീണ്ടും ബാബേലിൽ ആയിരുന്നതുപോലെ ആകുന്നു, ബാബേൽ എന്ന് പറയുന്നതാണ് ശരി.

107 ഇപ്പോൾ നാം ശ്രദ്ധിക്കുകയാണെങ്കിൽ ദൈവം ഹവ്വയോട് പറഞ്ഞു അതായത് "ഒരു ദീർഘസമയത്തിന് ശേഷം വചനം നിന്റെ അടുക്കൽ തിരികെ എത്തുന്നതാണ്." ഇപ്പോൾ അവൾ വീണു പോയത് എങ്ങനെയാണ്? എന്റെ കുട്ടികൾ അതിന് ഉത്തരം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അവൾ എന്തിൽ നിന്നാണ് വീണത്? ഹവ്വ എന്തിൽ നിന്നാണ് വീണത്? വചനത്തിൽ നിന്ന്. അത് ശരിയല്ലേ? [സഭയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "വചനത്തിൽ നിന്ന്."—Ed.] വചനത്തിൽ നിന്നായിരുന്നു. അവളെ വീണ്ടും വചനത്തിലേക്ക് വീണ്ടെടുത്ത് തിരികെ കൊണ്ടുവരുന്നതിന് അവൻ ഒരു വഴിയുണ്ടാക്കും എന്ന് ദൈവം പറഞ്ഞിരുന്നു. ശരി, ഒരു ദീർഘസമയത്തിന് ശേഷം വചനം അവൾക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കും. ശരിയാണ്. വചനം ഇപ്പോൾ ഒരു ഉദ്ദേശത്തിന് വേണ്ടി വരുന്നു. ഞാൻ പറയാൻ പോകുന്നതെന്താണെന്ന് മുറുകെ പിടിച്ചുകൊള്ളുക. വചനം അവളുടെ അടുക്കലേക്ക് ഒരുദ്ദേശത്തിനായി വരുന്നു. അത് വീണ്ടെടുപ്പിന് വേണ്ടിയാകുന്നു. ശരി.

108 എന്നാൽ അതുവരെ അവൾക്ക് അതിന് പകരമായി ആ മൂലവചനം അവളുടെ അടുക്കൽ എത്തുന്നത് വരെ അവൾക്ക് അതിന് പകരമായി പ്രവർത്തിക്കുന്നതിന് ഒരു കാര്യമുണ്ടായിരുന്നു. നിങ്ങൾ ഇപ്പോൾ ഇത് വ്യക്തമായി മനസ്സിലാക്കുന്നുണ്ടോ? [സഭയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] നോക്കൂ വചനം അവളുടെ അടുക്കൽ വീണ്ടും എത്തുമെന്ന് അവൻ അവളോട് പറഞ്ഞിരുന്നു, എന്നാൽ ആ സമയം വരെയും ആ വചനം അവളുടെ അടുക്കൽ എത്തുന്നത് വരെ അതിന് ഒരു പകരം അവൻ അവൾക്ക് ഒന്നു നല്കി. അതുകൊണ്ട്, ആ രക്തത്തിന് പകരമായി അവൻ അവൾക്ക് ഒരു യാഗം അർപ്പിക്കുന്നത് ഒരു പകരമായി കൊടുത്തു.

109 ഇപ്പോൾ, ആ രക്തം കാളകളുടെയും മാട്ടുകളുടെയും കോലാട്ടുക്കൊറ്റന്മാരുടെയും ആയിരുന്നു, എന്നാൽ അത് അവളുടെ പാപത്തെ നീക്കിക്കളഞ്ഞിരുന്നില്ല. കാണുന്നോ? അത് അവളുടെ പാപത്തെ മൂടിയിരുന്നു. അതിന് പാപത്തെ, ഒരിക്കലും എടുത്തുകളയാൻ കഴിഞ്ഞിരുന്നില്ല. അത് അതിനെ മൂടിയിരുന്നു.

എന്തുകൊണ്ടെന്നാൽ അതൊരു മൃഗത്തിന്റെ രക്തമായിരുന്നു. ഒരു മൃഗത്തിന്റെ രക്തത്തിൽ ഒരു മൃഗത്തിന്റെ ജീവനാകുന്നു. യഥാർത്ഥമായത് വരുന്നതുവരെ അത് ഒരു പകരമായി നല്കപ്പെട്ട കാര്യമായിരുന്നു. ഇപ്പോൾ നിങ്ങളുടെ കുപ്പായങ്ങൾ ധരിച്ചുകൊള്ളുക.

110 യഥാർത്ഥമായ, മനുഷ്യ രക്തം, അത് മനുഷ്യ ജാതിയിൽ ആകുന്നത് പോലെ, ആകാൻ (ദൈവം); ജഡീക ബന്ധം കൂടാതെ കന്യകയിൽ കൂടി മനുഷ്യനായി അവതരിക്കുകയും ആ കന്യകയിൽ കൂടിയുള്ള ജന്മം അത് നിവൃത്തിയാക്കുകയും ചെയ്തു. ഇപ്പോൾ ദൈവത്തിന്റെ വചനം, വാഗ്ദത്തമായി, രക്തമായി തീരുകയും, രക്ഷിതാവായ യേശുക്രിസ്തു എന്ന വ്യക്തിയിൽ കൂടി മനുഷ്യനായി അവതരിക്കുകയും ചെയ്തു. "കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തം ഇത്യാദിയാകുന്നു..."

111 എന്നാൽ ഇപ്പോൾ കാത്തിരിക്കു. ഇവിടെ ദൈവം ഒരു വാഗ്ദത്തം നല്കിയിട്ട്, അതു വരുമ്പോൾ ഇത് അവിടെ ഉണ്ടായിരിക്കുമെന്ന് പറഞ്ഞു, "അവളുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും." ഇപ്പോൾ അവളുടെ സന്തതി ആദാമിൽ നിന്നും അല്ലെങ്കിൽ സർപ്പത്തിൽ നിന്നും മറ്റും വന്നിരുന്നതു പോലെ വരുകയാണെങ്കിൽ പിന്നെ അത് അപ്പോഴും പാപ സന്തതിയായിരിക്കും.

112 ആ കാരണത്താലാണ് യോഹന്നാൻ കരഞ്ഞത്. അവിടെ ഒരു മനുഷ്യനും ഉണ്ടായിരുന്നില്ല. കാരണം ആരും...എല്ലാവരും ആ അഗാധമായ പിളർപ്പിന് മറുവശത്തായിരുന്നു. എന്നാൽ, ആ വാസ്തവമായി, അവതാരമെടുത്ത രക്തം; ദൈവം, ശരീരവും രക്തവും സൃഷ്ടിക്കുമ്പോൾ, പകരമായി നൽകിയിരുന്ന മൃഗങ്ങളുടെ രക്തത്തെ എടുത്തു മാറ്റുന്ന, ഒരു സമയം കടന്നുവരുന്നുണ്ടായിരുന്നു. അവൻ അപ്രകാരം ആയിതീർന്നു എന്ന് ബൈബിൾ പറയുന്നു. ഒന്ന് തിമോത്തിയോസ് 3:16-ൽ "ദൈവഭക്തിയുടെ മർമ്മം സമ്മതമാം വണ്ണം വലിയതാകുന്നു. ദൈവം ജഡത്തിൽ വെളിപ്പെട്ടു." അത് ശരിയാണ്. കന്യകയിൽ കൂടിയുള്ള ജനനം ആ കാര്യം നിവൃത്തിയാക്കി.

113 ഇപ്പോൾ കാളകളുടെയും ആട്ടുക്കൊറ്റന്മാരുടെയും രക്തം പാപത്തെ മൂടുക മാത്രം ചെയ്തിരുന്നു, എന്നാൽ അത് പാപത്തെ നീക്കി കളഞ്ഞിരുന്നില്ല, കാരണം അത് മൃഗത്തിന്റെ രക്തമായിരുന്നു. എന്നാൽ അത് പകരമായി നല്കപ്പെട്ടിരുന്നതിനാൽ, അത് ശരിയായ കാര്യമായി കണക്കാക്കിയിരുന്നു.

114 അങ്ങനെ ആ പകരമായി നല്കപ്പെട്ടതുമായിട്ട് അവർ തീർച്ചയായും പതിവായി തീരുകയും അങ്ങനെ അത് തുടരുകയും ചെയ്തിരുന്നു.

115 അതിനുശേഷം, ആ യഥാർത്ഥമായ, വാഗ്ദത്തം ചെയ്യപ്പെട്ട വചനം യേശുക്രിസ്തുവിൽ കൂടി വെളിപ്പെട്ടപ്പോൾ, അവൻ മഹാനായ സൃഷ്ടികർത്താവായ ദൈവത്തിന്റെ പുത്രനാണെന്ന് തെളിയിക്കുകയും, ദൈവത്തിന്റെ ജീവനുള്ള വചനമായി അവനെതന്നെ ന്യായീകരിച്ച് കാണിക്കുകയും ചെയ്തു. വൂ! എന്റെ! അവൻ അതായിരുന്നു എന്ന് അവൻ തെളിയിച്ചു. അവൻ കല്പിച്ചിട്ട് കാര്യങ്ങൾ സൃഷ്ടി നടത്തുവാൻ കഴിഞ്ഞിരുന്നു.

116 ഈ ലോകത്തിൽ ഒരു മനുഷ്യനോ മറ്റ് യാതൊന്നിനുമോ, അത് ചെയ്യാൻ കഴിയില്ല. ദൈവത്തിനല്ലാതെ ഈ ഭൂമിയിൽ യാതൊന്നിനും സൃഷ്ടി നടത്തുവാൻ കഴിഞ്ഞിരുന്നില്ല. പിശാചിന് സൃഷ്ടി ചെയ്യാൻ കഴിയില്ല. അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനെ വൈകൃതപ്പെടുത്തുന്നവനാണ്, എന്നാൽ അവന് സൃഷ്ടിക്കാൻ കഴിയില്ല. പാപം നീതി വൈകൃതപ്പെടുത്തുന്നു. ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ. ഒരു കള്ളം എന്താകുന്നു? അത് സത്യം ദുഃർവ്യാഖ്യാനം ചെയ്തതാകുന്നു, കാണുന്നോ? വ്യഭിചാരം എന്താകുന്നു? അത് നിയമപരമായ ഒരു ബന്ധം വൈകൃതപ്പെട്ടതാകുന്നു. പാപത്തിലുള്ള എല്ലാ കാര്യങ്ങളും, പാപവും യഥാർത്ഥത്തിൽ സത്യം വൈകൃതപ്പെട്ടതാകുന്നു. ഇപ്പോൾ അവന് സൃഷ്ടിക്കാൻ കഴിയുകയില്ല.

117 എന്നാൽ ക്രിസ്തു വന്നപ്പോൾ, അവൻ സൃഷ്ടാവായിരുന്നുവെന്ന് തെളിയിച്ചു കാണിച്ചു. അവിടെയാണ് ആ വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന രക്തം ആയിരുന്നത്. നിങ്ങൾ അത് വായിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങൾ...ഒരു മിനിറ്റ് നേരത്തേക്ക് നമുക്ക് ഇവിടെക്ക് തിരിക്കാം. എങ്ങനെ ആയാലും ഇന്ന് രാത്രിയിൽ നാം ഇതിന് വേണ്ടി അധിക സമയം എടുക്കാൻ പോകുകയാണ്. ഞാൻ...

118 അത് എന്നെ വികാര വിവശനാക്കുന്നു. നിങ്ങൾക്കറിയാമല്ലോ, എല്ലാവരും വീട്ടിലേക്ക് പോകാൻ ആഗ്രഹിക്കുന്നു എന്ന് ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് അത് ഒരു വിധം...[സഭയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ഇല്ല."—Ed.] ഇപ്പോൾ നമുക്ക് പ്രവർത്തികൾ രണ്ടാം അദ്ധ്യായം എടുക്കാം. നന്ദിയുണ്ട്.

119 അപ്പോസ്തല പ്രവർത്തികൾ 2, ഇത് ശരിയാണോ അതോ അല്ലയോ അതായത് അവൻ ദൈവമായിരുന്നു എന്ന് അവൻ തെളിയിച്ചിരുന്നോ എന്ന് നമുക്ക് കണ്ടുപിടിക്കാം. ശരി. അപ്പോസ്തല പ്രവർത്തികൾ രണ്ടാം അദ്ധ്യായം എടുക്കാം. നമുക്കതിന്റെ 22-ാം വാക്യത്തെ എടുത്ത് ഇവിടെ പെന്തെക്കോസ്തു ദിവസം പത്രൊസ് സംസാരിക്കുകയാണ്.

*യിസ്രായേൽ പുരുഷന്മാരേ, ഈ വചനം കേട്ടു കൊൾവിൻ. നിങ്ങൾ തന്നേ അറിയും പോലെ ദൈവം അവനെക്കൊണ്ട് നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും, അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായി*

120 നിങ്ങളുടെ നടുവിൽ ദൈവം നിങ്ങൾക്ക് കാണിച്ചു തന്നവനായ. അവൻ ചെയ്ത പ്രവർത്തികളാൽ അവൻ ദൈവമായിരുന്നു എന്ന് തെളിയിച്ചു കാണിച്ചു. ഇവിടെ ഇതാ പത്രൊസ് ന്യായസഭയുടെ മുമ്പാകെ നിന്നുകൊണ്ട് അവരോട് ഇത് പറഞ്ഞു.

121 ഈ കാര്യം നിക്കോദോമസും അറിഞ്ഞിരുന്നു. അവൻ പറഞ്ഞു, "റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നും ഉപദ്ദേഷ്ടാവായി വന്നിരിക്കുന്നു എന്ന് ഞങ്ങൾ അറിയുന്നു. ദൈവത്തിൽ നിന്നും വന്നവനല്ലാതെ, നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്യുവാൻ ആർക്കും കഴിയുകയില്ല." കാണുന്നോ? അവർ അത് അറിഞ്ഞിരുന്നു. എന്നാൽ എന്തുകൊണ്ട്?

122 ഇപ്പോൾ ശ്രദ്ധിക്കുക. ഇപ്പോൾ, ഹവ്വക്ക് ഇത് വാഗ്ദത്തം ചെയ്യപ്പെട്ടിരുന്നു. എന്നാൽ...ആ മണവാട്ടി വന്നപ്പോൾ ഈ യഥാർത്ഥ വചനം അവളുടെ അടുക്കൽ എത്തുകയും അവൾ അത് നിരസിച്ചു കളയുകയും ചെയ്തു. അങ്ങനെ, ആ എബ്രായ മണവാട്ടി; സ്ത്രീ തിരിച്ചറിയുന്നതു നിരസിച്ചു കളഞ്ഞു. കാരണം, അവൾ ദൈവത്തിന്റെ മണവാട്ടിയായിരുന്നു; അവൻ അവളെ വിവാഹമോചനത്താൽ ഉപേക്ഷിച്ചു കളഞ്ഞു. അത് ശരിയല്ലേ? അവൾ അവനുമായി വിവാഹനിശ്ചയം ചെയ്തിരുന്നു.

123 നിങ്ങൾ പറഞ്ഞേക്കാം, "കൊള്ളാം അവർ തമ്മിൽ ഒരിക്കലും അത് വരെ വിവാഹം കഴിച്ചിരുന്നില്ലല്ലോ." അത് ശരിയാണ്. എന്നാൽ യോസേഫും വിവാഹത്തിന് മുമ്പ്...തന്നെ മറിയയെ ഉപേക്ഷിച്ചുകളയാൻ പോയിരുന്നു. കാണുന്നോ? അവൻ അവളെ വിവാഹനിശ്ചയം ചെയ്തിരുന്നു.

124 അങ്ങനെ അവൻ വന്നപ്പോൾ, വാഗ്ദത്തം ചെയ്ത ആ വചനം, വിവാഹം കഴിക്കാൻ വന്നപ്പോൾ, തന്റെ മണവാട്ടി അവൾക്കുള്ള പകരത്തിന്മേൽ, അത്രയേറെ ചുറ്റപ്പെട്ട് കണ്ടിട്ട്, അവൾക്ക് നല്കപ്പെട്ട യഥാർത്ഥ വാഗ്ദത്തമായ, ക്രിസ്തുവായ, വചനത്തെ അവൾക്ക് എടുക്കാൻ കഴിഞ്ഞില്ല.

125 ഒരുപക്ഷേ നിങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെന്നിരിക്കാം. ഇപ്പോൾ ഞാൻ അതിൽ കൂടെ വീണ്ടും കടന്നു പോയിട്ട്. നിങ്ങൾ ഇത് മനസ്സിലാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

126 (മണവാട്ടി, ഹവ്വ) ഒരു വീണ്ടെടുപ്പുക്കാരൻ, അവൾക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരുന്നു. അവളുടെ വീണ്ടെടുപ്പുക്കാരൻ വചനമായിരിക്കും. ആ വചനം, ജഡമായി വന്നപ്പോൾ അവൾ അത് തള്ളിക്കളഞ്ഞു. അവൾക്ക് പകരമായി ഉപയോഗിക്കാൻ കാര്യങ്ങൾ നല്കപ്പെട്ടിരുന്നു. ഇപ്പോൾ ഈ "പകരമായിട്ട്" എന്ന കാര്യത്തെ ഒന്ന് പിടിച്ചുക്കൊള്ളുക, ഈ വീണ്ടെടുപ്പുക്കാരൻ വരുന്നതുവരെ അവൾക്ക് പകരമായിട്ട് ഉപയോഗിക്കാൻ കാര്യങ്ങൾ നല്കപ്പെട്ടിരുന്നു. അങ്ങനെ വീണ്ടെടുപ്പുക്കാരൻ വന്നപ്പോൾ അവൾ ഈ പകരമായിട്ട് ഉപയോഗിക്കാൻ നല്കപ്പെട്ട കാര്യങ്ങളുമായിട്ട് തുടർന്നു പോകാൻ ആഗ്രഹിക്കുകയും യഥാർത്ഥ സത്യവചനത്തെ തള്ളിക്കളയുകയും ചെയ്തു. ഇത് മനസ്സിലായോ? [പള്ളിയിൽ കൂടിവന്നവർ പറയുന്നു, "ആമേൻ."—Ed.] അത് എബ്രായ മണവാട്ടിയായിരുന്നു.

127 മണവാട്ടി, രണ്ടാം ഹവ്വയാൽ, ആത്മീയമായി ജീവനുള്ളതിന്റെ എല്ലാം മാതാവ്, എന്നർത്ഥമാകുന്നു. കാണുന്നോ? *ഹവ്വ* എന്നു വച്ചാൽ "ജീവനുള്ളവക്ക് എല്ലാം മാതാവ്" എന്നർത്ഥമാകുന്നു.

128 ഇപ്പോൾ, അവൻ എബ്രായ മണവാട്ടിയുടെ അടുക്കൽ എത്തിയപ്പോൾ, അവൾ ജീവനുള്ള സകലത്തിന്റെയും മാതാവായിരുന്നു, എന്നാൽ അവൾ അത് തള്ളിക്കളഞ്ഞു.

129 സ്വാഭാവിക മണവാട്ടിയായ ഹവ്വ ഏദെൻ തോട്ടത്തിൽ വച്ച് ദൈവത്തിന്റെ വചനത്തിന് എതിരായ സാത്താന്റെ യുക്തിവാദത്തിന് ചെവികൊടുത്ത് വീണുപോയി. അങ്ങനെയാണ് അവൾ വീണുപോയത്. ശരിയാണ് ശ്രീമാൻ. അവൾ അങ്ങനെ ചെയ്തതിനാൽ അവൾ വീണു പോയി.

130 ആത്മീയ ഹവ്വ, ഇപ്പോൾ, അത് ക്രിസ്തുവിന്റെ മണവാട്ടിയായ, സഭയാകുന്നു. അവൾ വീണുപോയത് ഏദേനിലല്ല, എന്നാൽ റോമിലായിരുന്നു, നോക്കു, അത് നിഖ്യാ സമിതിയിൽ വച്ച്, വചനത്തെ മുറുകെ പിടിച്ച് നില്ക്കുന്നതിന് പകരം, റോമാക്കാരുടെ യുക്തിച്ചിന്തയ്ക്ക് ചെവി കൊടുത്ത, ആ പെന്തെക്കോസ്തു സഭ, അവൾ വീണുപോയി. അവളോട് അകന്നിരുന്നതും അവൾക്ക് ചുറ്റമുണ്ടായിരുന്നതും എല്ലാം അവളോടൊപ്പം മരിച്ചു പോയി. ഇപ്പോൾ, സ്വാഭാവിക ഹവ്വ വീണു പോയത് പോലെ, ആത്മീയ ഹവ്വയും വീണുപോയി. ദൈവത്തിന്റെ മണവാട്ടി ഏദെൻ തോട്ടത്തിൽ വീണു പോയി; ക്രിസ്തുവിന്റെ മണവാട്ടി റോമിൽ വീണു പോയി. കാണുന്നോ?

131 ശ്രദ്ധിക്കുക, ദൈവത്തിന്റെ വചനത്തിന് എതിരായിട്ടുള്ള, യുക്തിചിന്തയുടെ അതേ കാരണത്താൽ, അവളും സാത്താനിലേയ്ക്കുള്ള, അവളുടെ പരിശുദ്ധിയുടെ അവകാശത്തെ കാത്ത് സംരക്ഷിച്ചിരുന്നു. അതിനെക്കുറിച്ച്, നാം ഈ മുദ്രകൾ തുറക്കുമ്പോൾ, അത് സാത്താൻ ആയിരുന്നു എന്നും, അത് ഇപ്പോഴും അവിടെ സാത്താൻ തന്നെ ആകുന്നു എന്നും കണ്ടുപിടിച്ചിരിക്കുന്നു. അത് സാത്താന്റെ സിംഹാസനമാണെന്നു ബൈബിൾ പറയുന്നു. അങ്ങനെ ഹവ്വ അവളുടെ ചാരിത്യ ശുദ്ധിയുള്ള, അവകാശങ്ങൾ നഷ്ടപ്പെടുത്തി ഏദെൻ, തോട്ടത്തിൽ വച്ച് സാത്താന് നല്കിയത് പോലെ; ക്രിസ്തുവിന്റെ മണവാട്ടിയായ, സഭയും അതേ കാര്യം തന്നെ, റോമിൽ വച്ച് അവർ അവരുടെ മതതത്വസംഹിതകൾക്കും യുക്തിവാദത്തിനും വേണ്ടി അവരുടെ ബൈബിളിലുള്ള അവകാശങ്ങളെ നഷ്ടപ്പെടുത്തി കളഞ്ഞു. നോക്കു, എപ്രകാരം ഇത് തമ്മിൽ താരതമ്യപ്പെട്ടു പോകുന്നു? [പള്ളിയിൽ കൂടിവന്നവർ പറയുന്നു, "ആമേൻ."—Ed]

132 നിങ്ങൾ ഈ മാതൃകകളെ താരതമ്യപ്പെടുത്തി നോക്കിയാൽ അത് ശരിയാണെന്ന് കണ്ടെത്തുന്നതിന് ബാദ്ധ്യസ്ഥനാകും. എന്റെ കൈകൾ നോക്കുകയാണെങ്കിൽ...അല്ലെങ്കിൽ എന്റെ രൂപം ഞാൻ ഒരിക്കലും കണ്ടിട്ടില്ലാതിരിക്കെ, എന്റെ നിഴൽ വരുന്നത് ഞാൻ കാണുകയാണെങ്കിൽ, എന്റെ രൂപം എപ്രകാരമാണെന്ന് എനിക്കറിയാൻ കഴിയും. കാണുന്നോ? അതാണ്, അതിനുള്ള മാർഗ്ഗം. എന്താണ് വരുന്നതെന്ന് നിങ്ങൾ കാണാൻ ആഗ്രഹിക്കുന്നെങ്കിൽ, എന്താണ് സംഭവിച്ചുകഴിഞ്ഞിരിക്കുന്നതെന്ന് നോക്കുക. "കാരണം, പഴയ കാര്യങ്ങൾ വരുവാനിരിക്കുന്നതിന്റെ നിഴലാകുന്നു," എന്ന് ബൈബിൾ പറയുന്നു. ശരിയാണ്.

133 അങ്ങനെ, അവൾ അവളെ കോട്ട കെട്ടി പാലിച്ചിരുന്ന ശുദ്ധിയുള്ള വചനത്തെ, ദൈവത്തിന്റെ വചനമായ, ബൈബിൾ വിറ്റുകളഞ്ഞ് അവളുടെ ചാരിത്യശുദ്ധിയുള്ള വചനത്തെ അവൾ നഷ്ടപ്പെടുത്തിക്കളയുകയും അവിടെ ഒരു മനുഷ്യനെ സഭ ആഗ്രഹിക്കുന്നതെന്തും, സഭകൾക്ക് മാറ്റുവാനുള്ള അധികാരമുണ്ടെന്ന് പറയുന്ന ഒരു മനുഷ്യനെ അവിടെ സ്ഥാപിക്കുകയും ചെയ്തു. അവർ അത് ചെയ്തു കഴിഞ്ഞിരിക്കുന്നു. ക്രിസ്തുവിന്റെ മണവാട്ടി, ആ പെന്തെക്കോസ്തു മണവാട്ടി, അവളുടെ ചാരിത്യം, ഹവ്വ അവളുടെ ചാരിത്യം ഏദെൻ തോട്ടത്തിൽ വച്ച് സാത്താന് വിറ്റുകളഞ്ഞത് പോലെ നിഖ്യായിൽ വച്ച് വിറ്റുകളഞ്ഞു. കൃത്യമായും ശരിയാകുന്നു.

134 ഈ സഭ, ഈ പെന്തെക്കോസ്തു സഭ, അവൾ അത് ചെയ്യുമെന്ന് അവൻ അറിഞ്ഞിരുന്നതിനാൽ, ദൈവം വാഗ്ദത്തം നല്കിയിരുന്നു;

അത് അവൻ ഹവ്വയ്ക്ക് ചെയ്തിരുന്നതു പോലെ വാഗ്ദത്തം ചെയ്തു.

135 ഈ പെന്തെക്കോസ്തു സഭ അവളുടെ ജന്മാവകാശം, മുമ്പേ... അവളുടെ ചാരിത്യം, അവൾ അവിടെ നിന്നും വിട്ടുപോകുന്നതിന് മുമ്പേ തന്നെ വിറ്റുകളഞ്ഞിരുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നിങ്ങൾ അത് വിശ്വസിക്കുന്നുണ്ടോ? [പള്ളിയിൽ കൂടിവന്നവർ പറയുന്നു, "ആമേൻ."—Ed.] അവൾ, തീർച്ചയായും, അവൾ അത് ചെയ്തു. എങ്കിൽ പിന്നെ ഈ ബൈബിളിൽ അടിസ്ഥാനമില്ലാത്ത ഒരു മതതത്വസംഹിത കൊണ്ട് എന്താണ് പ്രയോജനം? അപ്പോസ്തലിക വിശ്വാസപ്രമാണം എന്നുള്ള ഒരു വാക്കുപോലും ഈ ബൈബിളിൽ നിന്നും കാണിച്ചു തരാൻ കഴിയുന്ന ആരെങ്കിലും ഉണ്ടോ എന്ന് കാണാൻ ഞാൻ ആഗ്രഹിക്കുന്നു. അത് കത്തോലിക്കരുടെ മതവിശ്വാസ പ്രമാണമാകുന്നു, അപ്പോസ്തലന്മാരുടെ മതവിശ്വാസ പ്രമാണമല്ല.

136 അങ്ങനെ എന്തെങ്കിലും ഒന്ന് അവനുണ്ടെങ്കിൽ, അപ്പോസ്തല പ്രവർത്തികൾ 2:38 വായിക്കുക, അതാണ് അപ്പോസ്തലന്മാരുടെ വിശ്വാസ പ്രമാണം. അതെ, മനസ്സിലായോ? ഇപ്പോൾ, എങ്ങനെയായാലും, അത് തന്നെയാണ് അവർ എല്ലാകാലങ്ങളിലും അനുഷ്ഠിച്ച് വന്നിരുന്നത്. അതിനാൽ നിങ്ങൾ...കാണുന്നോ?

137 അങ്ങനെ, അവർ അവരുടെ ജന്മാവകാശം വിറ്റുകളഞ്ഞു. അതു മാത്രമല്ല, മെഥഡിസ്റ്റുകാരും, ബാപ്റ്റിസ്റ്റുകാരും പ്രെസ്ബിറ്റേറിയൻകാരും പെന്തെക്കോസ്തുകാരും ബാക്കിയുള്ളവരെല്ലാം അതേ കാര്യം തന്നെ ചെയ്തു. അവൾ ഒരു വിഭാഗീയ സഭ രൂപീകരിച്ചു. റോം, ആയിരുന്നു അവളെ അത് ചെയ്യുന്നതിന് കാരണമാക്കിയത്. അവൾ ഒരു വിഭാഗീയ സഭ രൂപീകരിച്ചിട്ട് അതിന്റെ തലവനായി ഒരു മനുഷ്യനെ പിടിച്ചിരുത്തി. അതുപോലെ മെഥഡിസ്റ്റുകാരും ബാപ്റ്റിസ്റ്റുകാരും പെന്തെക്കോസ്തുകാരും എല്ലാവരും തന്നെ ചെയ്തിട്ട് ഒരു കൂട്ടം മനുഷ്യരെ അതിന്റെ തലവന്മാരാക്കി വച്ചു. ദൈവം എന്തു പറയുന്നു എന്നു കാര്യമല്ല, അവർ...അവർ അത് ഏത് രീതിയിൽ ചെയ്യേണം എന്ന് പറയുന്ന രീതിയിൽ നിങ്ങൾക്ക് അത് ചെയ്യേണ്ടിയിരിക്കുന്നു.

138 ശരി, എന്താകുന്നു ഇത്? ഈ ലോകത്തിൽ ഇത് മറ്റ് യാതൊന്നും അല്ല. എന്നാൽ ആത്മീയ വേശ്യാവൃത്തിയാകുന്നു. അത് തെറ്റായ രീതിയിലുള്ള സ്ത്രീയാകുന്നു; അതേ ശ്രീമാൻ, മതതത്വസംഹിതകൾ കള്ളം പ്രചരിപ്പിക്കുന്ന മനുഷ്യ നിർമ്മിതമായ തത്വസംഹിതകളാകുന്നു. അങ്ങനെ അവൾ ചെയ്തപ്പോൾ...അവൾ എന്തായി തീർന്നു എന്നുള്ളത്, ഇപ്പോൾ ഞാൻ ഇത് തെളിയിക്കുന്നതാണ്. അവൾ ദൈവത്തിന് ഒരു വേശ്യയായി തീർന്നു. ബൈബിൾ അപ്രകാരം

പറയുന്നുവെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അതേ, ശ്രീമാൻ. അവളുടെ പുത്രിമാരും അതേ കാര്യം തന്നെ ചെയ്തിരിക്കുന്നു.

139 ഇപ്പോൾ വെളിപ്പാടിന്റെ 17-ൽ നിങ്ങൾ കുറിച്ചെടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, എടുത്തുക്കൊള്ളുക. യോഹന്നാൻ ആത്മാവിൽ എടുക്കപ്പെട്ടിട്ട്, "ഒരു മഹാ വേശ്യ ഇരിക്കുന്നത് കണ്ടു..." കഴിഞ്ഞ രാത്രിയിൽ നാം അത് വായിച്ചിരുന്നു. അവിടെ ഏഴ് മലകൾ ഉണ്ടായിരുന്നു, അവൾ എന്തു ചെയ്തിരുന്നു എന്നുള്ളതിനെക്കുറിച്ച് കൃത്യമായി പറഞ്ഞിരുന്നു. അവൾ ലോകത്തിന് തന്റെ വേശ്യവൃത്തിയുടെ മ്ലേച്ഛതകൾ നല്കി. അത് ശരിയല്ലേ? "അവൾ ഭൂമിയിലെ രാജാക്കന്മാരോട് വേശ്യവൃത്തിച്ചെയ്ത് വഞ്ചനയും," മോഷണവും വ്യാജം പറയുകയും മാനസാന്തരത്തിന് വേണ്ടി കാശുവാങ്ങുകയും ആനുകൂല്യത്തിനു വേണ്ടി നോയമ്പ നോക്കുകയും അതുപോലുള്ള മറ്റ് കാര്യങ്ങളുമാകുന്നു.

140 ശരി, ഇപ്പോൾ ഓർക്കുക. അവൾക്ക് പുത്രിമാരും ഉണ്ടായിരുന്നു. അതെ, അവൾ ഒരു ശരീരമായി തീർന്ന്, അവൾ ഒരു സാമുദായിക സംഘടനാ സമ്പ്രദായത്തിന് അടിയിലായിട്ട് അതിന്റെ ഒരു ഘടകം ആയിരിക്കുകയാണെങ്കിൽ പിന്നെ ആ മുഴുവൻ സമ്പ്രദായവും തെറ്റാകുന്നു. ഹവ്വ ദൈവത്തെ അനുസരിക്കാതെ അവളുടെ കീഴിലുണ്ടായിരുന്ന സകലതും മരണത്തിലേക്ക് എറിഞ്ഞുകളഞ്ഞു എങ്കിൽ; സഭാസംഘടനയായി രൂപീകരിക്കപ്പെടുന്ന എല്ലാ സഭയും അതിനടിയിലുള്ള സകലത്തെയും മരണത്തിലേക്ക് വലിച്ചെറിയുന്നു. കൃത്യമായും. അത് മൊത്തമായും പൊയ്ക്കഴിഞ്ഞിരിക്കുന്നു. അത് കൃത്യമായും ഇവിടെ എഴുതിയിരിക്കുന്ന വചനത്തിന് അനുസരിച്ചാകുന്നു. വെളിപ്പാട് 17 വായിക്കുക. അവൻ "അവളെയും അവളുടെ മക്കളെയും തീ കൊണ്ട് ദഹിപ്പിച്ച് കളയും," എന്ന് ബൈബിൾ പറയുന്നു. അത് ശരിയാണ്. അതിന്റെ അർത്ഥം എല്ലാ സാമുദായിക സഭാ സമ്പ്രദായങ്ങളും, ഈ മഹാ വേശ്യയോടൊപ്പം ദഹിപ്പിക്കും.

141 ഇപ്പോൾ, ഇത് കേഴ്വിക്ക് വ്യക്തമായിരിക്കുകയും, നിങ്ങൾ അതിൽ നിന്നും കേൾക്കുമെന്ന് ഞാൻ—ഞാൻ അറിഞ്ഞിരിക്കുകയും അതിൽ നിന്നും ഞാൻ—ഞാനും അത് കേൾക്കാൻ ആഗ്രഹിക്കുന്നു. അത് ശരിയാകുന്നു. ബൈബിൾ അപ്രകാരം പറയുന്നു. അതുകൊണ്ട് അത് അതിനെ ശരിയാക്കുന്നു.

142 അവൾ ഒരു "വേശ്യയായി," തീർന്നു. വെളിപ്പാട് 17-ാം, അദ്ധ്യായത്തിൽ നിങ്ങൾക്ക് അത് വായിക്കാൻ കഴിയും. അവൾ അവൾ എന്താണ് ചെയ്തത്? അവൾ അവളുടെ സ്വന്തം ഭർത്താവിന്

വിരോധമായി വേശ്യവൃത്തി ചെയ്തു. "കൊള്ളാം," നിങ്ങൾ പറയും, "അല്ല, അത് ബൈബിളാണ് വചനം ദൈവമാണ്. നിങ്ങൾ അതിൽ നിന്നും ഒരു വാക്കു എടുത്തുമാറ്റിയാൽ...

143 നിങ്ങളുടെ ഭാര്യ മറ്റൊരു പുരുഷനെ ചുംബിക്കാൻ നിങ്ങൾ ആഗ്രഹിക്കുമോ? അവൾ അത് ചെയ്യുകയില്ലെങ്കിൽ തന്നെയും, അവൾ അത് ചെയ്യുന്നതിന് നിങ്ങൾ ആഗ്രഹിക്കുകയില്ല. അവൾ അവളുടെ അവിശ്വസ്തതയെ തെളിയിക്കും.

144 "ആരെങ്കിലും ഇതിൽ നിന്നും ഒരു വാക്കു എടുക്കുകയോ, അതല്ലെങ്കിൽ ഇതിനോട് ഒരു വാക്കു കൂട്ടിച്ചേർത്താലോ" ഹല്ലേലൂയാ! ക്രിസ്തു തന്റെ ഭാര്യ വചനത്തോട് പരിശുദ്ധിയായിരിക്കാൻ ആഗ്രഹിക്കുന്നു. [ബ്രദർ ബ്രൺഹാം പുൽപ്പിറ്റിന്മേൽ നാലു തവണ മുട്ടുന്നു—Ed.] അവൾ അപ്രകാരമായിരിക്കണം.

145 എന്തുകൊണ്ടെന്നാൽ, ഇതിൽ നിന്നും ഒരു വള്ളിയോ, പുള്ളിയോ അല്ലെങ്കിൽ ഒരു പൊട്ടോ, കുത്തോ, ഈ ന്യായപ്രമാണത്തിൽ നിന്നും അല്ലെങ്കിൽ ഈ പുസ്തകത്തിൽ നിന്നും അതു പൂർത്തിയാകുവോളം ഒഴിഞ്ഞുപോകുകയില്ല. യേശു പറഞ്ഞു, "ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും. എന്റെ വചനത്തിന് ഒരിക്കലും മാറ്റമുണ്ടാകുകയില്ല."

146 ഇതിനോട് യാതൊരു സ്വന്തമായ വ്യാഖ്യാനവും ഇടരുത്. അവൻ ഒരു പരിശുദ്ധമായ കലർപ്പില്ലാത്ത, ഒരു വിലാസി നടക്കുന്നവളെ പോലും ആഗ്രഹിക്കുന്നില്ല. എന്റെ ഭാര്യ മറ്റൊരു പുരുഷനുമായി വിലസുന്നതിന് ഞാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ ഇതിനപ്പുറത്തുള്ള ഏതെങ്കിലും തരത്തിലുള്ള യുക്തി ചിന്തകൾക്ക് ചെവിക്കൊടുക്കുമ്പോൾ, നിങ്ങൾ സാത്താനുമായിട്ട് വിലസുകയാണ്. ആമേൻ! ഇത് നിങ്ങളെ ആത്മീയമായി അനുഭവപ്പെടുന്നതിന് ഇടയാക്കുന്നില്ലേ? [പള്ളിയിൽ കൂടിവന്നവർ പറയുന്നു, "ആമേൻ."—Ed.] ദൈവം നിങ്ങൾ കലർപ്പില്ലാത്തവരായി നിൽക്കുന്നതിന് ആഗ്രഹിക്കുന്നു. ഈ വചനത്തോടൊപ്പം അവിടെ തന്നെ നിന്നു കൊള്ളുക. ഇതിനോടൊപ്പം ഉറച്ചു നിന്നു കൊള്ളുക. അതു ശരിയാണ്.

147 ഏദെൻ തോട്ടത്തിൽ വച്ച് ദൈവം ഹവ്വയോട് വാഗ്ദത്തം ചെയ്തു പോലെ, തന്നെ ഇവിടെയുള്ള ഈ അവസാനത്തെ ഹവ്വയോടും, ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. അത്, സഭയുടെ ആരംഭമായിരുന്ന, പെന്തെക്കോസ്തു സഭ, ഈ സഭ, സ്വയം തന്നെ ജീവനുള്ള മനുഷ്യരുടെയെല്ലാം, അവർ അവിടെക്ക് പോയിരുന്നിടത്തോളം, അവർക്ക് മാതാവായിരുന്നു. എന്നാൽ, അവളുടെ പാപങ്ങളിൽ അവർ പങ്കാളികളാകുമ്പോൾ, അവർ അവളോടൊപ്പം മരിച്ചുപോകുന്നു.

148 ഇവിടെ ഇതാ ഒരു ചെറുപ്പക്കാരൻ കടന്നു വരുന്നു. അവൻ പറയുകയാണ്. ഞാൻ—ഞാൻ ദൈവത്തെ സേവിക്കാൻ ആഗ്രഹിക്കുന്നു."

149 അവർ പറയും, "കൊള്ളാം, നിങ്ങൾ എന്താണ് ചെയ്യേണ്ടത് എന്ന് ഇവിടെ പറയുന്നു. നിങ്ങൾ ചെന്ന് മാനസാന്തരപ്പെടുക."

"ശരി. ഞാൻ ചെന്ന് അത് ചെയ്യുന്നതാണ്. ദൈവത്തിന് മഹത്വമുണ്ടാകട്ടെ! നിങ്ങൾ അവിടേക്ക് ചെന്ന് മാനസാന്തരപ്പെടുക."

150 "എന്നിട്ട് ഇപ്പോൾ വന്ന് ഞങ്ങളോടൊപ്പം ചേരുക." അവിടെ, അവിടെയാകുന്നു നിങ്ങൾ. ഊഹ്-ഹാ. കാണുന്നോ? അതിന് അത് കിട്ടിയിരിക്കുന്നു. ഹാ! അത് ശരിയാണ്, അതിനോടൊപ്പം തന്നെ മരിച്ചുപോകുന്നു. കാണുന്നോ? കാണുന്നോ? അത് ഇപ്രകാരം... അതാണ് ഈ പുസ്തകം ഇവിടെ പഠിപ്പിക്കുന്നത്, നോക്കൂ, അത് ഞാൻ പറയുന്നത് അതല്ല. കാരണം, ഇവിടെ അത് അപ്രകാരം പറയുന്നു. അത് ശരിയാണ്.

151 ദൈവം ഹവ്വയോട് വാഗ്ദത്തം ചെയ്തിരുന്നതു പോലെ, തന്നെ അവളോട് വാഗ്ദത്തം ചെയ്തിരുന്നു. ദൈവം ഹവ്വയോട് പറഞ്ഞു, വചനം അവളുടെ അടുക്കൽ വീണ്ടും തിരികെ എത്തുന്ന ഒരു സമയം വരുന്നുണ്ട്. ഇപ്പോൾ നിങ്ങൾ അത് ഓർക്കുന്നുണ്ടോ? അവൾക്ക് നഷ്ടപ്പെട്ടതിനെ, അത് അവൾക്ക് യഥാസ്ഥാനത്താക്കും. എന്തുകൊണ്ടെന്നാൽ യഥാസ്ഥാനം ആക്കാൻ കഴിയുന്ന ഒരേ ഒരു കാര്യം മാത്രമേയുള്ളൂ, അത് വചനമാകുന്നു. കൃത്യമായും.

152 ഞാൻ പറയുകയാണ്, തോക്കുകൊണ്ട് ഒരു വെടി വെയ്ക്കു; നിങ്ങൾക്ക് അത് ലക്ഷ്യത്തിൽ പതിച്ചില്ലെങ്കിൽ, അതിന്റെ ഉന്നം പിഴച്ചതെവിടെയാണ് എന്നു കണ്ടു പിടിക്കുക. എന്നിട്ട് നിങ്ങൾ തിരികെ അവിടെ ചെന്ന് വീണ്ടും അവിടെ നിന്നും തുടങ്ങണം. കാണുന്നോ?

153 നിങ്ങൾ തിരികെ പോകുകയാണെങ്കിൽ നിങ്ങൾ നിഖ്യായിലേക്ക് പോകണം. അവിടെ നിന്നാണ് നിങ്ങൾ വീണ്ടും തുടങ്ങേണ്ടത്, നോക്കൂ. എല്ലാ സഭാസംഘടനകളിൽ നിന്നും അതുപോലെയുള്ള സഭകളിൽ നിന്നും തിരികെ പോകുക. നമ്മൾ ഈ മുദ്രകളിൽ അത് അത്രമാത്രം സ്പഷ്ടമായി കണ്ടുകൊണ്ടിരിക്കുന്നു.

154 എന്റെ ജീവിതകാലം മുഴുവനും ഞാൻ ഒരു സഭാസംഘടനയുടെ സമ്പ്രദായത്തോട് അത്രമാത്രം എതിരായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്. അത് ജനങ്ങളോടല്ലായിരുന്നു, അല്ല. ജനങ്ങൾ എന്നെയോ, നിങ്ങളെയോ,

മറ്റാരെയെങ്കിലും പോലെയാകുന്നു. എന്നാൽ ആ സമ്പ്രദായം, ആ സഭാസംഘടനകളുടെ സമ്പ്രദായം, അതിപ്പോൾ നേരെ ഞാൻ ഇവിടെ കാണുന്നു. ഇതുവരെ ഞാൻ ഒരിക്കലും അത് അറിഞ്ഞിരുന്നില്ല. അത് ശരിയായ കാര്യമാകുന്നു.

155 സ്വാഭാവിക ഹവ്വയോട് വാഗ്ദത്തം ചെയ്തിരുന്നതു പോലെ തന്നെ. ആത്മീയ ഹവ്വയോട് വചനം വീണ്ടും അവൾക്ക് യഥാസ്ഥാനത്താക്കി കൊടുക്കും എന്ന് ദൈവം വാഗ്ദത്തം ചെയ്തിരുന്നു. അവസാന നാളുകളിൽ, മൂലവചനം, വീണ്ടും സഭയ്ക്ക് യഥാസ്ഥാനത്താക്കി കൊടുക്കും.

156 ഇപ്പോൾ വളരെ ശ്രദ്ധയോടെ കേൾക്കുക. നിങ്ങൾക്ക് ഇത് തീർച്ചയായിരിക്കണമെന്ന് ഞാൻ—ഞാൻ ആഗ്രഹിക്കുന്നു. ദൈവം ഹവ്വയ്ക്ക് വാഗ്ദത്തം നല്കിയിട്ട് പറഞ്ഞു, കാലം തികയുമ്പോൾ വചനം അവളുടെ സന്തതിയാൽ യഥാസ്ഥാനത്താക്കും. ഈ വചനം, സ്വയം തന്നെ സന്തതിയായി തീരും. അവർ അവൾക്ക് അതിന് പകരമായി ഒരു കാര്യം നല്കിയപ്പോൾ, അവൾ ആ പകരമായതിനെ പിടിച്ചുകൊണ്ടു തുടർന്നു. എന്നാൽ വചനം അവളുടെ അടുക്കൽ എത്തിയപ്പോൾ അവൾ എന്താണ് ചെയ്തത്? "എനിക്കതിന്റെ ആവശ്യമില്ല" എന്ന് പറഞ്ഞു. അത് അത്രയും താഴ്മയിലായിരുന്നു. അത് അവൾക്ക് ചേർച്ചയായി കാണപ്പെട്ടില്ല. അത് അത്രയും തേച്ചു മിനുക്കിയതായിരുന്നില്ല. "ഒരു കന്നുകാലി തൊഴുത്തോ?" ഓ, എന്റെ! എന്റെ! ഒരു ദിവസം പോലും സ്കൂളിൽ പോകാത്ത, ഇതു പോലെയുള്ള ഒരു മനുഷ്യനോ? കൊള്ളാം, എനിക്കത് സ്വീകരിക്കാൻ കഴിയില്ല. അത് മശിഹയല്ല. ബാക്കിയുള്ളവരെല്ലാം അവനെ അങ്ങോട്ടുമിങ്ങോട്ടും തൊഴിക്കാൻ അനുവദിച്ചിട്ട് പിന്നെ 'മശിഹയെന്ന്' വിളിക്കപ്പെട്ടുന്നോ? അവന്റെ മുഖത്ത് പഴന്തുണി കെട്ടി അവന്റെ തലയിൽ അടിക്കാൻ അവരെ ഇടയാക്കിയെന്നോ? എന്നിട്ട് അവനെ തന്നെ ഒരു പ്രവാചകനെന്ന്, ഒരു യഥാർത്ഥ പ്രവാചകൻ വീണ്ടും ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നോ?

157 യഥാർത്ഥത്തിൽ, അവർക്ക് പ്രവാചകന്മാരെ അറിയില്ലായിരുന്നു. യേശു അപ്രകാരം പറഞ്ഞിരുന്നു. "നിങ്ങൾ പ്രവാചകന്മാരെ അറിഞ്ഞിരുന്നെങ്കിൽ എന്നെയും അറിയുമായിരുന്നു." അത് ശരിയാണ്.

158 ഇപ്പോൾ ശ്രദ്ധിക്കു, വചനം അവളുടെ അടുക്കൽ അത് എപ്രകാരം എത്തിച്ചേരുമെന്ന് ദൈവം അവളോട് പറഞ്ഞിരുന്നോ കൃത്യമായും അതേ രീതിയിൽ അത് എത്തിയപ്പോൾ; അവൾ അതിനെ മറ്റേതൊ രീതിയിലായി കണക്കുക്കൂട്ടി വച്ചിരുന്നു. ഞാൻ മണവാട്ടിയെക്കുറിച്ചാണ്,

ആ യഹൂദ മണവാട്ടിയെ, ആ എബ്രായ മണവാട്ടിയെക്കുറിച്ചാണ് സംസാരിക്കുന്നത്. അത് ഹവ്വയിൽ നിന്നാണ് തുടങ്ങിയത്, അതിനു ശേഷം അതിവിടെ എത്തിയപ്പോൾ അവൾക്കത് വേണ്ടായിരുന്നു. അവൾ പകരമായി നല്ലപ്പെട്ടിട്ടുള്ളതുമായി തുടരാൻ ആഗ്രഹിച്ചു.

159 ഇപ്പോൾ, ദൈവം ആത്മീയ ഹവ്വയോട്, പെന്തെക്കോസ്തു നാളിൽ, വാഗ്ദത്തം ചെയ്യുകയും സഭയ്ക്ക് വീഴ്ച പറ്റുന്നതിന് നാന്നൂറ് വർഷങ്ങൾക്ക് മുമ്പ് തന്നെ ഇത് സംഭവിക്കുമെന്നും കൂടാതെ അവർക്ക് വിശ്വാസത്യാഗം ഉണ്ടാകുമെന്നും അവർ എന്തെല്ലാം ചെയ്യുമെന്നും പറഞ്ഞിരുന്നു. എന്നാൽ അന്ത്യകാലത്ത് വചനം വീണ്ടും അവൾക്ക് നല്കപ്പെടുമെന്ന് വാഗ്ദത്തം ചെയ്തിരുന്നു.

160 യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ഇതേ കാര്യത്തെക്കുറിച്ച് സംസാരിച്ചിരുന്നു; അവൻ അത് വീണ്ടും അയയ്ക്കും. എന്താകും... എന്നാൽ എന്താങ്ങനെ ആയിരിക്കും കാണപ്പെടുന്നത്? അത് ആദ്യം വന്നപ്പോൾ കണ്ട അതേ കാര്യം തന്നെ കാണും. ശരിയാണ്. അവർക്ക്, അവർക്ക് ആവശ്യമായിട്ടുള്ളത് പകരമായി നല്കപ്പെട്ട കാര്യങ്ങളാകുന്നു. അവർക്ക് അവരുടെ സഭാസംഘടനയെ ആവശ്യമായിരിക്കുന്നു. അവർക്ക് അവരുടെ മതതത്വസംഹിതകൾ ആവശ്യമായിരിക്കുന്നു. അവർക്ക് തോന്നിയ രീതിയിൽ ജീവിക്കാൻ അവർ ആഗ്രഹിക്കുന്നു. അവർക്ക് ആവശ്യമായത് കൊള്ളാം "ഞാൻ *ഇന്ന-ഇന്ന* ആളാകുന്നു. ഞാൻ *ഇന്ന-ഇന്ന* സഭക്കാരനാകുന്നു," എന്ന് പറയുന്നതാണ്. ദൈവം ചെയ്യുന്നത് അത് അവർക്ക് യാതൊരു വ്യത്യാസവും ഉണ്ടാക്കുന്നില്ല, അവൻ സ്വയം അവനെതന്നെ എത്രമാത്രം വെളിപ്പെടുത്തി കാണിച്ചാലും; അവന് മരിച്ചവരെ ഉയർപ്പിക്കാൻ കഴിഞ്ഞാലും അവന് മനുഷ്യരുടെ ഹൃദയ രഹസ്യങ്ങൾ വെളിപ്പെടുത്താൻ കഴിഞ്ഞാലും; അവൻ ചെയ്യുമെന്ന് ബൈബിളിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും അവൻ ചെയ്താലും. അത് ഒരംശം പോലും അവർക്ക് വ്യത്യാസം ഉണ്ടാകുന്നില്ല. "അത് എന്റെ സഭാസംഘടനയോട് ബന്ധപ്പെട്ടതല്ലെങ്കിൽ, എനിക്കതുമായി യാതൊരു കാര്യവുമില്ല." കാണുന്നോ?

161 അതേ കാര്യം തന്നെ എബ്രായ മണവാട്ടി ചെയ്തു, അത് ശരിയാണ്, നോക്കൂ, അവർ അവരുടെ പകരമായി നല്കപ്പെട്ടതിന് ചെവി കൊടുത്തു. ദൈവം അവർക്ക് യഥാർത്ഥമായത് വാഗ്ദത്തം ചെയ്തിരുന്നു. അങ്ങനെ യഥാർത്ഥമായത് വന്നപ്പോൾ, അവർക്ക് അതിന്റെ ആവശ്യമില്ലായിരുന്നു. അത് അത്രമാത്രം എളിമയിലായിരുന്നു.

162 ഇപ്പോൾ, ഇന്ന് ഇത് ദൃശ്യത്തിലേക്ക് ഉയരുമ്പോൾ അതേ കാര്യം തന്നെയാകുന്നു. ഇപ്പോൾ, ദൈവം, മലാഖിയുടെ 4-ൽ അവൻ അന്ത്യനാളുകളിൽ സന്ദേശം അയച്ച്, അത് യഥാസ്ഥാനത്താക്കുമെന്ന് വാഗ്ദത്തം ചെയ്തിരുന്നു. യോവേൽ പറഞ്ഞു, "ഈ സംവത്സരങ്ങളെല്ലാം ഞാൻ പകരം നൽകും." റോം തിന്നു കളഞ്ഞതെല്ലാം, മെഥഡിസ്റ്റ് തിന്നു കളഞ്ഞതെല്ലാം, ബാപ്റ്റിസ്റ്റ തിന്നു കളഞ്ഞതെല്ലാം, ആ യഥാർത്ഥമായ പെന്തെക്കോസ്തു സഭയുടെ ശിഖരത്തിൽ നിന്നും അവർ തിന്നു കളഞ്ഞതെല്ലാം "അന്ത്യനാളുകളിൽ ഞാൻ യഥാസ്ഥാനത്താക്കും." അത് ശരിയാണ്.

163 അതിനു വേണ്ടതായ ഒരു വ്യക്തിയെ അയയ്ക്കാൻ ദൈവത്തിന് കഴിഞ്ഞാൽ...അതിനെക്കുറിച്ചുള്ള ഏക കാര്യമെന്നത് അവൻ തന്റെ വചനത്തെ ഒരു പ്രവാചകന്റെ അടുക്കൽ മാത്രമേ അയക്കുകയുള്ളൂ എന്നതാണ്, മതപരിഷ്കർത്താക്കളുടെ അടുക്കലല്ല; പ്രവാചകന്മാരുടെ അടുക്കൽ മാത്രം. അതിനുള്ള നാഴിക അതായിരുന്നില്ല. ഇപ്പോൾ അതിനുള്ള നാഴിക അടുത്തിരിക്കുന്നു; ആ കാരണത്താലാണ് അതു വരുന്നതിനുവേണ്ടി നോക്കിക്കൊണ്ട് നാം കാത്തിരുന്നത്. അത് അത്രമാത്രം എളിമയിലും ശാന്തതയിലുമായിരിക്കും! അങ്ങനെ...ഓ, എന്റെ!

164 ഈ കുലീനരായ മെഥഡിസ്റ്റുകാരും, ബാപ്റ്റിസ്റ്റുകാരും പ്രെസ്ബിറ്റേറിയൻകാരും പെന്തെക്കോസ്തുകാരും ഇത് എപ്പോഴെങ്കിലും സ്വീകരിക്കുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ?

"ഓ," നിങ്ങൾ ചോദിച്ചേക്കാം, പെന്തെക്കോസ്തുകാരോ?

165 പെന്തെക്കോസ്തുകാർ ലവോദിക്യരാണ്, "ധനവാൻ എനിക്ക് ഒന്നിനും മുട്ടില്ല."

166 "എന്നാൽ നീ ദരിദ്രനും അങ്ങനെ അറിയാതെയും ഇരിക്കുന്നു," എന്ന് അത് പറയുന്നു. ദശലക്ഷക്കണക്കിന് ഡോളർ വിലയുള്ള കെട്ടിടങ്ങൾ നിങ്ങൾ നിർമ്മിക്കുന്നുണ്ടാകാം, എന്നാൽ അപ്പോഴും ദരിദ്രനാകുന്നു, ആത്മീയമായി ദരിദ്രനാകുന്നു.

"ഓ," "എനിക്കതെല്ലാം കാണാൻ കഴിയുന്നുണ്ട്," എന്ന് നിങ്ങൾ പറഞ്ഞേക്കാം.

"എന്നാൽ നീ കുരുടനാകുന്നു."

"കൊള്ളാം," നീ പറഞ്ഞേക്കാം, "ദൈവം അനുഗ്രഹിക്കപ്പെടട്ടെ, ഞാൻ വസ്ത്രം ധരിച്ചിട്ടുണ്ട്."

"നഗ്നനാകുന്നു."

“കൊള്ളാം, എന്റെ പയ്യന്മാരെക്കുറിച്ച് എനിക്ക് തീർച്ചയാണ്. ഞങ്ങൾക്ക് സെമിനാരികളുണ്ട്. ഞങ്ങൾ...”

167 “നീ ഇത് അറിയാതെയും ഇരിക്കുന്നു.” ഇപ്പോൾ ഇത് നേരെ മറിച്ചും ആകുന്നു. ഇപ്പോൾ, ലവോദിക്ക്യ സഭ ഈ അവസ്ഥയിൽ ആയിരിക്കുമെന്ന് തിരുവെഴുത്ത് പറയുന്നു.

168 ഈ ഭൂമിയിൽ യാതൊരു മനുഷ്യനും ഇത് അന്ത്യകാലമല്ല എന്ന് നിഷേധിക്കാൻ കഴിയില്ല, കാരണം ഇത് ലവോദിക്ക്യ കാലഘട്ടമാകുന്നു. അല്ലെങ്കിൽ ഏഴാം സഭാകാലഘട്ടമാകുന്നു, അങ്ങനെ നാം ഇവിടെ എത്തി ചേർന്നിരിക്കുന്നു, രണ്ടാമത്തെ രണ്ടായിരം വർഷം അതിനെ അവസാനിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിനുശേഷം ഇനിയും ഒരു സഭാകാലമില്ല. ആ കാരണത്താൽ പിന്മഴ സഹോദരന്മാർക്ക് വേറൊരു സഭാസംഘടന തുടങ്ങാൻ കഴിയാത്തത്. ഇനിയും മറ്റൊന്നു ഉണ്ടാകാൻ പോകുന്നില്ല. അത് ശരിയാണ്. ഇത് അവസാനത്തായിരിക്കുന്നു. ആമേൻ. ഇനിയും വേറൊരു സഭാകാലം ഉണ്ടാകുകയില്ല. ഇത് എല്ലാമായി കഴിഞ്ഞിരിക്കുന്നു.

169 എന്നാൽ പെന്തെക്കോസ്ത സഭയുടെ സന്ദേശമാണ് അവസാനത്തെ സന്ദേശമെങ്കിൽ, നീതീകരണം, വിശുദ്ധീകരണം, പരിശുദ്ധാത്മാഭിഷേകം എന്നീ അവസാനത്തെ മൂന്ന് സന്ദേശങ്ങൾ അവസാനത്തെ മൂന്ന് സഭാകാലഘട്ടങ്ങൾ പൂർണമായ ജന്മത്തെ രൂപീകരിക്കുന്നു.

170 അതൊരു കുട്ടി ജനിക്കുമ്പോൾ ഒരു സ്ത്രീയ്ക്ക് സംഭവിക്കുന്നത് പോലെയാകുന്നു; ശരിക്കും ആദ്യത്തെ കാര്യമായി സംഭവിക്കുന്നത് ജലവും, പിന്നെത്തെ കാര്യം രക്തവും, അതിനടുത്ത കാര്യം ജീവനുമാകുന്നു.

171 അവർ യേശുവിനെ കുരിശിൽ തറച്ചു കൊന്നപ്പോൾ, പുതിയതിനെ കൊണ്ടുവരാനായി...ആ—ആ ജനനം കൊണ്ടുവരാനായി, അവന്റെ ശരീരത്തിൽ നിന്നും വന്ന വസ്തുക്കൾ ഈ ജന്മത്തെ രൂപീക്കരിക്കുന്നു. അവർ അവന്റെ വിലാപ്പുറത്ത് കുത്തിയപ്പോൾ, രക്തവും വെള്ളവും പുറത്തു വരികയും, “ഞാൻ എന്റെ ആത്മാവിനെ തൃകൈയിൽ എല്പിക്കുന്നു,” എന്നവൻ പറഞ്ഞു. അവന്റെ ശരീരത്തിൽ നിന്നും വന്നിരുന്നത് വെള്ളവും രക്തവും ആത്മാവുമായിരുന്നു.

172 ഇപ്പോൾ, 1 യോഹന്നാൻ 5:7-ൽ അതിനെക്കുറിച്ച് പറയുന്നു. “അതായത് സ്വർഗ്ഗത്തിൽ സാക്ഷ്യം പറയുന്ന മൂവരുണ്ട്, പിതാവ്, വചനം, (അത് ക്രിസ്തുവാകുന്നു) പരിശുദ്ധാത്മാവ്.” ഈ മൂന്നിന്റേയും

സാക്ഷ്യം ഒന്ന് തന്നെ. അവർ ഒന്നല്ല. എന്നാൽ ഒന്നിൽ സാക്ഷ്യം പറയുന്നു. സാക്ഷ്യം പറയുന്ന മൂവർ ഉണ്ട്. അല്ല, അവർ ഒന്നാകുന്നു എന്ന് ഞാൻ അർത്ഥമാക്കുന്നു. എനിക്ക് ഇവിടെ തെറ്റുപറ്റി. "ഭൂമിയിൽ സാക്ഷ്യം പറയുന്ന മൂവർ ഉണ്ട്. അത് ആത്മാവ്, ജലം, രക്തം എന്നിവയാകുന്നു." ഈ മൂന്നിന്റേയും സാക്ഷ്യം ഒന്നു തന്നെ.

173 നിങ്ങൾക്ക് നീതീകരണം കൂടാതെ ശുദ്ധീകരണം പ്രാപിക്കാം. നിങ്ങൾക്ക് ശുദ്ധീകരണം കൂടാതെ നീതീകരണം പ്രാപിക്കാനും. പരിശുദ്ധാത്മാഭിഷേകം കൂടാതെ നിങ്ങൾക്ക് ശുദ്ധീകരണം പ്രാപിക്കാനും കഴിയും. അത് കൃത്യമായ കാര്യമാകുന്നു.

174 യോഹന്നാൻ 17:17-ൽ ശിഷ്യന്മാർ ശുദ്ധീകരിക്കപ്പെട്ടിട്ട്, അവർക്ക് പിശാചുക്കളെ പുറത്താക്കാനുള്ള ശക്തി നല്കപ്പെട്ടുകയുണ്ടായി, എന്നാൽ അപ്പോഴും പരിശുദ്ധാത്മാവ് ഇല്ലായിരുന്നു. കാണുന്നോ? തീർച്ചയായും. അതിനു വേണ്ടി അവർക്ക് പെന്തെക്കോസ്തു വരെ ചെന്ന്, പരിശുദ്ധാത്മാവ് വരുന്നത് വരെ കാത്തിരിക്കേണ്ടിയിരുന്നു.

175 അവിടെയാണ് യൂദാ തന്റെ തനിനിറം കാണിച്ചത്. നീതീകരണത്തിൽ കൂടിയും വിശുദ്ധീകരണത്തിൽ കൂടിയും എപ്രകാരം ആ ആത്മാവ് പ്രവർത്തിച്ചു എന്നുള്ളത് കാണുന്നില്ലേ? എന്നാൽ അതിന്റെ അവസാനത്ത് എത്തിയപ്പോൾ, അവൻ തന്റെ തനിനിറം കാണിച്ചു. കാണുന്നോ? അത് ശരിയാണ്.

176 ഇപ്പോൾ ശ്രദ്ധിക്കുക, ഇപ്പോൾ, നാം ഇവിടെ അന്ത്യകാലത്ത് ആയിരിക്കുന്നു. ആത്മീയ ഹവ്വയും, എബ്രായ ഹവ്വയ്ക്ക് വാഗ്ദത്തം നല്കപ്പെട്ടിരുന്നത് പോലെ തന്നെ അതായത് വചനം തിരികെ അവളുടെ അടുക്കലേക്ക് യഥാസ്ഥാനത്താക്കപ്പെടുമെന്ന് എബ്രായ മണവാട്ടിക്ക് വാഗ്ദത്തം നല്കപ്പെട്ടിരുന്നു, പെന്തെക്കോസ്തു നാളിൽ നിന്നുള്ള ആത്മീയ മണവാട്ടിക്ക്, അവൾ നിഖ്യായിൽ വീണപ്പോൾ, അവൾക്കും അന്ത്യകാലത്ത് വചനം വീണ്ടും അവളുടെ അടുക്കൽ തിരികെ എത്തുമെന്ന് വാഗ്ദത്തം നല്കപ്പെട്ടിരുന്നു. ഇപ്പോൾ നിങ്ങൾ പറയാം, പിന്നെ...

177 നിങ്ങൾക്ക് മറ്റൊരു തിരുവെഴുത്തു കൂടി വേണമെന്ന് നിങ്ങൾ ഇപ്പോൾ പറഞ്ഞേക്കാം, അതിനു വേണ്ടി വെളിപ്പാട് 10-ലേക്ക് മറിച്ചു നോക്കാം. "ആ നാഴികയിൽ അവസാനത്തെ ദൂതന്റെ, ഏഴാം സന്ദേശവാഹകനായ (ഏഴാം ദൂതൻ) കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്ത് ദൈവത്തിന്റെ മർമ്മം നിവൃത്തിയാകും." കാണുന്നോ? തിരികെ വചനത്തിലേക്ക് യഥാസ്ഥാനത്താക്കപ്പെടുകയാണ്! അവസാന കാലത്ത് വരുവാനുള്ള ഈ ദൂതൻ, "അവരെ മൂല വിശ്വാസത്തിലേക്ക്

യഥാസ്ഥാനത്താക്കും, അതായത് പിതാക്കന്മാരുടെ വിശ്വാസത്തിലേക്ക് യഥാസ്ഥാനത്താക്കും എന്ന് തിരുവെഴുത്ത് പറയുന്നു.” എന്നാൽ അവർ അത് സ്വീകരിക്കുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഇല്ല, ശ്രീമാൻ. അത് മലാഖിയുടെ 4-ൽ അവൻ പറഞ്ഞിരിക്കുന്നതു പോലെ, “അന്ത്യകാലത്ത് അവൻ മൂല വചനത്തെ വീണ്ടും യഥാസ്ഥാനത്താക്കും.”

178 എന്നാൽ അവൾ അത് നഷ്ടമാക്കികളഞ്ഞു. ഇപ്പോൾ, നിഖ്യായിൽ വച്ച് ആ വചനത്തെ അവൾ നഷ്ടമാക്കിക്കളഞ്ഞു. ഹവ്വ ഏദെനിൽ വച്ച് അത് നഷ്ടമാക്കിക്കളഞ്ഞു; ഹവ്വ കാൽവരിയിൽ വച്ച് അവളുടെതിനെ തള്ളിക്കളഞ്ഞു. അതേപോലെ തന്നെ, നിഖ്യായുടെ കൂട്ടരും ഈ അന്ത്യകാലത്ത് അത് തള്ളിക്കളഞ്ഞുകൊണ്ടിരിക്കുന്നു. എന്റെ!

179 എന്നാൽ വചനം മനുഷ്യ ജഡമായി വന്നപ്പോൾ, അവൾ, ഹവ്വ, ആ എബ്രായ സഭ, എല്ലാ ആത്മീയ ജീവന്റെയും മാതാവായ, അവൾ, അപ്പോൾ അത് തള്ളിക്കളഞ്ഞു. അവൾ അവളുടെതായ മതാചാരങ്ങളിലും, മതസിദ്ധാന്തങ്ങളിലും അത്രമാത്രം മരിച്ചിട്ട്, അവൾ അത് വിട്ടുപോയി. അതുപോലെ തന്നെ ഇതിനും സംഭവിച്ചിരിക്കുന്നു. കൃത്യമായും അത് ശരിയാണ്.

180 വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന വചനത്താൽ, ജീവനുള്ള വചനം ജഡത്തിൽ വെളിപ്പെട്ടപ്പോൾ, അവർ അവനെ വിട്ടുകളഞ്ഞു. ആ വചനം ഈ കാര്യങ്ങളെ ചെയ്യുമെന്ന് വാഗ്ദത്തം ചെയ്തിരുന്നു. അന്ത്യകാലത്ത് അത് ഇതുപോലെ തന്നെ അയിരിക്കും എന്ന് വാഗ്ദത്തം ചെയ്തിരുന്നു. “സൊദോമിന്റെ കാലത്തെപ്പോലെ തന്നെ മനുഷ്യപുത്രന്റെ വരവിലും ആകും.” ഇപ്പോൾ സൊദോമിൽ എന്തു സംഭവിച്ചു എന്നു നോക്കുക. അതുപോലെ “നോഹയുടെ കാലത്തെപ്പോലെ തന്നെ മനുഷ്യപുത്രന്റെ വരവിലും ആകും.” കാണുന്നോ? അപ്പോൾ എന്തു സംഭവിച്ചു എന്ന് നോക്കുക. കാണുന്നോ? ഇപ്പോൾ അത് ഇതേ കാര്യം തന്നെ ആയിരിക്കുമെന്ന് അവൻ പറഞ്ഞിരിക്കുകയും അങ്ങനെ നാം ആ കാലത്ത് ജീവിക്കുകയും ചെയ്യുന്നു. ശരി, എനിക്ക് തിരുവെഴുത്തിൽ നിന്നും അതിനെ സൂചിപ്പിക്കുന്ന അതുപോലെയുള്ള അറുന്നൂറോളം വാഗ്ദത്തങ്ങൾ എടുത്തുക്കാട്ടാൻ കഴിയുമെന്ന് ഞാൻ ഊഹിക്കുന്നു. മനസ്സിലായോ? എന്നാൽ, ഇപ്പോൾ, അവർ അത് തള്ളിക്കളഞ്ഞിരിക്കുന്നു.

181 അവൾ മതാചാരക്രമങ്ങളെയും പകരത്തിന് നല്കിയതിനെയും പിടിച്ചിരിക്കുകയും...അവൾ യഥാർത്ഥമായ രക്തത്തിന് പകരം, പകരമായി നല്കപ്പെട്ട രക്തത്തെ, ഏറ്റെടുത്തിരിക്കുകയും ചെയ്തിരുന്നു.

ആ വചനമായ, യേശു, പറഞ്ഞു, അത് അവൾക്ക് വെളിപ്പെട്ടപ്പോൾ, “അവൾ ഈ മതാചാരക്രമങ്ങളെ ഏറ്റെടുത്തിരുന്നതിന്റെ കാരണത്താൽ...” യേശു, വെളിപ്പെട്ട വചനം, മണവാട്ടിയോട്, എബ്രായ മണവാട്ടിയോട് പറഞ്ഞു, നിങ്ങൾ ഉപദേശിക്കുന്ന സമ്പ്രദായങ്ങളാൽ നിങ്ങൾ ദൈവകല്പന ദുർബലമാകുന്നു. എന്നാൽ അത് പ്രയോജനമാക്കാൻ കഴിയുന്നില്ല.

182 ഇപ്പോൾ, ആ കാരണത്താൽ ഇന്ന്, നമുക്കുണ്ടായിരിക്കേണ്ട ഉണർവ്വുകൾ, നമുക്കുള്ളത് വിഭാഗീയ സഭകളുടെ ഉണർവ്വുകളാകുന്നു. നമുക്ക് ഇതുവരെയും ഒരു യഥാർത്ഥമായ ഉത്തേജിപ്പിക്കൽ ഉണ്ടായിട്ടില്ല. ഇല്ല, ഇല്ല, ഇല്ല, ഇല്ല ശ്രീമാൻ. നമുക്ക് ഉണർവ്വുകൾ ഉണ്ടെന്ന് വിചാരിക്കരുത്. നമുക്ക് ഇല്ല. ഓ, അവർക്ക് ദശലക്ഷം ദശലക്ഷം സഭാംഗങ്ങളുണ്ട്, എന്നാൽ ഒരിടത്തും ഒരു ഉണർവില്ല. ഇല്ല, ഇല്ല.

183 മണവാട്ടിയ്ക്ക് ഇതുവരെയും ഒരു ഉണർവ്വ് ഉണ്ടായിട്ടില്ല. കാണുന്നോ? അവിടെ ഒരു ഉണർവ്വോ, ദൈവത്തിൽ നിന്നും ഒരു പ്രത്യക്ഷമാക്കലോ മണവാട്ടിയെ ഉത്തേജിപ്പിക്കുന്നതിന് ഇതുവരെയും ഉണ്ടായിട്ടില്ല. കാണുന്നോ? നാം അതിനു വേണ്ടി ഇപ്പോൾ നോക്കിക്കൊണ്ടിരിക്കുകയാണ്. അവളെ വീണ്ടും ഉണർത്തുന്നതിന്, പിന്നിലായുള്ള ആ രഹസ്യമായുള്ള ഏഴ് ഇടിനാദങ്ങൾ ആവശ്യമായിരിക്കുന്നു. നോക്കു, അതെ, അവൻ അത് അയയ്ക്കും. അവൻ അത് വാഗ്ദത്തം ചെയ്തിരിക്കുന്നു. ഇപ്പോൾ ശ്രദ്ധിക്കുക,

184 ഇപ്പോൾ അവൾ—അവൾ മരിച്ചവളാകുന്നു. സഭകൾ അവരുടെ മതവിശ്വാസപ്രമാണങ്ങളെ മറന്ന്, അവരുടെ ആചാര മര്യാദകളെ മറന്നിട്ട്, ബൈബിൾ മാത്രം എടുത്ത് അതിലെ വാഗ്ദത്തങ്ങൾ അവകാശപ്പെടുകയാണെങ്കിൽ, പിന്നെ ഇത് ദുർബ്ബലമാകാതെ ഫലപ്രദമായി തീരും. എന്നാൽ നോക്കു, യേശു, പറഞ്ഞു, “നിങ്ങൾ, നിങ്ങൾ ഉപയോഗിക്കുന്ന നിങ്ങളുടെ സമ്പ്രദായത്താൽ ദൈവകല്പന നിങ്ങൾ തന്നെ ദുർബ്ബലമാക്കുന്നു.” ശരി, അതേ കാര്യം തന്നെ ഇന്ന് ആത്മീയ മണവാട്ടിക്കും ആയിരിക്കുന്നു. നോക്കു അത് പേരിന് വിളിക്കപ്പെടുന്ന, ആത്മീയ മണവാട്ടിയായ, ഇന്നത്തെ സഭയാകുന്നു. അവൾ ദൈവത്തിന്റെ വചനത്തെ എടുക്കുന്നു, അവൾ അത് സ്വീകരിക്കുന്നില്ല. അതിന് പകരമായി അവൾ മതവിശ്വാസപ്രമാണങ്ങളെ സ്വീകരിക്കുന്നു. ആ കാരണത്താൽ, വചനം അവൾക്ക് ദുർബ്ബലമായി തീരുന്നു, നോക്കു, കാരണം, അവൾ അവളുടെ മതവിശ്വാസപ്രമാണത്തെ ദൈവത്തിന്റെ വചനവുമായിട്ട്

കുത്തി നിറയ്ക്കാൻ ശ്രമിക്കുകയും അത് പ്രാവർത്തികമാകയും ചെയ്യുന്നില്ല. ഇപ്പോൾ, നമുക്ക് ഇന്ന് നമുക്കാവശ്യമായിരിക്കുന്നത്...

185 *ഹെറാൾഡ് ഓഫ് ഹിസ് കമ്മിങ്*, അതായത് അവന്റെ വരവിന്റെ മുന്നോടി എന്ന പത്രത്തിന്റെ തലക്കെട്ടായി എഴുതിയിരുന്നത് ഞാൻ ഇവിടെ വായിക്കുകയാണ്. “നമുക്ക് ഒരു പ്രവാചകന്റെ തിരിച്ചു വരവ് ആവശ്യമായിരിക്കുന്നു!” “നമുക്ക് ഒരു പ്രവാചകന്റെ തിരിച്ചു വരവ് ആവശ്യമായിരിക്കുന്നു!” എന്ന് എഴുതിയിരുന്നു. എന്നാൽ അവൻ വരുമ്പോൾ, അവർ അതിനെക്കുറിച്ച് യാതൊന്നും അറിയുകയില്ല, എന്ന് ഞാൻ ഊഹിക്കുന്നു. അത് ശരിയാണ്. അത് എല്ലായ്പ്പോഴും അങ്ങനെ തന്നെ ആയിരിക്കുന്നു. നോക്കുക. “നമുക്ക് അത് ആവശ്യമായിരിക്കുന്നു.” അതിനെക്കുറിച്ച് എല്ലാക്കാര്യങ്ങളും നിങ്ങൾ സംസാരിക്കുന്നു, “നമുക്കൊരു പ്രവാചകന്റെ തിരിച്ചു വരവ് ആവശ്യമായിരിക്കുന്നു, അവൻ ദൈവത്തിന്റെ വചനം നിർഭയമായി നമ്മുടെ അടുക്കൽ കൊണ്ടു വരും. തിരുവെഴുത്ത് അത് വാഗ്ദത്തം ചെയ്തിരിക്കുന്നത് നാം വിശ്വസിക്കുന്നു.”

186 ഇപ്പോൾ, എനിക്കറിയാം, സഹോദരൻ—സഹോദരൻ മൂറും മറ്റുള്ളവരും, പ്രസാദകനും, അദ്ദേഹത്തിന്റെ വീട്ടിൽ ഭക്ഷണം കഴിക്കുകയും, മറ്റെല്ലാം ചെയ്തിട്ടുണ്ട്. അദ്ദേഹം വളരെ ഒരു മിടുക്കനായ വ്യക്തിയാകുന്നു. കൂടാതെ അദ്ദേഹം തോലുകൊണ്ടുള്ള കാലുറകൾ ധരിക്കുകയും കൂടാതെ ഒരു നല്ല മനുഷ്യനും, അദ്ദേഹം ഒരു മിടുക്കനായ വ്യക്തിയാകുന്നു എന്നു ഞാൻ ഊഹിക്കുന്നു. എന്നാൽ, നോക്കു, നമുക്ക് അതിന്റെ ആവശ്യമുണ്ടായിരിക്കുന്നു, എന്ന് അദ്ദേഹം അറിയുന്നു. കൂടാതെ സഹോദരി മൂറും, വളരെ ഉത്കൃഷ്ടയായ ഒരു മഹിളയാകുന്നു. അദ്ദേഹത്തോടൊപ്പം അവർ രണ്ടു പേരും ത്യാഗം സഹിക്കുന്നു.

187 എന്റെ അഭിപ്രായത്തിൽ, “*അവന്റെ വരവിന്റെ മുന്നോടി,*” എന്ന പത്രം, ഏറ്റവും നല്ല പത്രങ്ങളിൽ ഒന്നാകുന്നു. എന്നാൽ അവർ അതിൽ “നമുക്ക് ഒരു പ്രവാചകനെ ആവശ്യമായിരിക്കുന്നു! നമുക്ക് ഒരു പ്രവാചകനെ ആവശ്യമായിരിക്കുന്നു!” എന്ന് അവർ തുടർച്ചയായി ശബ്ദമുണ്ടാക്കിക്കൊണ്ടിരിക്കുന്നു എന്നു നമുക്ക് കാണാൻ കഴിയും, കാണുന്നോ? എന്റെ! അതിനെക്കുറിച്ചാണ് അവർ സംസാരിക്കുന്നത്.

188 അങ്ങനെ നാം ഇന്നു, ഇവിടെ എത്തിയിരിക്കുന്നു, അത് ഇന്നലെയും ഇന്നും റേഡിയോയിൽ പ്രഖ്യാപിച്ചതുപോലെയാകുന്നു. അത്...ബാപ്റ്റിസ്റ്റ് സഭക്കാരും മറ്റും, അതായത്, “നമുക്ക് കത്തോലിക്കാ സഭയിൽ ചേരേണ്ട ആവശ്യമില്ല, എന്നാൽ

നമുക്ക് അവരുമായി ഒരുവിധം പള്ളിയിൽ കൂടിവരുന്നവർ ചെയ്തു പോകേണ്ടിയിരിക്കുന്നു." കാണുന്നോ?

189 അതേ സമയം തന്നെ, ഇവിടെ നിന്നും സന്ദേശം പോയ്ക്കൊണ്ടിരിക്കുന്നു. "ആ വിഷമേറിയ കാര്യത്തിൽ നിന്നും മാറിനിന്നുകൊള്ളുക!" കാണുന്നോ? കാണുന്നോ? "രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ച് നടക്കുമോ?" വെളിച്ചത്തിനും ഇരുളിനും തമ്മിൽ കൂട്ടായ്മ ചെയ്യാൻ കഴിയുകയില്ല. വെളിച്ചം അകത്തു വരുമ്പോൾ ഇരുൾ പുറത്തേയ്ക്ക് ഓടിപ്പോകും. കാണുന്നോ? അതിനു കഴിയുകയില്ല...ഏറ്റവും ശക്തിയുള്ളത്! ഇരുളിനെക്കൊണ്ട് നിങ്ങൾക്ക് വെളിച്ചത്തെ പുറത്താക്കാൻ കഴിയില്ല. എന്നാൽ നിങ്ങൾ വെളിച്ചത്തെക്കൊണ്ട് ഇരുളിനെ പുറത്താക്കുന്നു. അത് ശരിയാണ്. അവൻ തന്നെ വെളിച്ചമാകുന്നു, അവൻ തന്നെ വചനമാകുന്നു. കാണുന്നോ? അവിടെയാണ് നിങ്ങൾ നേരെ അതുമായിട്ട് തിരികെ എത്തിയിരിക്കുന്നത്. നിങ്ങൾക്ക് അതിനാൽ ഭോഷ്ക്ക് പറയാൻ കഴിയില്ല. അല്ലെങ്കിൽ തെറ്റായ യാതൊന്നിനും കഴിയില്ല. അതു വിണ്ടും അതേ സ്ഥാനത്തു തന്നെ തിരികെ എത്തിയിരിക്കുന്നു. അതെ ശ്രീമാൻ.

190 അത് എന്തെങ്കിലും ഒരു വ്യക്തി നിങ്ങളോട്ട ആവശ്യമില്ലാതെ വഴക്കു കൂടുവാൻ ശ്രമിക്കുന്നതുപോലെയാണ്; നിങ്ങൾക്ക് എവിടെ നിൽക്കണമെന്നു നിങ്ങൾക്ക് അറിയാമെങ്കിൽ, അയാൾ എന്താണ് വിശ്വസിക്കുന്നതെന്നും നിങ്ങൾക്ക് അറിയുാൻ കഴിയും.

191 അത് ഇപ്രകാരം ഒരു മുയലിനെ, അതന്റെ കൂട്ടിലേയ്ക്ക് അഴിച്ചു വിട്ടിട്ട് അതിന്റെ ദ്വാരങ്ങളെല്ലാം അടച്ചു കളയുന്നതുപോലെയാണ്. എന്നിട്ട് അതിന്റ വാതില്ക്കലിൽ ചെന്നു നിന്നു നോക്കുക; അതിന് തിരികെ വാതില്ക്കലേയ്ക്ക് വരേണ്ടതായിട്ടുണ്ട്. എല്ലാമായിട്ട് അതു മാത്രമാണ് അവിടെയുള്ളത്. കാണുന്നോ? അവന് വീണ്ടും ആ കൂടിന്റെ വാതില്ക്കലേയ്ക്ക് ഓടി വരേണ്ടിവരും, കാരണം അതിനു പുറത്തു കടക്കാനുള്ള വഴി അതു മാത്രമാണ്. *അതുവഴി* അവൻ തന്റെ തല പുറത്തേക്കിട്ട് കഴുത്ത് ഒടിയുന്ന മാതിരി പരിശ്രമിക്കും *അങ്ങോട്ടുമിങ്ങോട്ടും* ഓടുകയും ചെയ്യും. നിങ്ങൾ അവിടെത്തന്നെ നിന്നുകൊണ്ട് അവനെ ശ്രദ്ധിക്കുക. അവൻ നേരെ അവിടേയ്ക്ക് തന്നെ തിരിച്ചു വരും. കാണുന്നോ? അത്ര തന്നെ.

192 അത് മാത്രമാണ് ചെയ്യാനുള്ള ഏക വഴി. വചനത്തിനോടൊപ്പം നിന്നുകൊള്ളുക. നിങ്ങളുടെ മത വിശ്വാസപ്രമാണങ്ങളുമായിട്ട്, നിങ്ങൾക്ക് എല്ലായിടത്തും തല്ലിതകർക്കാൻ കഴിയും, എല്ലായിടത്തും അവൻ ചെന്ന് കഴുത്ത് ഒടിയുന്നതുമാതിരി പരിശ്രമിക്കാൻ

കഴിയും, എന്നാൽ നിങ്ങൾക്ക് ഈ വചനത്തിൽ തന്നെ തിരികെ വരേണ്ടിയിരിക്കുന്നു. കാണുന്നോ? അതെ ശ്രീമാൻ. ഇത് അതിന്റെ എല്ലാമാകുന്നു.

193 ഇപ്പോൾ, ശ്രദ്ധിക്കു, അവർക്ക്—അവർക്ക്—അത് അവർക്ക് ആവശ്യമില്ലായിരുന്നു. അവർക്ക് ദൈവത്തിന്റെ വചനം ആവശ്യമില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ, അവൾ അവളുടെ സമ്പ്രദായങ്ങളെ ഏറ്റെടുത്തിരുന്നതിനാൽ, ദൈവത്തിന്റെ വചനത്തെ അവൾ ദുർബലമാക്കി കളഞ്ഞിരുന്നു.

194 ഇപ്പോൾ അതേ കാര്യം തന്നെ, ആത്മീയമായ ഹവ്വയിലും അവൾക്ക് അത് ആവശ്യമില്ലായിരുന്നു...അവൾ അവളുടെ സമ്പ്രദായങ്ങളെ പാലിക്കാനും, ദൈവത്തിന്റെ വചനത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കാനും ആഗ്രഹിക്കുന്നു. ദൈവത്തിന്റെ വചനത്തെ എടുക്കുന്നതിന് പകരം സഭ അവളുടെ വിഭാഗീയ സംഘടനകളെയും, അവളുടെ മതസിദ്ധാന്തങ്ങളെയും, അവരുടെ മൂപ്പന്മാരുടെ സമ്പ്രദായങ്ങളെയും പിടിച്ചുവയ്ക്കാൻ ആഗ്രഹിക്കുന്നു.

195 അന്ത്യകാലത്ത്, വാഗ്ദത്ത വചനം, അവളുടെ അടുക്കൽ കൊണ്ടു വന്നപ്പോൾ, അവൾ അത് സ്വീകരിക്കുന്നില്ല, കാരണം, എബ്രായ മണവാട്ടി ചെയ്തതുപോലെ, അവൾ അവളുടെ സമ്പ്രദായങ്ങളുമായി ഒത്തുചേർന്നിരിക്കുന്നു. ആ യഥാർത്ഥ വചനം, അത് വെളിപ്പെട്ട് ന്യായീകരിച്ച്, തെളിയിച്ച് കാണിച്ചിരുന്നാലും, അവൾ അത് എടുക്കുകയില്ല. എന്തുകൊണ്ട് സഭ അത് എടുക്കുന്നില്ല? കാരണം അവളുടെ മാതൃക അവിടെ ഉണ്ടായിരുന്നു. അവൾക്ക് അത് ചെയ്യാൻ കഴിയില്ല, അത് ശരിയാണ്. അവളുടെ മാതൃകയെ ഇവൾക്ക് തോല്പിക്കാനാകില്ല. കാണുന്നോ? കൂടാതെ അങ്ങനെ തന്നെ അവൾ ചെയ്യുമെന്ന് മുൻകൂട്ടി പറഞ്ഞിരിക്കുകയും ചെയ്തിരിക്കുന്നു, അതുകൊണ്ട് അതിൽ നിന്നും പിന്തിരിപ്പിക്കാൻ നിങ്ങൾക്ക് എങ്ങനെ കഴിയും?

196 അതുകൊണ്ട് നിങ്ങൾ ചെയ്യേണ്ട ഏക കാര്യം എന്നത് നിങ്ങൾ അതിൽ സന്തോഷമുള്ളവനായിരിക്കുക എന്നതാണ്. അത്ര മതി. അതിനായി നിങ്ങൾ കാത്തിരിക്കുക. അത് ശരിയാണ്.

197 അന്ത്യകാലത്ത്, ദൈവം തന്റെ വചനത്തെ അവൾക്ക് ന്യായീകരിച്ച്, വെളിപ്പെടുത്തിക്കൊടുക്കുമെന്നു വാഗ്ദത്തം ചെയ്തിരുന്നു, അപ്പോഴും അവൻ അത് ചെയ്തിരുന്നില്ല. അത് എല്ലാം, ദൈവം തന്റെ ദാസന്മാരായ, പ്രവാചകന്മാരിലൂടെ, അവൾക്കു വാഗ്ദത്തം ചെയ്തിരുന്നു. ദൈവം, യേശുക്രിസ്തുവിൽക്കൂടെ അത് വാഗ്ദത്തം ചെയ്തിരുന്നു. ദൈവം യോവേലിൽ കൂടി വാഗ്ദത്തം ചെയ്തിരുന്നു. ദൈവം പൌലൊസിൽ കൂടി വാഗ്ദത്തം ചെയ്തിരുന്നു. ദൈവം

മലാഖിയിൽ കൂടി വാഗ്ദത്തം ചെയ്തിരുന്നു. യോഹന്നാനിൽ... വെളിപ്പാടുകാരനായ യോഹന്നാനിൽ കൂടിയും, മറ്റ് പ്രവാചകന്മാരിൽ കൂടിയും, അന്ത്യകാലത്തെ സന്ദേശം എന്തായിരിക്കുമെന്ന്, കൃത്യമായും അവൾക്ക് വാഗ്ദത്തം ചെയ്തിരുന്നു. ഇപ്പോൾ, നിങ്ങൾ അത് കുറിച്ചെടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ; നിങ്ങൾ എല്ലാവരും അത് അറിയുന്നു: യേശു യോഹന്നാൻ 14:12-ലും; യോവേൽ, യോവേൽ 2:38-ലും; പൌലൊസ്, 2 തിമോത്തിയോസിന്റെ 3-ലും; മലാഖി 4-ാം അദ്ധ്യായത്തിലും, വെളിപ്പാടുകാരനായ യോഹന്നാൻ വെളിപ്പാട് 10-ന്റെ 17, 1 തൊട്ട് 17- വരെയും ചെയ്തിരിക്കുന്നു. നോക്കൂ, അത് ശരിക്കും, ഇപ്പോൾ എന്തു സംഭവിക്കും എന്നതാകുന്നു! സഭയ്ക്ക് അത് എന്താകുന്നു? ജഡത്തിൽ വെളിപ്പെട്ട വചനം തന്റെ ജനങ്ങളുടെ ഇടയിൽ വീണ്ടും ജഡമായി തീർന്നിരിക്കുന്നു. കാണുന്നോ? എന്നാൽ അവർ അത് വിശ്വസിക്കുന്നില്ല.

198 അവൻ...കാണിച്ചപ്പോൾ യേശു എന്താണ് പറഞ്ഞത്, യേശു ജനങ്ങളുടെ മുന്നിൽ അത്ഭുതങ്ങൾ പ്രവർത്തിച്ച്, അവൻ ദൈവമാണെന്ന് തെളിയിച്ച് കാണിച്ചപ്പോൾ അവർ എന്താണ് പറഞ്ഞതെന്ന് നിങ്ങൾക്കറിയാമോ? അവൻ ചെയ്ത പ്രവർത്തിക്കളെ, അവൻ തെളിയിച്ചു, അവൻ ആയിരുന്നു, അത് കൃത്യമായി അത് തെളിയിച്ചു കാണിച്ചു. അവൻ—അവൻ അവരോട് പറഞ്ഞു, "നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ, നിന്നിൽ നടന്ന വീര്യപ്രവർത്തികൾ സൊദോമിൽ നടന്നിരുന്നുവെങ്കിൽ, അത് ഇന്ന് വരെ നിലനില്ക്കുമായിരുന്നു." അത് ശരിയാണ്. എന്നാൽ കഫർന്നഹൂമിൽ അവൻ ചിലരെ സൌഖ്യമാക്കുകയും, ചിലരുടെ ഹൃദയ രഹസ്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്തിട്ട്, പുറത്തുകന്നതല്ലാതെ മറ്റ് യാതൊന്നും ചെയ്തിരുന്നില്ല. ഹാ-ഹും. അതെ അത്രമാത്രം. കാണുന്നോ?

199 ശക്തിയായ പ്രവർത്തികൾ എന്താണെന്ന് അവർക്ക് അറിയില്ല. അവർ കരുതിയിരുന്നത് ഇതൊരു വലിയ മഹത്തായ പരിപാടി ആയിരിക്കുകയും എല്ലാവരും എഴുന്നേറ്റ് നില്ക്കുകയും ജഡ്ജി കടന്ന് വന്ന് പ്രസംഗിക്കുകയും ബാന്റ് സംഘം പാടുകയും, നിറങ്ങൾ പറക്കുകയും, മോടിയായ വസ്ത്രം ധരിച്ച സ്ത്രീകളും അവരുടെ നിൽപ്പും, പിഎച്ച്.ഡിയും, എൽഎൽ.ഡി.,-കാരും, അങ്ങനെയുള്ള വലിയ ആളുകളെല്ലാം, ഉയർന്ന തൊപ്പികളും ഉയർത്തി വെച്ച ഷർട്ടിന്റെ കോളറുകളും അങ്ങനെ എല്ലാമായിട്ട്, അവർ കടന്നു വരുമെന്ന് വിചാരിച്ചിരുന്നു. അത് ഒരു മഹത്തായ കാര്യം തന്നെ ആയിരിക്കും.

എന്നാൽ "അത് മൂഢത്തരമാകുന്നു," എന്ന് ദൈവം പറഞ്ഞു.

200 ദൈവം എന്തെങ്കിലും ഒരു ചെറിയ കാര്യം ഉയർത്തിക്കൊണ്ടു വരികയും കഷ്ടിച്ച് തന്റെ അക്ഷരമാലയുടെ വ്യത്യാസം പോലും അറിയാത്ത ഒരുവനെ കൊണ്ടുവന്നിട്ട് എന്തെങ്കിലും അതിശയങ്ങൾ പ്രവർത്തിക്കുകയും അത് യഥാർത്ഥ സഭയെ അഗ്നിയിൽ എരിയിക്കുകയും ചെയ്യുന്നു. ബാക്കിയുള്ളവർ "ഒരു കൂട്ടം വിശുദ്ധ ഉരുളുകാർ," എന്ന് പറയുന്നു. ദൈവം *അതിനെ* "മഹത്തായത്" എന്നു വിളിക്കുകയും ലോകം അതിനെ "*ഭോഷത്വം*" എന്നു വിളിക്കുകയും ചെയ്യുന്നു. ലോകം "മഹത്തായത്" എന്നു വിളിക്കുന്ന *അതിനെ* ദൈവം "ഭോഷത്വം" എന്നു വിളിക്കുന്നു, നോക്കൂ, അത് തിരിച്ചും ആകുന്നു. മനസ്സിലായോ? ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന കാര്യം അവൻ ചെയ്തരിക്കുകയും, ചെയ്യുകയും ചെയ്യും, കാണുന്നോ? നാം ഇവിടെ എത്തിയിരിക്കുന്നു.

201 എബ്രായ ഹൗവ്വ, അവൾ ചെയ്ത അതേ കാര്യത്തിൽ, ഇപ്പോഴും അതുപോലെ തന്നെ ശേഷിക്കുന്നു. അവൾ അതു ചെയ്യുകയില്ല. നിങ്ങൾക്ക് മരിച്ചവനെ ഉയിപ്പിക്കാൻ കഴിയും; നിങ്ങൾക്ക് ദൈവത്തിന്റെ ആത്മാവിനെ കാണാൻ കഴിഞ്ഞെന്നിരിക്കാം. യേശു ഇറങ്ങി വന്ന്, അവൻ സ്വയം ദൈവപുത്രനാണെന്നു ന്യായീകരിച്ചു കാണിച്ചു. ആദ്യം, അവൻ പ്രസംഗിക്കാൻ തുടങ്ങി. കൊള്ളാം, അവർ വിചാരിച്ചു; "ഒരു വിചിത്ര വ്യക്തിയാണ്. എന്തായാലും ആരാണ് ഇവൻ?" അതെ, നിങ്ങൾക്കറിയാമോ ആദ്യമായി ജനങ്ങൾ പറയാൻ തുടങ്ങി...

202 കാരണം, അതിനുമുമ്പ്, അവന്റെ മുന്നോടിയായ യോഹന്നാൻ വന്നപ്പോൾ, അവർ അവനോടു ചോദിച്ചു, "നീ മിശിഹായാണോ?"

203 അവൻ പറഞ്ഞു "അല്ല." എന്നാൽ അവൻ നിങ്ങളുടെ ഇടയിൽ എവിടെയോ നില്ക്കുന്നുണ്ട്. ഹാ-ഹാ. കാണുന്നോ? എന്തുകൊണ്ടാണ്? തന്റെ സന്ദേശം നല്കുമ്പോൾ, അവന് എന്താണ് ചെയ്യാനുണ്ടായിരുന്നത് എന്ന്, അവൻ അറിഞ്ഞിരുന്നു. താൻ എന്തു ചെയ്യുവാൻ പോകുകയായിരുന്നു എന്നു അവൻ അറിഞ്ഞിരുന്നു.

204 അത് നോഹ ഹനോക്കിനെ ശ്രദ്ധിച്ചിരുന്നതുപോലെ ആയിരുന്നു. ഹനോക്ക് പോയ്ക്കഴിഞ്ഞപ്പോൾ, നോഹ പറഞ്ഞു, "പെട്ടകത്തിനോടു കൂടുതൽ അടുത്തായിരിക്കുന്നത് നല്ലത് സമയം അടുത്തിരിക്കുന്നു." നോഹ ഹനോക്കിനെ തുടർച്ചയായി ശ്രദ്ധിച്ചുകൊണ്ടിരുന്നു. കാണുന്നോ?

205 യോഹന്നാൻ, യേശു, അല്ലെങ്കിൽ ദൈവം അവന് നല്കിയിരുന്ന അടയാളത്തിന് വേണ്ടി ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവൻ പറഞ്ഞു, "അവൻ ഇപ്പോൾ എവിടെയോ നിങ്ങളുടെ ഇടയിൽ തന്നെ

നിൽക്കുന്നുണ്ട്. ഞാൻ അവനെ അറിയുന്നില്ല. എന്നാൽ ഞാൻ അവനെ അറിയും."

206 അവിടെ നിന്നുകൊണ്ട്, അവർ ചോദിച്ചു, "നീ മശിഹയാണോ?" പറഞ്ഞു, ഞങ്ങൾ കേന്ദ്രകാര്യാലയത്തിൽ നിന്നും അയക്കപ്പെട്ടിരിക്കുന്നു. ഊഹ്-ഹാ, പറഞ്ഞു, മൂപ്പന്മാരും ബാക്കിയുള്ളവരും ഞങ്ങളെ ഇവിടേക്ക് അയച്ചിരിക്കുന്നു. നീ തന്നെ മശിഹ എങ്കിൽ, ഇവിടെയുള്ള ഈ ചെറിയ ഒരു കൂട്ടം ആളുകളുടെ ഇടയിലല്ല! എന്നാൽ നീ അവിടേയ്ക്ക് ചെന്നിട്ട് എന്തുക്കൊണ്ട് നിന്നെ തന്നെ വെളിപ്പെടുത്തുന്നില്ല? നീ അവിടേയ്ക്ക് ചെന്ന് നിന്നെ തന്നെ വെളിപ്പെടുത്തി കാണിക്കുക.

207 അവൻ പറഞ്ഞു, "ഞാൻ മശിഹ അല്ല." അവൻ പറഞ്ഞു, "ഞാൻ മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദമാകുന്നു."

208 അത് അവരുടെ തലയ്ക്ക് മേലെ കൂടി എത്രയും ഉയർന്നു പോകാമോ, അത്രയും ഉയർന്നു പോയി. അവർക്ക് അതിനെ കുറിച്ച് യാതൊന്നും അറിയില്ലായിരുന്നു. നോക്കു, എന്നിട്ടും അവർ അവന്റെ വരവിനായി കാത്തിരുന്നു. "എന്നാൽ അത് ഇതുപോലൊരു മനുഷ്യനായിരിക്കാൻ കഴിയില്ല. ഓ, എന്റെ, അതൊരു ഭയങ്കര കാര്യം തന്നെ ആയിരിക്കും."

"നീ ഏത് സ്കൂളിൽ നിന്നാണ് പഠിച്ചനത്."

"ഒരിടത്തു നിന്നുമല്ല."

"നിന്റെ പക്കൽ പള്ളിയിൽ കൂടിവരുന്നതിന്റെ കാർഡ് ഉണ്ടോ?"

"എന്താകുന്നു അത്? കാണുന്നോ?

209 അവൻ ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടവനായിരുന്നു. അവൻ പറഞ്ഞു, "ഒന്നു മാത്രം എനിക്കുണ്ട്, വൃക്ഷങ്ങളുടെ ചുവട്ടിൽ കോടാലി വച്ചിരിക്കുന്നു." ഇപ്പോൾ. അവന്റെ പക്കൽ എല്ലാമായിട്ട്, അവന്റെ പക്കൽ എല്ലാമായിട്ട് അതു മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഒരു കാട്ടു മനുഷ്യന്റെ രീതിയിൽ അവൻ സംസാരിച്ചു, ഒരു പുരോഹിതന്റെ രീതിയിൽ അല്ലായിരുന്നു; സർപ്പസന്തതികളെ, കോടാലി, വൃക്ഷം, അതുപോലെയുള്ള ശൈലിയായിരുന്നു. അവൻ—അവൻ പൌരോഹിത്യ നടപടി ക്രമത്തിൽ സംസാരിച്ചിരുന്നില്ല.

210 എന്നാൽ യേശു പറഞ്ഞു, അവനെ പോലെ മറ്റൊരു പ്രവാചകൻ ജനിച്ചിട്ടില്ല. "സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ, അവനെക്കാൾ വലിയവൻ ആരും, അവന്റെ നാൾവരെയും എഴുന്നേറ്റിട്ടില്ല." അത് ശരിയാണ്. "അവൻ പ്രവാചകനിലും മികച്ചവനായിരുന്നു." അവൻ ഉടമ്പടി ദൂതനായിട്ട് കടന്നു വന്നിരുന്ന രണ്ടു കാലഘട്ടങ്ങൾക്ക്

നേരെ നടുവിലായി നിന്നിരുന്നു. കാണുന്നോ? ഒരു പ്രവാചകനിലും വലിയവനായിരുന്നു.

211 അങ്ങനെ അന്ന്—അന്ന് അവർക്ക് അവനെ മനസ്സിലാക്കാനായില്ല. അവർ അവനെ മനസ്സിലാക്കിയിരുന്നില്ല. അവൻ ഒരു വിചിത്ര തരത്തിൽ പെട്ട ഒരു മനുഷ്യനെ പോലെ ആയിരുന്നു, അതുകൊണ്ട് അവർ അവനെ തള്ളിക്കളഞ്ഞു. നോക്കൂ,

212 അതിനു ശേഷം യേശു വന്നു, അപ്പോഴും, ഈ മരപ്പണിക്കാരന്റെ മകനെ, അവർ തീർച്ചയായും സ്വീകരിക്കാൻ തയ്യാറല്ലായിരുന്നു. അവന്റെ പിന്നിലായി അവന് "ജാരസന്തതി," എന്നൊരു കറുത്ത പേരും നല്കിയിട്ട് അതു പോലൊരു കാര്യം ഉണ്ടായിരുന്നില്ല. അവൻ, അവനെ അതു പോലൊരു വ്യക്തിയെ അവർ കാണാൻ ആഗ്രഹിച്ചില്ല.

213 എന്നാൽ, നോക്കൂ ദൈവം എന്താണ് ചെയ്തത്. അവൻ പഠിപ്പില്ലാത്ത, പാവപ്പെട്ട, മീൻപിടിത്തക്കാരെയും, മരപ്പണിക്കാരെയും, കൃഷിക്കാരെയും, വേശ്യമാരെയും എടുത്തിട്ട്, വലിയ പദവിയുള്ളവരെ അവിടെ ഇരുത്തിക്കളഞ്ഞു. എന്തുകൊണ്ട്? എന്താകുന്നു? അവൻ എന്തുകൊണ്ടാണ് ഇത് അങ്ങനെ ചെയ്തത്? ഇതുപോലൊരു കാര്യം ദൈവം ചെയ്തത് എന്തുകൊണ്ടാണ്? നിങ്ങൾക്ക് ഇതൊന്നു ഊഹിക്കാമോ? എന്തുകൊണ്ടെന്നാൽ ആ ജനങ്ങൾക്ക് അവനെ വചനമായി തിരിച്ചറിയാൻ കഴിഞ്ഞതിനാലായിരുന്നു. ഇപ്പോൾ നമുക്കവരെ ഒരു നിമിഷത്തേയ്ക്ക് ശ്രദ്ധിക്കാം.

214 ഇവിടെ ഇതാ സ്വന്തം പേരുപോലും എഴുതാൻ അറിയാത്ത അജ്ഞനായ ഒരു പ്രായമുള്ള ഒരു മുക്കുവൻ നില്ക്കുന്നു. ബൈബിൾ അവനെക്കുറിച്ച് "പഠിപ്പില്ലാത്തവനും, സാമാന്യ മനുഷ്യൻ," എന്നു പറഞ്ഞിരിക്കുന്നു. അവൻ മീൻ പിടിച്ചുകൊണ്ടു വന്നിട്ട് അതുമായി അവിടെ ഇരിക്കും. ഒരുവട്ടം ഒരു ബഹളം കേട്ടിട്ട് അത് എന്താണെന്നു നോക്കുന്നതിന് അവിടെ കടന്നു ചെന്നു. എന്നാൽ അവന്റെ ഉള്ളിന്റെ ഉള്ളിൽ, തിരുവെഴുത്ത് ഒരു മിശിഹായെക്കുറിച്ച്...പറഞ്ഞിട്ടുണ്ട് എന്നു അവൻ അറിഞ്ഞിരുന്നു. എല്ലാ യഹൂദന്മാരും മിശിഹായ്ക്കുവേണ്ടി നോക്കിക്കൊണ്ടിരുന്നു, കാരണം, അവൻ വരുമ്പോൾ ഒരു തിരിവെഴുത്തു പ്രകാരമുള്ള കാര്യമാണ് അവിടെ നിറവേറപ്പെടുന്നതിന് ഉണ്ടായിരുന്നത്.

215 അവിടെ പല മിശിഹാക്കളും എഴുന്നേറ്റിട്ട് "ഞാനാകുന്നു അവൻ" എന്നു പറഞ്ഞു, "നൂറ് കണക്കിനു ആളുകളെ വഴിതെറ്റിച്ചു കളയുകയും അവരെല്ലാം നശിച്ചുപോകുകയും ചെയ്തിട്ടുണ്ടായിരുന്നു." എന്നാൽ,

നോക്കു, അത് യഥാർത്ഥമായ ഒന്നു വരുമ്പോൾ, അവരെ അതിൽ നിന്നും പുറന്തള്ളുന്നതിനു വേണ്ടിയായിരുന്നു.

216 നമുക്ക് തന്നെ ഏലിയാവിന്റെ പുതപ്പും കുപ്പായവും, അങ്ങനെയുള്ള മറ്റും കാര്യങ്ങളും ഉണ്ടായിരുന്നു, എന്നാൽ അത്—അത്—അത്—അത് യഥാർത്ഥമായ കാര്യത്തെ അവൻ വരുമ്പോൾ അതിൽ നിന്നും പുറന്തള്ളിക്കളയുന്നതിനു വേണ്ടിയായിരുന്നു. കാണുന്നോ? അത് ശരിയാണ്. അങ്കിയും വസ്ത്രങ്ങളും, അതുപോലുള്ള മൂടുപടങ്ങളും, ധരിച്ച വിവിധ തരത്തിൽപ്പെട്ട ജനങ്ങളും അതുപോലെയുള്ള കാര്യങ്ങളും മരിച്ചടക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അത് ചെയ്യില്ല...അത്—അത് യഥാർത്ഥമായതിനെ ന്യായീകരിക്കുക മത്രമാണ് ചെയ്യുന്നത്. അത് ഒരു കള്ള ഡോളർ, നിങ്ങൾക്ക് കണ്ടുപിടിക്കാൻ കഴിയുമെങ്കിൽ, ഒരു നല്ല ഒരെണ്ണം എവിടെയോ ഉണ്ടെന്നു കാണിക്കുന്നതു പോലെയാകുന്നു. കാണുന്നോ?

217 അങ്ങനെ അവൻ ഇതാ ഇവിടെ എത്തിയിരിക്കുന്നു. അപ്പോൾ ഈ പദവിക്കാരനായ മനുഷ്യൻ കടന്നുവന്നിട്ട്, അവൻ അത്രമാത്രം അവരുടെ പകരമായി നല്കപ്പെട്ട കാര്യങ്ങളുമായിട്ടായിരുന്നു! "എന്താണ്" അവൻ പറഞ്ഞു, "മിശിഹാ വരികയാണെങ്കിൽ, അവൻ തീർച്ചയായും കയ്യഫാവിന്റെ അടുക്കലേക്കായിരിക്കും വരുന്നത്. അവൻ ഞങ്ങളുടെ വിഭാഗീയ സഭയിൽ വരും. അവൻ പരീശന്മാരുടെ അടുക്കൽ എത്തും." സദൂക്യരേ, അവൻ സദൂക്യന്മാരുടെ അടുക്കൽ എത്തും, അങ്ങനെയാണ് അവർ വിചാരിച്ചിരുന്നത്! അങ്ങനെ അവിടെയായിരിക്കുകയും അതേ കാര്യം അവർക്ക് ഇന്നിവിടെ ആയിരിക്കുകയും ചെയ്യുന്നു.

218 എന്നാൽ അവൻ വന്നപ്പോൾ, അത് വിചിത്രമായിരുന്നു. അവർ ചിന്തിച്ചതിന് വിപരീതമായ രീതിയിലാണ് അവൻ വന്നിരുന്നത്, എന്നാൽ, അവൻ തിരുവെഴുത്തിന് അനുസരിച്ചായിരുന്നു വന്നത്. അവർക്ക് തിരുവെഴുത്ത് അറിയില്ലായിരുന്നു.

219 ഞാൻ നിങ്ങളോടു ഈ യാഥാർത്ഥ്യത്തെ പറയട്ടെ...അത് നിങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽ പതിഞ്ഞിരിക്കും. ഇത് നിങ്ങൾ മനസ്സിലാക്കിയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ നിങ്ങളുടെ കാര്യവും അതു തന്നെയാണ്. നോക്കു, നിങ്ങൾക്ക് തിരുവെഴുത്ത് അറിഞ്ഞുകൂടാ! കാണുന്നോ?

220 യേശു പറഞ്ഞു, "ഭൂമിയുടെയും ആകാശത്തിന്റെയും ഭാവത്തെ വിവേചിപ്പാൻ നിങ്ങൾക്കറിയാം. എന്നാൽ കാലത്തെ വിവേചിപ്പാൻ നിങ്ങൾക്ക് കഴിയുന്നില്ല."

പറഞ്ഞു, “ഞങ്ങൾക്ക് മോശെയുണ്ട്.”

221 അതുകൊണ്ട്, പറഞ്ഞു, “നിങ്ങൾ മോശെയെ അറിഞ്ഞിരുന്നെങ്കിൽ, എന്നെയും അറിയുമായിരുന്നു.” മോശെയെ അറിഞ്ഞിരുന്നില്ല; ആ കാരണത്താൽ അവർ അറിഞ്ഞില്ല. അവൻ സ്വയം വരിച്ച മുറിക്കിയ ഒരു മതതത്വപ്രമാണത്തെ മാത്രം അറിഞ്ഞിരുന്നു.

222 ഇപ്പോൾ നമുക്ക് ഈ വൃദ്ധനായ മീൻപിടിത്തക്കാരനെ എടുക്കാം. അവൻ തന്റെ മീൻ കൊട്ട താഴേയ്ക്ക് വെച്ചു. തന്റെ നരച്ച താടി താഴേക്ക് തടവിക്കൊണ്ട്. “ഇത് ആരാകുന്നു എന്നെനിക്ക് അറിയാൻ കഴിയും എന്നു ഞാൻ വിശ്വസിക്കുന്നു,” എന്നു പറഞ്ഞുകൊണ്ട് അവിടേയ്ക്ക് നടക്കാൻ തുടങ്ങി.

223 സഹോദരൻ പറഞ്ഞു, “വരൂ, നമുക്ക് അവിടേയ്ക്ക് പോകാം.” ഇത് ആ മനുഷ്യൻ തന്നെയാണ്. അദ്ദേഹത്തെ തന്നെയാണ് കഴിഞ്ഞ ദിവസം അവൻ പറഞ്ഞിരുന്നതും ഞാൻ കഴിഞ്ഞ രാത്രിയിൽ മുഴുവൻ രാത്രിയും അവനോടൊപ്പവും ആയിരുന്നു. ഞാൻ നിന്നോടു പറഞ്ഞ, യോഹന്നാനെ നിനക്ക് അറിയില്ലേ?

224 “അതെ, അവിടെയുള്ള ആ കാട്ടു മനുഷ്യൻ! അതെ, ഞാൻ അവനെക്കുറിച്ച് കേട്ടിരുന്നു.” “കൊള്ളാം,” ശീമോനെ, നിനക്കറിയാമോ, “ഞാൻ അവിടെവെച്ച് അവനെക്കുറിച്ച് കേട്ടിരുന്നു. അതെ, രണ്ടു മൂന്നു മാസം മുമ്പ് ഞാൻ അവിടെ ഉണ്ടായിരുന്നു. അതെ.”

225 “ശരി, അവൻ പറഞ്ഞു...ഒരു ദിവസം അവൻ അവിടെ നിന്നുകൊണ്ട് ഒരു വിചിത്രമായ കാര്യം പറഞ്ഞു, അവൻ പറഞ്ഞു, ‘നിങ്ങൾക്കറിയാമോ ഇതാ ഇപ്പോൾ തന്നെ അവൻ ഇവിടേക്ക് വരുന്നുണ്ട്!’ അവർ ചോദിച്ചു, ‘നിനക്കതെങ്ങനെ അറിയാം?’ അവിടെ നോക്കിയപ്പോൾ; വെറും ഒരു സാധാരണപ്പെട്ട മനുഷ്യൻ നിൽക്കുന്നു. അവൻ പറഞ്ഞു, ‘ദൈവത്തിന്റെ ആത്മാവ്, ഒരു പ്രാവിനെ പോലെ, ഇറങ്ങി വരുന്നത് ഞാൻ കണ്ടു. “ഇത് അവനാകുന്നു. ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ വസിപ്പാൻ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നൊരു ശബ്ദവും ഞാൻ കേട്ടു.”’ അതിന് ശേഷം അവൻ നേരെ വെള്ളത്തിലേക്ക് ഇറങ്ങി ചെന്നിട്ട് അവനെ സ്നാനപ്പെടുത്തുകയും, മറ്റും ചെയ്തു. കൊള്ളാം, അങ്ങനെ അവിടെ വെച്ച്, അവൻ അവനെ അറിയുമെന്ന് സാക്ഷ്യം പറഞ്ഞു.”

226 ശീമോൻ പറഞ്ഞു, “ഓ, എനിക്കറിയില്ല. ഞാൻ ഈ കാര്യങ്ങളെല്ലാം പലപ്പോഴും കേട്ടിട്ടുണ്ട്.” എന്നാൽ ഇവിടെ ഇതാ

അവൻ വന്നിരിക്കുന്നു. അവന്റെ ഹൃദയത്തിന്റെ ഉള്ളിന്റെ ഉള്ളിൽ ഒരു മുൻനിയമിക്കപ്പെട്ട വിത്തുണ്ടായിരുന്നു. കാണുന്നോ? യേശു, അപ്രകാരം പറഞ്ഞിരുന്നു. ശരിയാണ്. അവന്റെ അടുക്കലേക്ക് നടന്നുചെന്നു. പറഞ്ഞു, "ഞാൻ അവന്റെ യോഗത്തിലേക്ക് കടന്നു ചെന്നിട്ട് നോക്കും." അവിടേക്ക് നടന്നു ചെന്നു.

227 യേശു ഒരു സാധാരണ മനുഷ്യനെപ്പോലെ അവിടെ നിന്നിരുന്നു. നടന്നു ചെന്നു. അവനോടു പറഞ്ഞു. "നിന്റെ പേര് ശീമോൻ എന്നാകുന്നു. നിന്റെ പിതാവിന്റെ പേർ യോനാ എന്നാകുന്നു." അത് അവനെ കാറ്റില്ലാതാക്കിക്കളഞ്ഞു. എന്തുകൊണ്ടാണ്? ആ ചെറിയ നിത്യജീവന്റെ വിത്തിലേയ്ക്ക് അത് ചെന്നു പതിച്ചു. അതെ, ശ്രീമാൻ.

228 പറഞ്ഞു, "ഒരു നിമിഷം നില്ക്കണം! അതെങ്ങനെ കഴിയും? നീ എന്നെ ഒരിക്കലും കണ്ടിട്ടില്ല. നിനക്ക് എന്റെ പിതാവിനെ അറിയുകയുമില്ല, കാരണം അവൻ മരിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇതാ നീ വന്ന് എന്നോട് അതെല്ലാം പറഞ്ഞിരിക്കുന്നോ? ഇപ്പോൾ, എനിക്കറിയാം തിരുവെഴുത്ത് പറയുന്നു..." ഇപ്പോൾ ഇത് മൂപ്പന്മാർ പറഞ്ഞിട്ടുള്ളതായ എന്തെങ്കിലും കാര്യത്തിലേയ്ക്ക് തിരികെ പോകുകയല്ല, "എന്നാൽ തിരുവെഴുത്തു പറയുന്നു. മിശിഹാ ഒരു പ്രവാചകനായിരിക്കും. അവിടെ അതാ അവൻ ആകുന്നു. അത് അവൻ തന്നെ ആകുന്നു."

229 ഒരു ദിവസം അവൻ ശമര്യയിൽക്കൂടെ അവിടെയുണ്ടായിരുന്ന ഒരു കൂട്ടം യഹൂദന്മാരുടെ ഇടയിൽക്കൂടി കടന്നു പോകുകയായിരുന്നു. അവൻ അവരെ വിട്ടുകളഞ്ഞിട്ട്. അവിടെ ഒരു ദുഷ്പേരോടുകൂടിയ ഒരു സ്ത്രീ ഒരുപക്ഷേ സുന്ദരിയായ ഒരു ചെറുപ്പക്കാരി സ്ത്രീ ആയിരിക്കാം. അവൾ കുട്ടിക്കാലം മുതലേ തെരുവിലേയ്ക്ക് തള്ളിക്കളയപ്പെട്ട ഒരു സ്ത്രീ ആയിരുന്നേക്കാം. അവൾ അതുവഴി കടന്നുപോകുകയായിരുന്നു. ഒരുപക്ഷേ അവൾ എന്തിനെയെങ്കിലും കുറിച്ച് ചിന്തിച്ചുകൊണ്ട് പോകുകയായിരുന്നു എന്നു വരാം. അവൾ അവിടെ എത്തിയിട്ട് അവളുടെ തൊട്ടി നിലത്തു വെച്ചു. എന്നിട്ട് വെള്ളം കോരാനായി തൊട്ടിയുടെ കയറ് താഴെയിറക്കാൻ തുടങ്ങി. അപ്പോൾ "എനിക്ക് കുടിപ്പാൻ തരുമോ" എന്ന് ചോദിക്കുന്ന ഒരു ശബ്ദം അവൾ കേട്ടു. അവൾ ചുറ്റുമായി നോക്കിയപ്പോൾ മദ്ധ്യവയസ്കനായ ഒരു യഹൂദൻ അവിടെ ഇരിക്കുന്നു.

230 അവൾ പറഞ്ഞു, "ചോദിച്ചു, നിങ്ങൾ ഒരു യഹൂദനല്ലേ? നിങ്ങൾ ഇതു ചെയ്തുകൂടാ. നിങ്ങൾ എന്നോടു കുടിപ്പാൻ ചോദിക്കുന്നത് തന്നെ ആചാരക്രമമല്ല. ഞാൻ ഒരു ശമര്യാക്കാരിയാണ്."

231 അവൻ പറഞ്ഞു, "എന്നാൽ നിന്നോട് കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്ന് നീ അറിഞ്ഞുരുന്നുവെങ്കിൽ, നീ എന്നോട് കുടിപ്പാൻ ചോദിക്കുമായിരുന്നു."

232 അവൾ ചോദിച്ചു, "വെള്ളം കോരുവാൻ നിന്റെ പക്കൽ തൊട്ടി എവിടെ," കാണുന്നോ? "നിന്റെ പക്കൽ കയർ എവിടെ?"

"ശരി," അവൻ പറഞ്ഞു, "ഞാൻ കൊടുക്കുന്ന ജലം ജീവന്റെ ജലമാകുന്നു."

233 "എന്താകുന്നു?" കാണുന്നോ? "എന്ത്," അവൾ പറഞ്ഞു, "നിങ്ങൾ എല്ലാവരും യെരുശലേമിൽ ആരാധിക്കാൻ ആഗ്രഹിക്കുന്നതെന്താണ്. ഞങ്ങളുടെ പിതാക്കന്മാർ നമസ്കരിച്ചു പോന്നത്..."

234 "ഓ," അവൻ പറഞ്ഞു, "അത് ശരി തന്നെ, എന്നാൽ" പറഞ്ഞു, "യഹൂദന്മാർക്ക് ഞങ്ങൾ എന്താണ് നമസ്കരിക്കുന്നത് എന്തെന്നറിയാം, എന്നാൽ," നിങ്ങൾക്കറിയാമോ, മനുഷ്യർ നമസ്കരിക്കുന്നത് യെരുശലേമിലോ ഈ മലയിലോ അല്ലാത്ത ഒരു നാഴിക വരുന്നു. "അവർ—അവർ ദൈവത്തെ ആത്മാവിൽ ആരാധിക്കും, കാരണം, അവൻ ഒരു ആത്മാവാകുന്നു, ആത്മാവിലും സത്യത്തിലും." ശരി, നിങ്ങൾക്കറിയാമോ, അവൾ ഗ്രഹിക്കാൻ തുടങ്ങി കഴിഞ്ഞിരിക്കുന്നു.

അവൻ പറഞ്ഞു, "നീ പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ട് വരിക."

അവൾ പറഞ്ഞു, "എന്റെ ഭർത്താവോ? എനിക്ക് ഭർത്താവില്ല."

235 പറഞ്ഞു, "നീ പറഞ്ഞത് സത്യം തന്നെ." പറഞ്ഞു, പറഞ്ഞു, "നീ അഞ്ചു ഭർത്താക്കന്മാരുമായിട്ട് ഓടി നടന്നിരുന്നു, ഇപ്പോൾ ഉള്ളത് ആറാമത്തവനാകുന്നു." എന്നിട്ട് പറഞ്ഞു, "നിനക്ക് അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നു. നിനക്കറിയാമോ. നീ പറഞ്ഞത് സത്യം തന്നെ."

236 ശ്രദ്ധിക്കൂ! അത് എന്തായിരുന്നു? ആ വിത്തിന്മേൽ പ്രകാശം പതിക്കുകയാണ്. ദൈവത്താൽ അരുളി ചെയ്യപ്പെട്ട ആ വിത്ത്, അവിടെ കിടക്കുകയായിരുന്നു. അതെ, ശ്രീമാൻ.

237 വിത്ത് ഭൂമിയിൽ ഉണ്ടായിരുന്നു. ദൈവം വെള്ളം ഭൂമിയുടെ മേൽ നിന്നും മാറ്റിയപ്പോൾ സൂര്യൻ അതിന്മേൽ പതിച്ചു, അത് മുളച്ചു വന്നു. അത് ശരിയാണ്. കാണുന്നോ? അതിന് എല്ലാമായിട്ട് വേണ്ടിയത് ആ സൂര്യനായിരുന്നു. വെളിച്ചം മാത്രം ആവശ്യമായിരുന്നു. അതെ സർ.

238 അവനിലുണ്ടായിരുന്ന, പരിശുദ്ധാത്മാവ് അവളുടെ പഴയകാല ജീവിതത്തിലൂടെ നീങ്ങി, അവളെ കാണിച്ചപ്പോൾ, ആ വെളിച്ചം അതിന്മേൽ പതിഞ്ഞു. അവൾ പറഞ്ഞു, "യജമാനനെ, നീ ഒരു പ്രവാചകൻ എന്നു ഞാൻ കാണുന്നു." അവൾ പറഞ്ഞു, "ഇപ്പോൾ, ഞങ്ങൾ അറിയുന്നു, മശിഹ വരുമ്പോൾ അവൻ സകലതും അറിയിച്ചു തരും എന്ന്, ഞാൻ അറിയുന്നു. നൂറ്കണക്കിനു വർഷങ്ങളായിട്ട് ഞങ്ങൾക്ക് പ്രവാചകന്മാരില്ല." ഞങ്ങൾക്ക് ഒരു സത്യ പ്രവാചകൻ നൂറോളം വർഷങ്ങളായിട്ട് ഉണ്ടായിട്ടില്ല. അവൾ പറഞ്ഞു, "എന്റെ ഭർത്താവിനെക്കുറിച്ച് നീ എന്നോടു എപ്രകാരം പറഞ്ഞിരിക്കുന്നു, എനിക്ക് എത്രപേർ ഉണ്ടായിരുന്നു, എന്നുള്ളതും മറ്റും നീ പറഞ്ഞിരിക്കുന്നത്, എങ്ങനെ, എനിക്ക് ഇത് മനസ്സിലാകുന്നില്ല." എന്നിട്ട് പറഞ്ഞു, "മിശിഹാ വരുമ്പോൾ അവൻ ഇതു തന്നെ ചെയ്യും." എന്നാൽ നീ ആരാകുന്നു?

അവൻ പറഞ്ഞു, "ഞാൻ തന്നെ അവൻ."

അതായിരുന്നു ഇത്. കാണുന്നോ? ഒരു വേശ്യ!

239 എന്നാൽ പുരോഹിതന്മാർ ചുറ്റും നോക്കിയിട്ട് പറഞ്ഞു...അതെ, അവർക്ക് അവരുടെ സഭയോട് ഉത്തരം പറയേണ്ടതുണ്ടായിരുന്നു. പറഞ്ഞു, "ആ മനുഷ്യനുമായി വിഢിത്തം കാട്ടരുത്. അവൻ—അവൻ പിശാചു പിടിക്കപ്പെട്ടവനാണ്. അത്രമാത്രം." ഇപ്പോൾ, അതാണ് വ്യത്യാസം. അതേ കാര്യം ഇന്നുമാകുന്നു. കാണുന്നോ? ഇന്നും അതേ കാര്യം തന്നെ കൃത്യമായി അതുപോലെ തന്നെ സംഭവിക്കുന്നു. അതെ, ശ്രീമാൻ.

240 അവൾ, അവൾ അത് അറിഞ്ഞു, കാരണം വെളിച്ചം അതിന്മേൽ പതിഞ്ഞു, അവർ...ആ മീൻ പിടിത്തക്കാരും, മരപ്പണിക്കാരും, കൃഷിക്കാരും, നികുതി പിരിവുകാരും, വേശ്യകളും അവരെല്ലാം അങ്ങനെ അവൻ ചെയ്യുമെന്ന് തിരുവചനത്തിൽ ലളിതമായി പറഞ്ഞിരിക്കുന്ന കാര്യങ്ങളെ ചെയ്തു കണ്ടു. പരീശന്മാർക്ക്, അവരുടെ സമ്പ്രദായത്തിന്റെ കാരണത്താൽ അത് കാണാൻ കഴിഞ്ഞില്ല. [ബ്രദർ ബ്രൺഹാം നിർത്തിവെച്ച് തന്റെ കൈ ഏതോ വിധത്തിലാക്കി ആംഗ്യം കാണിക്കുന്നു. പള്ളിയിൽ കൂടിവന്നവർ അത് സ്വീകാര്യമായ രീതിയിൽ തിരിച്ചു ചെയ്യുന്നു—Ed.] അവർക്ക് അത് കാണാൻ കഴിഞ്ഞിരുന്നില്ല, എന്തുകൊണ്ടെന്നാൽ അവരുടെ സമ്പ്രദായങ്ങൾ. എന്നാൽ വേശ്യ, കൃഷിക്കാർ, അവരെല്ലാവരും അത് കണ്ടു, അതിന് വേണ്ടി മുൻ നിയമിക്കപ്പെട്ടവർ എല്ലാം, അവർ അത് കണ്ടു. സംശയങ്ങൾ ഉരുണ്ട് നീങ്ങി പോയപ്പോൾ, വിത്ത് മുളച്ചു വരാൻ തുടങ്ങി. അത് ശരിയാണ്.

241 അവൾ എന്താണ് ചെയ്തത്? അവൾ പറഞ്ഞു, "കൊള്ളാം ഞാൻ മശിഹയെ കണ്ടതിൽ സന്തോഷിക്കുന്നു എന്നാണോ?" ഓ, അല്ല, സഹോദരാ. അവൾ നേരെ പട്ടണത്തിലേക്ക് ഓടിച്ചെന്നു. അവൾ വെള്ളത്തെപ്പറ്റി മറന്നു പോയി. അവൾ പറഞ്ഞു, "ഞാൻ ചെയ്തതൊക്കെയും എന്നോട് പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മിൻ. മശിഹ വരുമ്പോൾ ചെയ്യുമെന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇത് തന്നെ അല്ലേ, കൃത്യമായും ഇത് ആ കാര്യം തന്നെ അല്ലേ?" ജനങ്ങൾക്ക് അതേ കാര്യം തന്നെ കാണാൻ കഴിഞ്ഞു.

242 യേശുക്രിസ്തു, വിശുദ്ധ യോഹന്നാൻ 14:12-ൽ ഇത് വീണ്ടും സംഭവിക്കും, എന്ന് പറഞ്ഞിരുന്നു. അവൻ ലൂക്കൊസിന്റെ സുവിശേഷത്തിലും, അതിനെക്കുറിച്ച് "നോഹയുടെ കാലം പോലെ എന്ന് പറഞ്ഞിരിക്കുന്നു." ദൈവം സ്വയം മനുഷ്യനായി പ്രത്യക്ഷമായിക്കൊണ്ട്, അവന്റെ പിന്നിലായിരിക്കുന്നത് ആരാണെന്നും; കൂടാരത്തിലായിരുന്ന് സാറാ ചിരിച്ചതും, ചെയ്തതുമായ കാര്യങ്ങൾ പറഞ്ഞു. മലാഖിയുടെ പുസ്തകത്തിലും, ബാക്കിയുള്ള എല്ലാ തിരുവെഴുത്തുകളിലും അന്ത്യകാലത്ത് ഇതിനെക്കുറിച്ച് മുൻകൂട്ടി പറയപ്പെട്ടിട്ടുണ്ട്. എബ്രായർ 4-ലും "വചനം," തിരികെ വരുന്നത് പറയുന്നു. മലാഖിയുടെ 4-ൽ അതൊരു മനുഷ്യനിൽ കൂടി തിരികെ എത്തുമെന്ന് പറഞ്ഞിരിക്കുന്നു. എബ്രായർ 4 പറയുന്നു, "ദൈവത്തിന്റെ വചനം ഹൃദയ രഹസ്യങ്ങളെ വിവേചിച്ച് അറിയുന്നു."

243 അവർക്ക് അത് നിറവേറി കാണാൻ കഴിഞ്ഞിട്ടും, അതിൽ നിന്നും ഒഴിഞ്ഞ് അകന്നു പോകുന്നു. അവരുടെ സമ്പ്രദായങ്ങൾ അതിനെ മറിച്ച് കളയുകയും അതിനെ ദുഃർബ്ബലമാക്കുകയും ചെയ്യുന്നു. ശരി, നാം ഇവിടെ എത്തിയിരിക്കുന്നു. അത്ര തന്നെ. ഊ-ഹാ.

244 നിങ്ങൾക്കറിയാമോ, അതേ കാര്യങ്ങൾ തന്നെ അവന് ഇന്നും ചെയ്യാൻ കഴിയും. അവൻ നേരെ ദൃശ്യത്തിലേക്ക് വന്നിട്ട് അവൻ അന്ന് ചെയ്തിരുന്ന അതേ കാര്യങ്ങളെ, അവൻ ചെയ്യുമെന്ന് പറഞ്ഞിട്ടുള്ളതു പോലെ, പുറപ്പെട്ടുവിക്കാൻ കഴിയും. കാണുന്നോ? അവൻ അത് ചെയ്യുമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു. അവൻ അത് ചെയ്യുമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു. അവൻ അതേ കാര്യങ്ങൾ തന്നെ ചെയ്യുകയാണെങ്കിൽ, പിന്നെ ലവേദിക്ക്യ സഭയുടെ ദൂതൻ തന്നെ ആ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്.

245 അങ്ങനെ ലവോദിക്ക്യ സഭ അത് ചെയ്തു കാണുകയാണെങ്കിൽ, തുടക്കത്തിൽ എബ്രായ സഭ ചെയ്തതു പോലെ തന്നെ കൃത്യമായും അവർ ചെയ്യും. അത് എത്രയധികം നന്നായി

ന്യായീകരിച്ചു കാണിക്കപ്പെട്ടാലും, ഓ അതൊരു കാര്യമല്ല. എങ്ങനെയൊക്കെയായാലും അവർ അത് തന്നെ ചെയ്യും. ഓ എന്റെ!

246 ഇപ്പോൾ, അങ്ങനെ സംഭവിക്കും എന്ന് അത് ഇവിടെ പറയുന്നു. വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന വചനം പ്രകടമാക്കപ്പെട്ട്, മൂല വിശ്വാസം, ആ വിശ്വാസത്തെ തിരികെ കൊണ്ടുവരേണ്ടതിന്, നമ്മെ മൂല വചനത്തിലേയ്ക്ക് തിരികെ കൊണ്ടു പോകും. അവൻ തന്റെ ജനങ്ങളുടെ മദ്ധ്യേ വസിക്കുന്നു എന്ന് ഈ കാര്യങ്ങളെ ചെയ്യുന്നതിൽ കൂടെ അവൻ ചെയ്താലും; അവൻ തന്റെ ചിത്രം എടുത്തിട്ട് ശാസ്ത്രീയമായി തെളിയിക്കുന്നതിന് തന്നെ അനുവദിച്ചിരിക്കുന്നു. എന്നിരിക്കിലും അവർ അത് വിശ്വസിക്കുന്നില്ല. ഒരു ക്യാമറയുടെ യാന്ത്രിക കണ്ണിനാൽ എബ്രായർ 13:8-ൽ പറഞ്ഞിരിക്കുന്ന ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യനായ അതേ അഗ്നിസ്തംഭം അവിടെ നിൽക്കുന്നത്, ഇത് ശാസ്ത്രീയമാണെന്ന് തെളിയിക്കുന്നതിനും, അതുപോലെ മറ്റുള്ള എല്ലാ രീതിയിലും തെളിയിക്കുന്നതിനും, ആത്മീയ മണ്ഡലത്തിലുള്ള കാര്യങ്ങളെ ശാസ്ത്രീയമായി തെളിയിച്ചു കാണിച്ചിരിക്കുന്നു. ഏതൊക്കെ രീതിയിൽ അത് ന്യായീകരിച്ചു കാണിക്കാമോ ആ രീതിയിലെല്ലാം ന്യായീകരിച്ചു കാണിച്ചിരിക്കുന്നു.

247 നിങ്ങൾക്കറിയാമോ, അവർ ഒരുപക്ഷേ അതേ കാര്യം തന്നെ ചെയ്തിരിക്കും. അവർ നേരത്തെ ചെയ്തതു പോലെ തന്നെ ഒരു പക്ഷേ നേരെ പുറത്തേക്കിറങ്ങിയിട്ട് അതേ കാര്യം തന്നെ ചെയ്തു കളയാനിടയുണ്ട്.

248 ഓ, ദൈവമേ ഞങ്ങളെ സഹായിക്കേണമേ! ഓ! ഞങ്ങൾ ഇത് ഇവിടെ നിർത്തുകയാണ്. എന്നാൽ ദൈവമേ ഞങ്ങൾ ഇപ്പോൾ ഇവിടെ കടന്നു വന്നിരിക്കെ, ഞങ്ങളെ ഇത് കാണാൻ സഹായിക്കേണമേ, എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. കാരണം, ഞാൻ നിങ്ങളെ ദീർഘനേരം ഇരുത്തുവാൻ ആഗ്രഹിക്കുന്നില്ല. ദൈവമേ ഇത് കാണുന്നതിന് ഞങ്ങളെ സഹായിക്കേണമെ. ഒരുപക്ഷേ, ഇപ്പോൾ നമ്മുടെ മേലായിരിക്കുന്ന ആത്മാവ്, ഇപ്പോൾ തന്നെ അവൻ നമ്മെ സഹായിച്ചിട്ട്, നമുക്കിത് വെളിപ്പെടുത്തുന്നതിനും ഈ മുദ്രയെ തുറക്കുന്നതിനും നമ്മെ സഹായിക്കും.

249 നമുക്ക് വായിക്കാം. ഇന്ന് സഭ ആയിരിക്കുന്ന സ്ഥിതി നാം കണ്ടിട്ട്, അത് എവിടെ ആയിരിക്കുന്നുവെന്നും, അവർ എന്തു ചെയ്തിരുന്നു എന്ന് കാണുകയും, അത് എവിടെ എത്തിയിരിക്കണമെന്നും, അവർ എന്തു ചെയ്തിരിക്കേണ്ടിയിരുന്നു എന്നും നാം കണ്ടിരിക്കുന്നു. അവർ അത് തന്നെ ചെയ്തു. ഇപ്പോൾ നാം എവിടെയായിരിക്കുന്നു എന്ന് നിങ്ങൾ കാണുന്നില്ലേ? നിങ്ങൾ തന്നെ ന്യായം വിധിക്കുക. എനിക്ക് ന്യായം

വിധിക്കാൻ കഴിയില്ല. ഈ വചനത്തെ കൊണ്ടുവരുന്നതിന് ഞാൻ ഉത്തരവാദിയാകുന്നു. എനിക്ക് ഇത് നല്കിയിരിക്കുന്നത് പോലെ, എനിക്കിത് നല്കാൻ കഴിയും. എനിക്കിത് നൽകപ്പെടുന്നതുവരെ എനിക്കിത് നല്കാൻ കഴിയില്ല; മറ്റാർക്കും തന്നെ കഴിയില്ല.

*മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ; വരിക എന്ന് മൂന്നാം ജീവി പറയുന്നത് ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു കറുത്ത കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവൻ ഒരു തുലാസ് കയ്യിൽ പിടിച്ചിരുന്നു.*

*ഒരു പണത്തിന്നു ഒരിടങ്ങഴി കോതമ്പ്; ഒരു പണത്തിന്നു മൂന്നിടങ്ങഴി കോതമ്പ്, ഒരു പണത്തിന് മൂന്നിടങ്ങഴി യവം; എന്നാൽ എണ്ണക്കും വീഞ്ഞിന്നും കേട്ടു വരുത്തരുത് എന്നു നാലു ജിവികളുടെയും നടുവിൽ നിന്നും ഒരു ശബ്ദം ഞാൻ കേട്ടു.*

250 ഇപ്പോൾ, കുഞ്ഞാടിന്റെ കയ്യിൽ ഈ പുസ്തകം കിട്ടിയിട്ട്, മുദ്രകൾ പൊട്ടിക്കുകയാണ്. അവൻ ഒന്നാമത്തേയും, രണ്ടാമത്തേയും മുദ്ര പൊട്ടിച്ചു കഴിഞ്ഞിരിക്കുകയും, ഇപ്പോൾ മൂന്നാം മുദ്ര പൊട്ടിക്കാൻ പോകുകയുമാണ്. അങ്ങനെ അവൻ അത് പൊട്ടിക്കുമ്പോൾ, കുഞ്ഞാട് ഇത് പൊട്ടിക്കുമ്പോൾ, മൂന്നാം മുദ്ര, അപ്പോൾ മൂന്നാം ജീവി...

251 ഇപ്പോൾ മൂന്നാം ജീവി എന്തിനോടു തുല്യമായിരിക്കുന്നു എത്ര പേർക്കറിയാം? കാഴ്ചക്ക് ഒരു മനുഷ്യനെപ്പോലെയാകുന്നു. ആദ്യത്തേത് ഒരു സിംഹത്തെപ്പോലെ കാണപ്പെട്ടു; മറ്റേത് ഒരു പശു അല്ലെങ്കിൽ കാളയെപ്പോലെ കാണുന്നു; മൂന്നാമത്തേത് ഒരു മനുഷ്യനെപ്പോലെ, ഒരു മനുഷ്യനെപ്പോലെ കാണപ്പെട്ടിരുന്നു. അങ്ങനെ അവൻ ഈ ജീവി പറയുന്നതു കേട്ടു, മനുഷ്യനോടു സദൃശ്യമുള്ള ഈ ജീവി യോഹന്നാനോടു പറഞ്ഞു, "വരിക, ഈ മറച്ചുവെച്ചിരിക്കുന്ന രഹസ്യം എന്താണെന്നു വന്നു കാണുക. ലോകസ്ഥാപനം മുതലുള്ള, വീണ്ടെടുപ്പിന്റെ കാലം മുഴുവനും, എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന് ഈ മുദ്രകൾക്കടിയിൽ മറച്ചു വെച്ചിരുന്നു." ഇപ്പോൾ, "വരു, അത് എന്താണെന്നു കാണുക."

252 അങ്ങനെ അവൻ അതു തുറക്കുകയാണ്. ഒരു ഇടിനാദം മുഴക്കപ്പെടുകയും, കുഞ്ഞാട് മുദ്രകളെ പൊട്ടിക്കുകയും ചെയ്തു.

253 ഇപ്പോൾ, യോഹന്നാൻ അതു എന്താണെന്നു അറിയുന്നതിന് വേണ്ടി അവിടേയ്ക്ക് നടന്നു ചെന്നു. അവൻ എന്താണ് കണ്ടത്? അവൻ ഒരു കറുത്ത കുതിരയെ കണ്ടു. അതിന്മേൽ ഇരിക്കുന്നവൻ, ഒരു ത്രാസ്, അല്ലെങ്കിൽ ഒരു തുലാസ് കയ്യിൽ പിടിച്ചിരിക്കുന്നു. ഇപ്പോൾ, ആദ്യമായിട്ട് അവൻ കണ്ട കാര്യം ഇതായിരുന്നു. കുഞ്ഞാട്

ഇത് പ്രഖ്യാപിച്ചപ്പോൾ, മുദ്ര പൊട്ടിച്ചപ്പോൾ, അടുത്ത ജീവി... നോക്കൂ. ഈ ജീവികൾ "വന്നു, കാണുക" എന്ന് അതിനെക്കുറിച്ച് ഓരോരുത്തരായി അവരുടെ തവണ വരുമ്പോൾ പ്രഖ്യാപിക്കുന്നു. അപ്പോൾ യോഹന്നാൻ അവൻ നിന്നിടത്തു നിന്ന്, ഒരുപക്ഷേ *ഇതുപോലെയായിരിക്കും*, അവൻ മുമ്പോട്ട് കുഞ്ഞാട് അത് പൊട്ടിച്ചപ്പോൾ, നടന്നു ചെന്നു. സാധാരണയായി...

254 നാം ഒന്നാം മുദ്ര തുറന്നപ്പോൾ, കണ്ടിരുന്നതുപോലെ, ഇടി നാദം മുഴക്കി. അവൻ എന്താണ് സംഭവിക്കുന്നതെന്ന് ശ്രദ്ധിക്കുകയാണ്. ആദ്യമായിട്ട് ഒരു മനുഷ്യൻ, ഒരു വെള്ള കുതിരപ്പുറത്ത് വരുന്നത് അവൻ ശ്രദ്ധിച്ചു. അവൻ ഓടിച്ചു പോകുന്നത് അവൻ ശ്രദ്ധിച്ചു. അങ്ങനെ അവസാനം വരെ അവൻ ഓടിച്ചുപോയിരുന്നത് യോഹന്നാൻ കണ്ടിരുന്നു. അവന്റെ വെള്ളകുതിരമേൽ സവാരി ചെയ്തുവന്നിരുന്നത് അവൻ കാണുകയും, അവന്റെ കയ്യിൽ ഒരു വില്ലും ഉണ്ടായിരുന്നു, എന്നാൽ ഈ കുതിര സവാരിക്കാരന്റെ കയ്യിൽ അതോടൊപ്പം അമ്പുകളില്ലായിരുന്നു. അടുത്ത കാര്യം, അവൻ കണ്ടിരുന്നത് അവന് ഒര് കിരീടം ലഭിക്കുകയും മുന്നോട്ട് പുറപ്പെട്ടു പോകുകയും ചെയ്യുന്നതാണ്.

255 അതിനുശേഷം, നാം കാണുന്നത്, കുഞ്ഞാട് വീണ്ടും കടന്നുവന്ന്, മറ്റൊന്നു തുറക്കുകയാണ്. അവൻ നോക്കുന്നു. ഇപ്പോൾ ഇവിടെ ഒരു—ഒരു ചുവന്ന കുതിര വരുന്നു. അതിന്മേലുണ്ടായിരുന്നവന്റെ കയ്യിൽ ഒരു വാളുണ്ടായിരുന്നു. അവൻ തന്റെ കയ്യിൽ വാളും എടുത്തുകൊണ്ട് കൊല്ലുന്നതിനും, ഭൂമിയിൽ നിന്നും സമാധാനം എടുത്തുകളയുന്നതിനുമായി, സവാരി ചെയ്തു പുറപ്പെട്ടുപോയി.

256 ഇപ്പോൾ കുഞ്ഞാട് മറ്റൊരു മുദ്ര തുറക്കുകയാണ്. മനുഷ്യന് സാദൃശ്യമുള്ള ജീവികളിൽ ഒന്നായ, വേറൊരു ജീവി, "വരിക, കാണുക," എന്നു പറഞ്ഞു. അപ്പോൾ, അത് എന്താണെന്നു അറിയുന്നതിനുവേണ്ടി അവൻ അവിടേയ്ക്ക് നടന്നുചെന്നു. അങ്ങനെ അവൻ ചെയ്തപ്പോൾ അവിടെ, കറുത്ത കുതിരമേൽ ഒരു സവാരിക്കാരൻ വരുന്നത് കണ്ടു.

257 ഇപ്പോൾ, കഴിഞ്ഞ രാത്രിയിൽ, വെള്ള കുതിരപ്പുറത്തു സവാരിചെയ്ത അതേ സവാരിക്കാരൻ തന്നെ ചുവന്ന കുതിരപ്പുറത്തു സവാരി ചെയ്തിരുന്നു എന്നു നാം കണ്ടിരുന്നു.

258 ജീവികളുടെ മദ്ധ്യത്തിൽ നിന്നും, ആ ശബ്ദം വിളിച്ചു പറയുന്നതായി, നിങ്ങൾ കാണുന്നു. അവിടെ, അത് എന്തായിരുന്നു എന്ന് വന്ന് കാണുക; അവൻ ഈ ജീവികളിൽ ആയിരുന്നു, അവൻ ഈ കറുത്ത കുതിരയെ കണ്ടു.

*ഒരു പണത്തിന്നു ഒരിടങ്ങഴി കോതമ്പ്, ഒരു പണത്തിന്നു മൂന്നിടങ്ങഴി യവം എന്നാൽ എണ്ണക്കും വീഞ്ഞിനും കേടു വരുത്തരുത് എന്ന് നാലു ജീവികളുടേയും നടുവിൽ നിന്ന് ഒരു ശബ്ദം ഞാൻ കേട്ടു.* (നോക്കു,)

259 ഈ സവാരിക്കാരനെക്കുറിച്ച്, നമുക്ക് അവനെക്കുറിച്ച് അല്പം ചർച്ചചെയ്യാം. ആദ്യത്തെ കുതിര സവാരിക്കാരൻ ആരായിരുന്നുവെന്ന് നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ. രണ്ടാമത്തെ കുതിര സവാരിക്കാരനും, കൃത്യമായും, അതേ വ്യക്തി തന്നെ ആയിരുന്നു എന്നും അവൻ വേറൊരു കുതിര പുറത്തായിരുന്നു എന്നുള്ള ഏക വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും തിരുവെഴുത്തു പ്രകാരം കഴിഞ്ഞ രാത്രിയിൽ നാം കണ്ടിരുന്നു. എന്താണ് സംഭവിച്ചത്? അവൻ തന്റെ പൗരോഹിത്യം മാത്രം മാറ്റിയിരുന്നു. കാണുന്നോ? ശരിയല്ലേ. അവൻ എതിർക്രിസ്തു ആയിരുന്നു എന്നും അവന്റെ സ്ഥാനം മാത്രം മാറ്റിയിരുന്നു എന്നും നാം കണ്ടിരുന്നു.

260 ആദ്യമായിട്ട് അവൻ വെറുമൊരു വെള്ളക്കുതിര, മാത്രമായിരുന്നു എന്നും പിന്നെ അവൻ ഒരു ഉപദേശമായി മാറിയതും നാം കണ്ടിരുന്നു. ഇപ്പോൾ ഈ കാര്യങ്ങൾ ഓരോന്നും തിരുവെഴുത്ത് പ്രകാരമാണ് നാം എടുത്തിരുന്നത്. കാണുന്നോ?

261 ഇപ്പോൾ, ഇന്ന് രാത്രിയിൽ മറ്റുള്ള സഭാകാലഘട്ടങ്ങളിൽ നിന്നും നാം എവിടെ ആയിരിക്കുന്നു എന്ന് നമുക്ക് ശ്രദ്ധിക്കാം. കാണുന്നോ? നാം മൂന്നാമത്തെ സഭാകാലത്തേക്ക് വന്നുകൊണ്ടിരിക്കുകയാണ്. കാണുന്നോ? കൃത്യമായും മൂന്നാമത്തെ കുതിര ആയിരിക്കുന്നതുപോലെ മൂന്നാമത്തെ സഭാ കാലഘട്ടത്തിലാകുന്നു. മനസ്സിലായോ?

262 ഇപ്പോൾ, ആദ്യത്തെ സഭാകാലഘട്ടം അത് എന്തായിരുന്നു? നിക്കോലോവ്യർക്ക് ഒരു ഉപദേശമുണ്ടായിരുന്നു. നോക്കു, ആദ്യത്തേത് അത് മാത്രമായിരുന്നു. ശരി, അതിന് ശേഷം, ആദ്യത്തെ കാര്യം നമുക്കറിയാം, ഈ നിക്കോലോവ്യരുടെ ഉപദേശം, അത് ശരിയാണെന്ന് അംഗീകരിക്കപ്പെട്ട്, അത് പ്രാവർത്തികമാക്കി. അതിന് ശേഷം, അവർ ഈ വ്യക്തിയെ കിരീടമണിയിച്ചു. പിന്നീട് എതിർക്രിസ്തു, ഈ ആത്മാവ്, ഒരു മനുഷ്യനിലായി അവതരിച്ചു. കാണുന്നോ? വീണ്ടും കുറച്ച് കഴിയുമ്പോൾ അവൻ തന്നെ മനുഷ്യാകൃതി കൈക്കൊള്ളുന്ന പിശാചായും അവതരിക്കുന്നു; അശുദ്ധാത്മാവ് പോയിട്ട്, പിശാച് ഉള്ളിൽ കടന്നു വരികയും ചെയ്യുന്നു.

263 അപ്രകാരമുള്ള, ആ എതിർക്രിസ്തുവിന്റെ സഭ, ഈ രീതിയിൽ വളർന്നു കൊണ്ടിരിക്കുമ്പോൾ തന്നെ; മണവാട്ടിയും വ്യത്യസ്തമായ

കാര്യങ്ങളിൽ കൂടി അതായത്, നീതീകരണം, വിശുദ്ധീകരണം, പരിശുദ്ധാത്മാഭിഷേകം എന്നീ കാര്യങ്ങളിൽ കൂടി ഇപ്രകാരം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. അവർ അവരുടെ ഉണർവ്വ് ആദ്യം എടുക്കുകയും, സഭ അത് അവസാനം എടുക്കുകയും ചെയ്തു എന്ന് മാത്രമാകുന്നു. ആദ്യ മൂന്നു വർഷങ്ങൾ...ആദ്യത്തെ മൂന്ന് കാലഘട്ടങ്ങൾ അന്ധകാര യുഗങ്ങളിൽ കൂടി കടന്നു പോയി; അതിന് ശേഷം മൂന്നാമത്തെ, മൂന്ന് കാലഘട്ടങ്ങളിൽക്കൂടി, സഭ പുറത്തു വരുന്നു; ന്യായീകരണം, വിശുദ്ധീകരണം, പരിശുദ്ധാത്മാഭിഷേകം, എന്നിവയിൽ കൂടി കടന്നു വരികയും മനുഷ്യ ശരീരത്തിൽ അവതരിച്ച ദൈവം നമ്മുടെ ഇടയിൽ കടന്നു വരികയും ചെയ്യുന്നു. ഇവിടെ ഇതാ അവൻ എതിർക്രിസ്തുവായി, കള്ളപ്രവാചകനായി, അതിന് ശേഷം മൃഗമായിട്ട്, അന്നത്തെ ഇരുണ്ട കാലഘട്ടത്തിലൂടെ വന്നു. സഭ ആ ഇരുണ്ട കാലഘട്ടത്തിൽ നിന്നും; നീതീകരണം, വിശുദ്ധീകരണം, പരിശുദ്ധാത്മാഭിഷേകം, ഇപ്പോഴത്തെ വിധത്തിലെ, വചനം മനുഷ്യ ശരീരത്തിൽ അവതരിച്ചിരിക്കുന്നു. അങ്ങനെ അവൻ താഴേയ്ക്ക് പോകുന്നു. ഊ-ഹാ, അതേ നിങ്ങൾക്കിത് മനസ്സിലായോ? അവൻ താഴേയ്ക്ക് പോകുന്നു. സഭ മേലേയ്ക്ക് പോകുന്നു. കാണുന്നോ? ഇത് അത്രയും സമ്പൂർണ്ണമായ ഒരു കാര്യമാകുന്നു. ഓ, ഇത് മനോഹരമായിരിക്കുന്നു. ഞാൻ ഇത് ഇഷ്ടപ്പെടുന്നു.

264 ഈ കുതിര സവാരിക്കാരനും ആദ്യത്തെ ആ സവാരിക്കാരൻ തന്നെയാകുന്നു. എന്നാൽ ഇത് അവന്റെ മറ്റൊരു പൗരോഹിത്യ വേലയെ കാണിക്കുകയാണ്.

265 ആദ്യത്തെ ഘട്ടത്തിൽ, ഒരു വെള്ളക്കുതിരയായും, നോക്കൂ, അവൻ വെറുമൊരു ഉപദേശകൻ മാത്രമായിരുന്നു. വെറുമൊരു എതിർക്രിസ്തുവിന്റെ ഉപദേശകൻ. അവൻ ദൈവത്തിന്റെ വചനത്തിന് എതിരായിരുന്നു.

266 ഇപ്പോൾ നിങ്ങൾക്ക് എപ്രകാരം ഒരു എതിർക്രിസ്തു ആയിരിക്കാൻ കഴിയും? ഇതിലെ എല്ലാ വചനങ്ങളും ശരിയല്ലെന്നു നിഷേധിക്കുകയും, അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്ന ഏതൊരുവനും എതിർക്രിസ്തുവാകുന്നു. കാരണം അവർ ആ—ആ—ആ—ആ—ആ—വചനത്തെ നിഷേധിക്കുന്നു. അവൻ വചനമാകുന്നു.

267 ഇപ്പോൾ, ആദ്യഘട്ടത്തിൽ, വെള്ളക്കുതിര, അവനൊരു ഉപദേശകനായിരുന്നു, എന്നാൽ എതിർക്രിസ്തുവിന്റെ ആത്മാവ് അവന്റെ ഉപദേശത്തിലും അതിന്റെ ഗുണത്തിലുമാണ്. അത് നിരപരാധിയായിരുന്നു. അതിന് യാതൊന്നിനേയും ഉപദ്രവിക്കാൻ കഴിയാത്തതായി കാണപ്പെട്ടിരിക്കുകയും; അതുപോലെ തുടരുകയും

ചെയ്തിരുന്നു. സാത്താൻ ഇപ്രകാരമാണ് കടന്നു വരുന്നത്. ഓ, അവൻ ഒരു ചതിയനായ വ്യക്തിയാകുന്നു. ഇഴയുന്ന പക്ഷിയാണ്.

268 അവൻ ഹവ്വയോട് പറഞ്ഞു, "ഇപ്പോൾ, നിനക്കറിയാമോ, നീ ഇപ്പോൾ ജ്ഞാനം എന്താണെന്ന് അന്വേഷിക്കുകയാണ്. നന്മയും തിന്മയും എന്താണെന്ന് നിനക്കറിഞ്ഞു കൂടാ." എന്നിട്ട് പറഞ്ഞു, "ഇപ്പോൾ, നിന്റെ കണ്ണുകൾ തുറന്നാൽ, അത് എന്താണെന്ന് നിനക്ക് മനസ്സിലാകും." പറഞ്ഞു, "ആ വൃക്ഷ ഫലം വളരെ ഭംഗിയുള്ളതാണ്. അത് നല്ലതാണ്. അത് കാണ്മാൻ ഭംഗിയുള്ളതാണ്, നീ അതിപ്പോൾ തിന്നണം. അത് നന്മയുടേയോ തിന്മയുടേയോ എന്ന് നിനക്കറിയില്ല. നിനക്കറിയാമോ?"

"ഇല്ല, എനിക്കറിയില്ല, എന്നാൽ അത് ചെയ്യരുതെന്ന് ദൈവം കല്പിച്ചിട്ടുണ്ട്."

"എന്നാൽ, ഓ, കൊള്ളാം, എനിക്കറിയാം. എന്നാൽ..."

"ദൈവം പറഞ്ഞു, അവൻ...ഞങ്ങൾ മരിച്ചു പോകും."

269 അവൻ പറഞ്ഞു, "തീർച്ചയായും അവൻ അത് ചെയ്യുകയില്ല." നോക്കു, എത്രയധികം മധുരമായി അവൻ അത് ചെയ്തു. അത് എന്താണ് ചെയ്തതെന്ന് നോക്കുക.

270 ഈ എതിർക്രിസ്തുവിന്റെ ആത്മാവ് എപ്രകാരം ആദ്യ സഭയിൽ ഒരു നിക്കോലോവ്യരുടെ ഉപദേശമായി ഉയർന്നു വന്നു എന്ന കാര്യം ശ്രദ്ധിക്കുക, *നിക്കോ* എന്ന് വച്ചാൽ സാമാന്യ ജനങ്ങളെ "പിടിച്ചെടുക്കുക." എന്നിട്ട് ഒരു ദിവ്യപുരുഷനെ ഉണ്ടാക്കുക എന്നതാണ്. ഓ അത് അത്രയും നിഷ്കളങ്കതയോടെ ആയിരുന്നു, ഓ, അത് ഇങ്ങനെ..."കൊള്ളാം, നമുക്ക് പള്ളിയിൽ കൂടിവരുന്നവർ ആവശ്യമാകുന്നു. എന്തുകൊണ്ടാണ് നാം അവിടെയും ഇവിടെയും ചിതറി കിടക്കുന്നത്; ആര് എവിടെയൊക്കെ ആണെന്ന് ആർക്കും അറിയില്ല. നമുക്കൊരു സമുദായമുണ്ടായിട്ട് വ്യത്യസ്തമായിരിക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ കരുതുന്നു. നോക്കു, നമുക്ക് നമ്മെ തന്നെ ചെന്ന് ഒത്തൊരുമിച്ചാക്കാം. അതിൽ നിന്നും നമുക്കൊരു ലോഡ്ജ് ഉണ്ടാകേണ്ടത് ആവശ്യമാണ്." അങ്ങനെ ഇത് അത് തന്നെ ആകുന്നു. മെഥെഡിസ്റ്റ് എന്ന ക്രിസ്തീയ സഭ, അങ്ങനെ ഒരു കാര്യമേയില്ല. അതൊരു സഭയല്ല. അതൊരു ലോഡ്ജാകുന്നു. ബാപ്റ്റിസ്റ്റ്, അതൊരു സഭയല്ല; അതൊരു ലോഡ്ജാകുന്നു.

271 ഒരേ ഒരു സഭ മാത്രമേയുള്ളൂ. അത് യേശുക്രിസ്തുവിന്റെ ആത്മീയ ദേഹമാകുന്നു. നിങ്ങൾ അതിലേക്ക്, മുൻനിർണ്ണയത്താൽ ജനിച്ചിരിക്കുന്നു, അത് ശരിയാണ്. അത് ശരിയാണ്. "പിതാവ്

എനിക്ക് തന്നതൊക്കെയും എന്റെ അടുക്കൽ വരും. പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല. അവൻ എനിക്ക് തന്നതൊക്കെയും, എന്റെ അടുക്കൽ വരും." അതുകൊണ്ട്, അത് അപ്രകാരമായിരിക്കുന്നു. അവൻ ഇങ്ങനെ...

272 അവസാനത്തെ വ്യക്തി കടന്നുവരുന്നതു വരെ, കുഞ്ഞാട് അവിടെ ഇരുന്നുകൊണ്ട് മദ്ധ്യസ്ഥത ചെയ്യുന്നു. ആ ചെറിയ മണിനാദം മുഴങ്ങുകയും, അപ്പോൾ അവൻ ചെന്നു തന്റെ അവകാശം ഏറ്റെടുക്കുകയും ചെയ്യും, നോക്കു, അത്രമാത്രം; തന്റെ സ്വന്ത ജനമായ, സഭയെ അവൻ തന്റെ വീട്ടിലേയ്ക്ക് കൊണ്ടു വരുന്നു. അവിടേയ്ക്ക് അവനോടൊപ്പമുള്ള എല്ലാ പ്രജകളുമായി പോയി, അവന്റെ ശത്രുവിനെ അഗ്നിപ്പൊയ്കയിൽ ഇട്ടുകളയുന്നു, അതാണ് അത്. അതിനുശേഷം നാം ആയിരമാണ്ടു വാഴ്ചയിലേയ്ക്കും പ്രവേശിക്കുന്നു.

273 ഇപ്പോൾ അതേ കുതിര സവാരിക്കാരൻ തന്നെയാകുന്നു. ആദ്യത്തെ ഘട്ടത്തിൽ, അവൻ നിഷ്കളങ്കനായ ഒരുവനെപ്പോലെ ആയിരുന്നു. ഇപ്പോൾ രണ്ടാമത്തേതിൽ, നിങ്ങൾ ഒരല്പം മുകളിലേയ്ക്ക് പോകുന്നു, അവൻ അതിൽ നിന്നും സ്വല്പം കൂടി ഉയർന്നു; രണ്ടാമത്തെ ഘട്ടത്തിൽ എത്തിയപ്പോൾ, "അവന് ഒരു കിരീടം നൽകപ്പെട്ടു," എന്നു തിരുവെഴുത്ത് പറയുന്നു. അവർ ഒരു മനുഷ്യനെ കിരീടം അണിയിച്ചു. നോക്കു, ഒരു അതിമാനുഷൻ. നോക്കു, അവനെ കിരീടം അണിയിച്ചു! അന്ന്, ബൈബിളിൽ അവനെ പോപ്പ് എന്നു വിളിച്ചിരുന്നില്ല. ബൈബിൾ അവനെ ഒരു "കള്ളപ്രവാചകൻ" എന്നു വിളിക്കുന്നു. എന്തുകൊണ്ടാണ്? അതെ. തീർച്ചയായും, അവന്റെ എതിർക്രിസ്തുവിന്റെ ആത്മാവ് മൂലം, യഥാർത്ഥ വചനത്തിന് എതിരായിട്ട് പഠിപ്പിക്കുന്നതിനാൽ, അവൻ കള്ളപ്രവാചകൻ തന്നെ ആയിരിക്കണം. കാരണം, യഥാർത്ഥ വചനത്തിന് എതിരായിട്ട്, അവൻ പഠിപ്പിച്ചിരിക്കുന്നു എങ്കിൽ, അവൻ എതിർക്രിസ്തുവാകുന്നു. അവൻ ആയിരിക്കുന്നു. വചനം ദൈവമാകുന്നു, നോക്കു, ക്രിസ്തു അത് ശരിയാണ്. ഇപ്പോൾ, അതിനുശേഷം, അവൻ കിരീടം അന്ന് അണിയപ്പെട്ടതായി നാം കാണുന്നു. അങ്ങനെ അവൻ കിരീടം അണിയിക്കപ്പെട്ടു കഴിഞ്ഞപ്പോൾ, ഇപ്പോൾ, അവൻ നിഷ്കളങ്കനും നിസ്സഹായകനുമാണ്. അവൻ വെറുമൊരു സാധാരണ മനുഷ്യൻ.

274 എന്നാൽ നിഖ്യാ സമിതിയിൽവെച്ച്, അവൻ അതു പ്രാപിക്കുകയും കുസ്തന്തോസ് ചക്രവർത്തി, അവന് എല്ലാവിധ സമ്പത്ത് നല്കുകയും ചെയ്തു. അതിനുശേഷം അവൻ എന്താണ് ചെയ്തത്? അതിനുശേഷം, അവൻ, നോക്കു, സാത്താൻ, അവന്റെ സിഹാസനവും അധികാരവും

അവന് നല്കി. ബൈബിൾ അപ്രകാരം പറഞ്ഞിരിക്കുകയും, നാം അതിൽക്കൂടെ കടന്നു പോകുകയും ചെയ്തിരിക്കുന്നു.

275 ഇപ്പോൾ, അടുത്തതായി നാം കാണുന്നത്, ഇതുവരെ ഉണ്ടായിട്ടുള്ളതും, ഇനിയും ഉണ്ടാകാൻ പോകുന്നതുമായ സകല രാഷ്ട്രീയ കാര്യങ്ങളും നിയന്ത്രിക്കുന്നത് പിശാചാകുന്നു. വിശുദ്ധ മത്തായിയുടെ 4:11-ൽ നാം അതു കാണുന്നു, അങ്ങനെ ഇപ്പോൾ സാത്താൻ നേരത്തെ രാഷ്ട്രീയം കയ്യിലെടുത്തിരുന്നു എന്നു നാം കാണുന്നു.

276 എന്നാൽ അവൻ സഭയെ കയ്യിലെടുക്കാൻ ശ്രമിക്കുകയാണ്, അതിനാൽ അവൻ അതിനെ വഞ്ചിച്ചുകൊണ്ടു പോകുന്നു. അവൻ തന്റെ അതിമാനുഷനെ എടുത്ത്, അവനെക്കൊണ്ട് ഒരു സംഘടനയായി തീർക്കുകയും, അവനെ ക്രിസ്തുവിനു "പകരമായി" ഒരു കിരീടമണിയിക്കുകയും ചെയ്യുന്നു. ദൈവത്തിനു പകരം ക്രിസ്തു പ്രവർത്തിച്ചു. നോക്കു, ഈ വ്യക്തി, ഒരു പകരമാണ്, ദൈവത്തിനു പകരം. മനസ്സിലായില്ലേ? അതേ കാര്യം, "ദൈവത്തിനു പകരം." യഥാർത്ഥത്തിൽ അവൻ എന്ത് ആകേണ്ടിയിരുന്നു, ക്രിസ്തുവിന് കീഴിലെ ഒരു വികാരി.

277 ഇപ്പോൾ, ഇപ്പോൾ, അവൻ അത് ചെയ്തപ്പോൾ, അതിന് ശേഷം അവൻ അന്ന് എന്താണ് ചെയ്തത്? അവൻ, സാത്താൻ, നേരത്തെ നേടിയെടുത്തിരുന്ന തന്റെ രാഷ്ട്രീയ അധികാരവും, അതുപോലെ തന്നെ അവൻ നേരത്തെ കിരീടം അണിയിക്കപ്പെട്ടിരുന്ന അവന്റെ മതപരമായ അധികാരവും, രണ്ടും കൂടി കൂട്ടിച്ചേർത്തു ഒന്നാക്കി.

278 അതിന്റെ ശേഷം അവൻ നരകത്തിന്മേലും വേറൊരു കിരീടവും ഉണ്ടാക്കി. അതായത് മരിച്ചു പോകുന്ന ആരെങ്കിലും, കൂടുതൽ പണം കൊടുക്കുകയാണെങ്കിൽ, അവൻ നരകത്തിൽ നിന്ന് അവരെ വെളിയിൽ കൊണ്ടുവരും, കാണുന്നോ? അതുകൊണ്ട് ഇപ്പോൾ അവൻ സ്വർഗ്ഗത്തിന്മേലും, മരണാനന്തര ശുദ്ധീകരണസ്ഥലത്തിന്റെയും, ഒരു വികാരിയായി തീർന്നു, അവൻ അതിനെ അങ്ങനെ വിളിക്കാൻ ആഗ്രഹിക്കുന്നു. ബൈബിളിൽ അങ്ങനെ ഒരു കാര്യം തന്നെ ഇല്ല, നോക്കു, എന്നാൽ അവന് എന്തെങ്കിലും ഉണ്ടാക്കേണ്ടത് ആവശ്യമായിരുന്നു. അത് അഗാധകൂപത്തിൽ നിന്നു വരുകയും അതുപോലെ തിരികെ പോകുകയും ചെയ്യും എന്ന് ബൈബിൾ പറയുന്നു. ഈ ഭൂമിയിലും അവൻ ഒരു ഭരണാധികാരിയാകുന്നു!

279 ഇപ്പോൾ എന്താണ് അവന് അന്ന് നല്കപ്പെട്ടത്? ആദ്യം, അവന് ഒരു വില്ലുണ്ടായിരുന്നു, എന്നാൽ അവന് അമ്പില്ലായിരുന്നു.

എന്നാൽ ഇപ്പോൾ അവന്റെ കൈയിൽ ഒരു ശക്തിയേറിയ വാൾ ഉണ്ടായിരിക്കുന്നു. അവന് ഇപ്പോൾ എന്തെങ്കിലും ചെയ്യാൻ കഴിയും. അതിന്റെ ശേഷം അവൻ തന്റെ വെള്ളക്കുതിര മേൽ നിന്നും ചാടിയിട്ട്; ആ വെള്ളക്കുതിരമേലുള്ള സവാരി ഓടിച്ചു തീർക്കുന്നു. അവൻ ഇപ്പോൾ എന്തിലാണ് കാൽ വെച്ചിരിക്കുന്നത്? ഒരു ചുവന്ന കുതിരയുടെ മേൽ, രക്തം, ചുവന്ന-രക്തമുള്ള കുതിര. അവൻ യഥാർത്ഥത്തിൽ അതിന്മേൽ സവാരി ചെയ്യുന്നു. ഓ, തീർച്ചയായും. ഇപ്പോൾ അവന് കൊല്ലുവാനുള്ള വലിയ വാളും, വലിയ ശക്തിയും നല്കിയിരിക്കുകയും, അവൻ തന്റെ ചുവന്ന രക്ത നിറമുള്ള കുതിരയെ ഓടിക്കുകയും ചെയ്യുന്നു.

280 കഴിഞ്ഞ രാത്രിയിൽ തുറക്കപ്പെട്ട, രണ്ടാം മുദ്രയിൽ, അവൻ ഭൂമിയിൽ നിന്നും സമാധാനം എടുത്തുകളയുകയും അന്യോന്യം കൊല്ലുകയും ചെയ്തിരുന്നു എന്ന്, നാം കണ്ടിരുന്നു. അവന്റെ തന്നെ സ്വന്തമായ റോമൻ കത്തോലിക്ക സഭയുടെ, രക്തസാക്ഷി ചരിത്രത്തിൽ ഹിപ്പോയിലെ വിശുദ്ധ അഗസ്റ്റിന്റെ കാലം തൊട്ട് 1580-ാം ആണ്ട് വരെ 68 ദശലക്ഷം പ്രൊട്ടസ്റ്റെന്റുക്കാരെ കൊന്നു കളഞ്ഞതായി കാണിക്കുന്നു. "അറുപത്തിയെട്ട് ദശലക്ഷം." നിങ്ങൾ അത് വായിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അത് ഷ്മക്കേഴ്സിന്റെ *വലിയ നവീകരണം*, ശരിക്കു പറഞ്ഞാൽ, *മഹത്തായ നവീകരണം* എന്ന പുസ്തകത്തിൽ വായിച്ചറിയാവുന്നതാണ്. ഇപ്പോൾ, അറുപത്തിയെട്ട് ദശലക്ഷം എന്ന് രക്തസാക്ഷി ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു! അവരുടെ പേരിന് വിളിക്കപ്പെടുന്ന പുണ്യവാളന്മാരിൽ ഒരുവന് റോമൻ കത്തോലിക്ക സഭയോട് യോജിക്കാത്ത ഏതൊരു വ്യക്തിയും ഒരു മതഭ്രാന്തൻ എന്ന രീതിയിൽ മരിച്ചിരിക്കണം എന്ന വെളിപ്പാട് കിട്ടിയപ്പോൾ അത് അവരെ അപ്പോൾ മുതൽ ഇത് ചെയ്യുന്നതിന് വേണ്ടി ഒരുക്കി കളഞ്ഞു. മനുഷ്യാ അവൻ രക്തം തളിച്ചുകൊണ്ട് പുറപ്പെട്ടു പോയി! അവൻ—അവൻ തന്റെ വെള്ളക്കുതിര പുറത്തു നിന്ന്...ചുവന്ന കുതിര പുറത്തേക്ക് ചാടി കയറി സവാരി ചെയ്തു. ഓ!

281 ഇപ്പോൾ അവന് വലിയ അധികാരം കൈവന്നിരിക്കുന്നു. അവൻ സ്വർഗ്ഗത്തിൽ പ്രതിപുരുഷനാക്കപ്പെട്ടിട്ട്, ദൈവത്തെപോലെ ആരാധിക്കപ്പെടുന്നു. ഭൂമിയിൽ ഭരണാധിപനും, സഭയെയും സംസ്ഥാനത്തെയും തമ്മിൽ കൂട്ടിച്ചേർത്തു അവനെ ഭൂമിയിൽ ഭരണാധിപനാക്കിയിരിക്കുകയും; അതിന് ഒരു കിരീടം നല്കപ്പെടുകയും ചെയ്തിരിക്കുന്നു. അവന് മരണാനന്തര പാപമോചന സ്ഥാനത്തുള്ള ആത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കാൻ കഴിയും. അവന്

മദ്ധ്യസ്ഥതയും കഴിയും...അവൻ ദൈവത്തെ പോലെയായിട്ട്, ഈ ഭൂമിയിൽ അവൻ ദൈവത്തിന് പകരമായിരിക്കുന്നു. അവന്റെ കല്പന അനുസരിക്കാത്തവരെ കൊന്നു കളയാനുള്ള മഹാ അധികാരം അവൻ ഒരുമിച്ചാക്കിയപ്പോൾ അവന് ലഭിക്കപ്പെട്ടു. ആരാണ് അവനോട് എതിർത്ത് എന്തെങ്കിലും പറയുന്നത്? സഭയ്ക്ക് യാതൊന്നും പറയാൻ കഴിയില്ല; അവൻ അതിന്റെ തലവനാകുന്നു. സംസ്ഥാനത്തിനൊന്നും പറയാൻ കഴിയില്ല; അവൻ അതിന്റെ തലവനാകുന്നു. അതിനാൽ, ദശലക്ഷക്കണക്കിനു ജനങ്ങൾ കൊല ചെയ്യപ്പെട്ടുകയുണ്ടായി. ചെറിയ സഭകളിലുള്ള ജനങ്ങളും, സഹോദരന്മാരും, ചിതറിപ്പോകുകയും, കൊല്ലപ്പെട്ടുകയും, കൊല ചെയ്യപ്പെട്ടുകയും, സിംഹങ്ങൾക്ക് ഇരയാകുകയും, അങ്ങനെ എല്ലാമായി തീർന്നു. കാണുന്നോ? "മഹാസർപ്പമായ" റോമിന്, "തന്റെ സിംഹാസനവും അധികാരവും അവൻ കൊടുത്തു," എന്ന് തിരുവെഴുത്ത് പറയുന്നു. മനസ്സിലായോ? അങ്ങനെ അവൻ അവന്റെ മുൻകുറിയായായ ചുവന്ന കുതിരപ്പുറത്ത് കയറി മനുഷ്യരക്തത്തിലൂടെ ഓടിച്ചിട്ട് ഒരു ചുവന്ന കുതിരയായി തീരുന്നതുവരെ സവാരിചെയ്തു.

282 ഇപ്പോൾ യോഹന്നാൻ അവനെ ഒരു കറുത്ത കുതിരപ്പുറത്ത് ഇരിക്കുന്നതായി കാണുന്നു. അവൻ, എന്തോ ചിലതെല്ലാം മാറ്റിയിരിക്കുന്നു.

283 ഇപ്പോൾ എനിക്കിത് നല്കപ്പെട്ടതു പോലെ നിങ്ങളോട് പറയേണ്ടത് ആവശ്യമായിരിക്കുന്നു. ഇത് ബാക്കിയുള്ള തിരുവെഴുത്തുമായിട്ട് താരതമ്യപ്പെടാതെ എന്റെ അടുക്കൽ വരുകയാണെങ്കിൽ പിന്നെ അത് ഒരിക്കലും ദൈവത്താൽ നല്കപ്പെട്ടതല്ല. നോക്കു, തിരുവഴുത്തുകളെല്ലാം അവ ഓരോന്നും എല്ലാം കൂടി ഇതു പോലെ ഒരു മഹത്തായ കാര്യമാകുന്നു. തിരുവെഴുത്ത് തിരുവെഴുത്തുമായി യോജിച്ച് പോകേണ്ടത് ആവശ്യമാകുന്നു. തിരുവെഴുത്തിന് വിരോധമായി എന്തെങ്കിലും ആണെങ്കിൽ...കർത്താവിന്റെ ദൂതൻ എന്നോട് പറഞ്ഞിട്ടുള്ളതിൽ, എന്തെങ്കിലും തിരുവെഴുത്തുപ്രകാരം അല്ലായിരുന്നെങ്കിൽ, ഞാൻ അവനെ വിശ്വസിക്കുകയില്ലായിരുന്നു. കാണുന്നോ?

284 കഴിഞ്ഞ ദിവസം, ചിക്കാഗോയിൽ വച്ച്, നൂറുക്കണക്കിന് ദൈവവേലക്കാർ...ഒരുമിച്ച് കൂടിയപ്പോൾ, ഞാൻ പറഞ്ഞു, ആ യോഗത്തിൽ പങ്കെടുത്തിരുന്ന ആരെങ്കിലും അവിടെയുണ്ടോ? തീർച്ചയായും. ചിക്കാഗോയുടെ ആ യോഗത്തിൽ വച്ച്, ഞാൻ പറഞ്ഞു, "ഇപ്പോൾ, നിങ്ങൾക്ക് എന്തോ കിട്ടിയിട്ടുണ്ട് എന്നാണ് നിങ്ങൾ വിചാരിക്കുന്നത്...നിങ്ങൾ വിചാരിക്കുന്നത് എന്നെ എന്തോ

കാര്യത്തിൽ കൂട്ടി ചുറ്റിച്ചുക്കളയാം എന്നായിരുന്നു." അതിപ്പോൾ ഈ മുറിപോലെ ഒരു സ്ഥലത്തായിരുന്നു. ഞാൻ ചോദിച്ചു, "എനിക്ക് എതിരായിട്ട് നിങ്ങളുടെ പക്കലുള്ളത്, എന്താണ്?" ഞാൻ പറഞ്ഞു, "പരിശുദ്ധാത്മാവ്, മൂന്ന് രാത്രികൾക്ക് മുമ്പ് നിങ്ങൾ ഓരോരുത്തരും എവിടെ ഇരിക്കുമെന്നും, എനിക്ക് കാണിച്ചു തന്നിരുന്നു. എന്നാൽ നാം അവിടെ ആയിരിക്കുകയില്ല...അത് ശരിയാണോ എന്ന് ചാൾസിനോട് ചോദിച്ചറിയുക."

285 അവിടെ ഹാങ്കും ബാക്കിയുള്ളവരും ഉണ്ടായിരുന്നു. "അത് ശരിയാണ്." നിങ്ങൾ എല്ലാവരും അത് കേൾക്കുന്നതിനായി അവിടെ ഉണ്ടായിരുന്നു.

286 ഞാൻ പറഞ്ഞു, "ഇപ്പോൾ നിങ്ങൾക്ക്, എന്റെ ഉപദേശങ്ങൾക്ക് എതിരായിട്ട് എന്തോ ചിലത് കൂടിയുണ്ട്. അതാണ് കാര്യം. ഇപ്പോൾ, നിങ്ങളിൽ ആരെങ്കിലും ഒരാൾ ഇപ്പോൾ നിങ്ങളുടെ ബൈബിളുമെടുത്തു കൊണ്ട്, ഇവിടേക്ക് കടന്നുവന്നു എന്റെ അടുക്കൽ നിന്ന്, അത് തെറ്റാണെന്നു തെളിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു." അപ്പോൾ ഇത്രയും ശാന്തമായ ഒരു സദസ്സ് ഒരിക്കലും ഉണ്ടായിരുന്നിട്ടില്ല. ഞാൻ ചോദിച്ചു, "നിങ്ങൾക്ക് എന്ത് പറ്റി?" ഞാൻ പറഞ്ഞു, "നിങ്ങൾക്ക് ദൈവവചനത്തിന് എതിരായിട്ട് നിൽക്കാൻ കഴിയില്ല എന്ന് അറിയാമെങ്കിൽ പിന്നെ എന്റെ പിന്നിലായിക്കൊള്ളുക. നിങ്ങൾ ദിവ്യത്വത്തിൽ ഡോക്ടറേറ്റ് ബിരുദം നേടിയവരും, നിങ്ങളെ തന്നെ 'ഡോക്ടർ,' 'ഡോക്ടർ', 'ഡോക്ടർ' എന്ന് പരിചയപ്പെടുത്തുകയും ചെയ്യുന്നു. ഞാനോ..." (ഒ, സഹോദരൻ വുഡ്സും ഞാനും "ചീചാക്കർ" അല്ലെങ്കിൽ "പച്ചക്കൊമ്പൻ" എന്ന് വിളിക്കുന്നു.) "എനിക്ക് യാതൊരു വിദ്യാഭ്യാസവുമില്ല. ഒരിക്കലും ഒരു സെമിനാരിയോ പാഠശാലയിൽ കൂടിയോ കടന്നു വന്നിട്ടില്ല. എന്നാൽ നിങ്ങൾ നിങ്ങളുടെ ബൈബിൾ എടുത്തുകൊണ്ട്, ഇവിടെ കടന്ന് വന്നു എന്റെ അടുക്കൽ നിന്നുകൊണ്ട്, സർപ്പസന്തതിയെയും, യേശുവിന്റെ നാമത്തിലുള്ള സ്നാനത്തെയും, അല്ലെങ്കിൽ ഞാൻ ഉപദേശിക്കുന്ന ഏതെങ്കിലും കാര്യങ്ങളെ എടുത്ത് കൊണ്ട് തെറ്റാണെന്ന് കാണിച്ചു തരിക." ആരും ഒരു വാക്കും പറഞ്ഞില്ല. നിങ്ങൾക്കെല്ലാവർക്കും അതറിയാം. നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ചേറ്റവും ശാന്തമായ ഒരു സദസ്സായിരുന്നു.

287 നോക്കൂ, അവർ വെറും കാക്കയെപ്പോലെ എന്താണെന്ന് എനിക്ക് തന്നെ അറിയില്ല. ഇപ്പോൾ, ഇപ്പോൾ ഇവിടെ ഇതാകുന്നു. ജനങ്ങളുമായി വെറുതെ ബഹളം കൂട്ടുന്നതിൽ ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ ചിലപ്പോൾ അവർ നിങ്ങളെ അതിലേക്ക് വലിച്ചിഴക്കുന്ന

ഒരു സ്ഥാനത്തെത്തുമ്പോൾ അത് കാര്യമാകുന്നു. ഞാൻ അവിടേക്ക് പോകുകയില്ലായിരുന്നു. "എന്നാൽ നീ പോകുക, ഞാൻ നിന്നോട് കൂടെ നിൽക്കും," എന്ന് പരിശുദ്ധാത്മാവ് എന്നോട് പറഞ്ഞിരുന്നു.

288 ഈ യോഗം നടക്കുന്നതിന് മൂന്നോ നാലോ ദിവസം മുമ്പ്, ഞാൻ അവരോട് ഇത് പറഞ്ഞിരുന്നു. നിങ്ങൾ എല്ലാവരും അവിടെ ഉണ്ടായിട്ട്, നിങ്ങൾ ശ്രീമാൻ കാൾസനെയും ടോമി ഹിക്സിനേയും കേട്ടിരുന്നു. അവർ എല്ലാവരും അവിടെ ഇരിപ്പുണ്ടായിരുന്നു. ഇതിന് മൂന്ന് ദിവസം മുമ്പ്, "നിങ്ങൾ ആ സ്ഥലം റദ്ദ ചെയ്യാൻ പോകുകയാണ്" എന്ന് ഞാൻ അവരോട് പറഞ്ഞിരുന്നു.

289 അതൊരു കൊടുംകാറ്റുള്ള രാത്രിയായിരുന്നു. കൂടാതെ എനിക്ക് ഒരു യോഗവുമുണ്ടായിരുന്നു. അവൻ പറഞ്ഞു, "പോകൂ, നീ ചെന്ന് മൂന്നാമത്തെ വാതിലിനടുത്തുള്ള ആ ജനലിനടുത്തു പോയി നിൽക്കുക". ഞാൻ നേരെ അവിടേയ്ക്ക് ചെന്ന് അവിടെ തന്നെ നിന്നു. ഇപ്രകാരം പുറത്തേക്കു നോക്കി.

290 അവൻ പറഞ്ഞു, "അവർ നിനക്കായി ഒരു കെണി ഒരുക്കി വച്ചിരിക്കുന്നു. ചിക്കാഗോ മഹാസംസ്ഥാനത്തിന്റെ ദൈവവേലക്കാരുടെ സമ്മേളനത്തിൽ അവർ നിന്നോട് പ്രസംഗിക്കാൻ ആവശ്യപ്പെടാൻ പോകുകയാണ്." എന്നിട്ട് പറഞ്ഞു, "നീ ഉപദേശിക്കുന്ന എന്റെ വചനത്തെ സംബന്ധിച്ച് അവർ നിനക്കായി ഒരു കെണി ഒരുക്കിയിരിക്കുന്നു."

291 അവൻ പറഞ്ഞു, "ഇപ്പോൾ, അവിടെയുള്ള ആ സ്ഥലം അവർ റദ്ദ ചെയ്യാൻ പോകുകയാണ്. അവർക്കു ആ സ്ഥലം കിട്ടുകയില്ല. അവിടെ തവിട്ടു നിറമുള്ള ഒരു സ്ഥലം അവർക്ക് കിട്ടാൻ പോകുന്നു." എന്നിട്ട് പറഞ്ഞു, "അത് ഇപ്രകാരം കാണപ്പെടും." ഞാൻ അവിടെ നിന്നിട്ട് തിരികെ നോക്കിയപ്പോൾ എന്നെതന്നെ ഒരു മൂലയിലായി നിൽക്കുന്നത് കണ്ടു; പിന്നിലേയ്ക്ക് നോക്കി. ഞാൻ അവരെ എല്ലാവരേയും അവിടെ കണ്ടു, എല്ലാ ധർമ്മോപദേശകരും അവർ ഇരുന്നിരുന്ന അതേ രീതിയിൽ ഞാൻ അവരെ കണ്ടു. ഞാൻ അവരെ മൊത്തമായിട്ട് ശ്രദ്ധിച്ചു നോക്കി കണ്ടു. പിന്നെ അവൻ പറഞ്ഞു...

292 "ഓ," ഞാൻ ഓർത്തു, "കർത്താവെ, അവർ ഇപ്രകാരമാണ് അത് ചെയ്യാൻ പോകുന്നതെങ്കിൽ, പിന്നെ ഞാൻ അവിടേയ്ക്ക് പോകാതിരിക്കുന്നതാണ് നല്ലത്. ഞാൻ അവരുടെ വികാരങ്ങളെ മുറിവേൽപ്പിക്കുന്നതിനോ, മറ്റെന്തെങ്കിലും തെറ്റായി ചെയ്യുന്നതിനോ ആഗ്രഹിക്കുന്നില്ല."

അവൻ പറഞ്ഞു, “പോകുക, ഞാൻ നിന്നോടൊപ്പം നിൽക്കുന്നതാണ്.” അവൻ അതുപോലെ തന്നെ ചെയ്തു, അത് ശരിയാണ്.

293 ഇപ്പോൾ, അത് സത്യമാണെന്ന് അവിടെ തന്നെ ഇരുന്ന് അത് കണ്ട സാക്ഷികൾ ഇപ്പോൾ ഇവിടെ സന്നിഹിതരായിട്ടുണ്ട്. അത് ശരിയാണ്. അതെ, നിങ്ങൾക്ക് അതിന്റെ ടേപ്പുകളും ഇവിടെ ലഭ്യമാണ്. എന്നാൽ, നോക്കൂ, അവിടെയാണ് നിങ്ങൾ.

294 ഇപ്പോൾ, ഇതിന്റെ രഹസ്യം ഇതാകുന്നു. ഇത്, ഇന്ന്, രാവിലെ വെളിച്ചം ഉദിക്കുന്നതിന് മുമ്പ് അവൻ എനിക്ക് വെളിപ്പെടുത്തി തന്നു. അപ്പോൾ ഞാൻ പെട്ടെന്ന് ചെന്ന് തിരുവെഴുത്ത് തെരഞ്ഞു അത് കണ്ടു പിടിക്കുകയും, അത് അവിടെ കാണുകയും ചെയ്തു. അവയിൽ മൂന്നെണ്ണം, ഇതുവരെയും കൃത്യമായും അമാനുഷികമായി തന്നെ വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതെ. ഇപ്പോൾ കറുത്ത കുതിരയുടെ രഹസ്യം, എനിക്ക് വെളിപ്പെടുത്ത രീതിക്കനുസരിച്ച് അത് ഇപ്രകാരമാകുന്നു.

295 അവൻ അന്ധകാരത്തിന്റെ കാലഘട്ടത്തിലാണ് സവാരി ചെയ്യാൻ തുടങ്ങിയത്. അതാണ് കറുത്ത കുതിര അന്ധകാര യുഗത്തെ പ്രതിനിധീകരിക്കുന്നത്. കാരണം അത് അവിടെ ശേഷിക്കപ്പെട്ടിരിക്കുന്ന സത്യവിശ്വാസികൾക്ക് അർത്ഥരാത്രിയുടെ സമയമായിരുന്നു. ഇപ്പോൾ ഈ സഭാകാലഘട്ടത്തെ, ആ മദ്ധ്യകാല സഭായുഗത്തെ, ആ അന്ധകാര സഭാകാലഘട്ടത്തെക്കുറിച്ച് ഒന്നു ശ്രദ്ധിക്കുക. അവൻ എന്താണ് അതിനെക്കുറിച്ച് പറയുന്നതെന്ന് ശ്രദ്ധിക്കൂ. “നിനക്ക് അല്പമേ ശക്തിയുള്ളൂ,” അത് സത്യവിശ്വാസിക്ക്, അവർക്ക് അതൊരു അർദ്ധരാത്രിയുടെ സമയമായിരുന്നു. ഇപ്പോൾ ശ്രദ്ധിക്കുക. പ്രാവർത്തികമായി എല്ലാ പ്രതീക്ഷയും യഥാർത്ഥ സഭയിൽ നിന്നും എടുക്കപ്പെട്ടിരുന്നു. ഈ വ്യക്തി സഭയെയും സംസ്ഥാനത്തെയും നിയന്ത്രിച്ചിരുന്നു. അവർക്ക് എന്തു ചെയ്യാൻ കഴിയുമായിരുന്നു? നോക്കൂ, കത്തോലിക്ക മതം സഭയേയും സംസ്ഥാനത്തെയും കയ്യിലെടുത്ത് കഴിഞ്ഞിരുന്നു. കത്തോലിക്ക മതത്തോട് യോജിക്കാത്തവരെല്ലാം തന്നെ കൊല്ലപ്പെട്ട് കഴിഞ്ഞിരുന്നു. ആ കാരണത്താലാണ് അവൻ ഒരു കറുത്ത കുതിരപ്പുറത്തായിരുന്നത്. അവൻ ചെയ്ത കറുത്ത പ്രവർത്തി എന്താണെന്ന് ശ്രദ്ധിക്കുക, നോക്കൂ, അപ്പോൾ നിങ്ങൾക്കത് കാണാൻ കഴിയും. നിങ്ങൾ ഇങ്ങനെ...നിങ്ങൾക്ക് നിങ്ങളുടെ ചരിത്രം അറിയാമെങ്കിൽ ശ്രദ്ധിച്ചു കൊള്ളുക. പിന്നെ നിങ്ങൾ... അറിയുന്നതിന് വേണ്ടി അതറിയേണ്ടതിന്റെ തന്നെ ആവശ്യമില്ല.

ഇപ്പോൾ ശ്രദ്ധിക്കുക. എല്ലാ പ്രതീക്ഷകളും പൊയ്ക്കഴിഞ്ഞിരുന്നു. ഇത് അവന്റെ കറുത്ത കുതിരയാകുന്നു.

ഇപ്പോൾ, ഒരു സൂത്രശാലിയായ, അവൻ വെള്ളക്കുതിരപ്പുറത്ത് ഓടിച്ചു പോയി.

296 അതിന് ശേഷം അധികാരം അവന് നല്കപ്പെട്ടു; അവൻ സമാധാനം എടുത്തു കളഞ്ഞിട്ട് ദശലക്ഷക്കണക്കിനു ആളുകളെ കൊല ചെയ്തു. അവൻ സവാരി ചെയ്തു പോകുമ്പോൾ, ചെയ്തിരുന്നത് അതായിരുന്നു. അവൻ അതിപ്പോഴും ചെയ്യുന്നു. മനസ്സിലായോ?

297 ഇപ്പോൾ, അവൻ തന്റെ കറുത്ത കുതിരപ്പുറത്ത് സവാരി ചെയ്തുകൊണ്ട് കടന്നു വരുകയാണ്. ആ സമയത്ത് അത് ഇരുണ്ട കാലഘട്ടമായിരുന്നു, സഭ അധികാരമേറ്റ് ശക്തിപ്രാപിച്ചയുടനെ തന്നെ അവർ എല്ലാ കാര്യങ്ങളെയും അടിച്ചമർത്തി. അതിനു ശേഷം നൂറോളം നൂറോളം നൂറോളം വർഷങ്ങൾ കടന്നു കടന്നു പോയി എന്ന് അന്ധകാര യുഗത്തെക്കുറിച്ച് എല്ലാ വായനക്കാർക്കും അറിയാം. എത്രപേർക്കതറിയാം? [പള്ളിയിൽ കൂടിവന്നവർ പറയുന്നു, "ആമേൻ."—Ed.] തീർച്ചയായും, അത് ഇരുണ്ട കാലഘട്ടമായിരുന്നു. അവിടെ അതാ നിങ്ങളുടെ കറുത്ത കുതിര ഇരുണ്ട കാലഘട്ടത്തെ പ്രതിനിധീകരിച്ചു കൊണ്ട് പോകുന്നു. ഇപ്പോൾ എല്ലാ പ്രതീക്ഷകളും അവർക്ക് പൊയ്ക്കഴിഞ്ഞിരുന്നു; യാതൊരു പ്രതീക്ഷയും ഇല്ലായിരുന്നു. ആ ചെറിയ കൂട്ടം വിശ്വാസികൾക്ക്, എല്ലാം ഇരുട്ടായി കാണപ്പെട്ടിരുന്നു. ഇപ്പോൾ ആ കാരണത്താലാണ് കറുത്ത കുതിര അന്ധകാര യുഗത്തെ പ്രതിനിധീകരിക്കപ്പെട്ടത്.

298 "അവന്റെ ത്രാസ് അല്ലെങ്കിൽ അവൻ ഒരു തുലാസ്സ് കൈയിൽ പിടിച്ചിരുന്നു," നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ, "ഒരു പണത്തിന് മൂന്നിടങ്ങഴി കോതമ്പ്, ഒരു പണത്തിന് മൂന്നിടങ്ങഴി യവം," എന്നൊരു ശബ്ദവും ഉണ്ടായി. നോക്കൂ, യഥാർത്ഥത്തിൽ കോതമ്പും, യവവും പ്രാകൃതിക ജീവന്റെ വസ്തുക്കളാകുന്നു. അതിൽ നിന്നാണ് അപ്പവും മറ്റു കാര്യങ്ങളും ഉണ്ടാക്കിയിരുന്നത്. എന്നാൽ, നിങ്ങൾ നോക്കുക, അവൻ ഇത് വിലച്ചുമത്തിയിരുന്നു. എന്താണ് ഇത് അർത്ഥമാക്കുന്നത്. അതായത് അവൻ തന്റെ പ്രജകൾക്ക് അയച്ചു കൊണ്ടിരുന്ന ജീവന്റെ പ്രതീക്ഷയ്ക്ക് വേണ്ടിയുള്ള കാര്യങ്ങൾക്ക് വിലച്ചുമത്തുകയായിരുന്നു. അതേ സമയം തന്നെ അവൻ അവരെക്കൊണ്ട് പ്രാർത്ഥനയ്ക്ക് വേണ്ടി വിലച്ചുമത്തിയിരുന്നു. പ്രാർത്ഥനയ്ക്കു വേണ്ടി പണം വാങ്ങിയിരുന്നു. അവർ ഇപ്പോഴും അത് ചെയ്യുന്നു. അതിനെ നോവിനോ എന്ന് വിളിക്കുന്നു.

299 കാരണം, അവൻ എന്താണ് ചെയ്തു കൊണ്ടിരുന്നത്? അവൻ ലോകത്തിന്റെ ധനം പിടിച്ചെടുക്കുകയായിരുന്നു. ആ തുലാസ്, "ഒരു പണത്തിന് മുന്നിടങ്ങഴി കോതമ്പ്, ഒരു പണത്തിന് മൂന്നിടങ്ങഴി യവം എന്ന്," തൂക്കിക്കൊണ്ടിരുന്നു. കറുത്ത കുതിരപ്പുറത്ത് സവാരി ചെയ്തു കൊണ്ടിരുന്നവൻ, നോക്കൂ തന്റെ പ്രജകളുടെ പണത്തെ ഉരിഞ്ഞെടുക്കുകയായിരുന്നു. അതിനെക്കുറിച്ച് ബൈബിൾ മുൻകൂട്ടി പറഞ്ഞിരിക്കുന്നത്, ലോകത്തിന്റെ ഭൂരിഭാഗം സമ്പത്തും അവൻ പിടിച്ചടക്കുമെന്നാണ്. അത് കഴിഞ്ഞ രാത്രിയിൽ ഞാൻ റഷ്യയെക്കുറിച്ചും മറ്റു പലതിനെക്കുറിച്ചും സംസാരിച്ചിരുന്നത് പോലെ അവർ ജനങ്ങളുടെ മുഴുവൻ പണവും എടുത്തിട്ട് അവർ ജനങ്ങളെ അവർക്കുള്ള സകല കാര്യങ്ങളിൽ നിന്നും ഒന്നും ഇല്ലാത്തവരായി തീർക്കുന്നു. അതുകൊണ്ട് അവിടെയാണ് നിങ്ങൾ.

300 ഇപ്പോൾ ശ്രദ്ധിക്കുക. ആ പഴയ പണം പിടുങ്ങുന്ന കാര്യം, ഇന്ന് സഭയിൽ എവിടെ നിന്നും വന്നു എന്ന് നിങ്ങൾ കാണുന്നില്ലേ? അത്തരം കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞു മാറിക്കൊള്ളുക; ഒരു സഭാസംഘടന പണിയുന്നതിന് വേണ്ടി, വലിയ എന്തെങ്കിലും ദശലക്ഷക്കണക്കിനു ഡോളറുകൾ ഇവിടെ ചിലവാക്കുന്നു. അങ്ങനെ അതിന്റെ മാതാവ് ആരാകുന്നു എന്ന് നിങ്ങൾ കാണുന്നില്ലേ?

301 കർത്താവെ നിനക്ക് നന്ദി, ഓ എന്റെ! ഞാൻ അത്രയും സന്തോഷവാനാകുന്നു. അതെ ശ്രീമാൻ. ശരിയാണ്. ഇത് അവന്റെ കൃപയായിരിക്കുന്നു. അത്രമാത്രം. ശരിയാണ്. ശരി തന്നെയാണ്.

302 അതൊരു അർദ്ധ രാത്രിയുടെ സമയമായിരുന്നു. നിങ്ങൾ ഇപ്പോൾ അത് മനസ്സിലാക്കുന്നുണ്ടോ? [പള്ളിയിൽ കൂടിവന്നവർ പറയുന്നു, "ആമേൻ."—Ed.] ഇവിടെ അവൻ തന്റെ ജനങ്ങൾക്ക് നല്കിയിരുന്ന ഇത്തരം ഒരു ജീവനു വേണ്ടി, അതായത് അത് അവന്റെ യവവും, മറ്റു ചപ്പുചവറിനും, സ്വാഭാവികമായത് ആയിരുന്നതിന് പണം വാങ്ങിയിരുന്നു; എന്നാൽ ആത്മീയമായിരുന്നില്ല. അത് യവം ആയിരുന്നു നോക്കൂ, അതുകൊണ്ട്, അത് യവം കൊണ്ടുള്ള അപ്പവും കോതമ്പു കൊണ്ടുള്ള അപ്പവും ആകുന്നു. അവൻ തന്റെ പ്രജകൾക്ക് നൽകിയിരുന്ന ഇത്തരം ഒരു ജീവിതത്തിന് വേണ്ടി പണം ചുമത്തിയിരുന്നു. കൂടാതെ പുരോഹിതന്മാരെക്കൊണ്ട് പ്രാർത്ഥിക്കുന്നതിന് പണം വാങ്ങിയിരുന്നു, മരണാന്തര ശുദ്ധീകരണത്തിനായി പ്രാർത്ഥിക്കുന്നതിന് വേണ്ടി പണം വാങ്ങിയിരുന്നു. പണം ഈടാക്കൽ! ഇപ്പോൾ ഇത് ഞാൻ നേരെ ചരിത്രത്തിൽ നിന്നും വായിക്കുകയാണ്. പണം ഈടാക്കൽ, നോവിനോക്ക് വേണ്ടി പണം വാങ്ങിയിരുന്നു എന്ന് ഞാൻ

ഊഹിക്കുന്നു. അത് എന്തോ പിഴയടക്കലാകുന്നു, അത് എന്താണെന്നു എല്ലാവർക്കും അറിയാം. അതിന് വേണ്ടി ആരെങ്കിലും പണം അടച്ചിരിക്കണം. നോവിനോ, അത് ഒരുതരം പിഴയടക്കലാണ്. അങ്ങനെ ലോകത്തിന്റെ സമ്പത്ത് മുഴുവൻ, അവന്റെ അട്ടുക്കലേക്ക്, സ്വയം അവന്റെ അടുക്കലേക്ക്, അവന്റെ സഭയിലേക്ക് തന്നെ കൊണ്ടു വരുകയാണ്. അങ്ങനെ അവൻ ഇപ്പോഴും സവാരി ചെയ്യുന്നു. ഓ തീർച്ചയായും അവൻ ചെയ്യുന്നു. അതേ, ശ്രീമാൻ, ഇപ്പോഴും സവാരി ചെയ്യുന്നു!

303 ശ്രദ്ധിക്കുക, ഇപ്പോൾ അതിന്റെ നല്ല ഭാഗം ഇവിടെയാകുന്നു. ശ്രദ്ധിക്കുക,

...*നോക്കൂ*, എണ്ണക്കും വീഞ്ഞിനും *നീ കേട്ട വരുത്തരുത്*.

304 "അവിടെ അവരിൽ ഒരു ചെറിയ കൂട്ടം മാത്രം ശേഷിച്ചിരിക്കുന്നു, എന്നാൽ നീ അത് തൊടരുത്!"

305 ഇപ്പോൾ, എണ്ണ...ആത്മാവിനെ, പരിശുദ്ധാത്മാവിനെ പ്രതിനിധീകരിക്കുന്നു. നിങ്ങൾക്ക് ആവശ്യമെങ്കിൽ കുറച്ച് തിരുവെഴുത്തുകൾ ഞാൻ നിങ്ങൾക്ക് നല്കാം, ഇവിടെ രണ്ടു തിരുവെഴുത്തുകൾ ഉണ്ട്. ലേവ്യാ പുസ്തകം 8:12-ൽ അഹരോൻ, അകത്ത് പ്രവേശിക്കുന്നതിന് മുമ്പ്, എണ്ണകൊണ്ട് അഭിഷേകം ചെയ്യപ്പെടേണ്ടത് ആവശ്യമായിരുന്നു, എന്ന കാര്യം നിങ്ങൾക്കറിയാം. കൂടാതെ സെഖര്യാവ് 4:12-ൽ, പൊൻ നാളങ്ങളിൽ കൂടി, എണ്ണ ഒഴുകി വരുന്നതിനെ, "ഇത് എന്റെ ആത്മാവാകുന്നു," എന്ന് എണ്ണയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. മറ്റൊരു കാര്യം മത്തായിയുടെ 14:25-ൽ അല്ലെങ്കിൽ 25:3-ൽ ബുദ്ധിയില്ലാത്ത കന്യക ഉണ്ടായിട്ട്, ഈ ബുദ്ധിയില്ലാത്ത കന്യകയുടെ പക്കൽ എണ്ണയില്ലായിരുന്നു. ആത്മാവ് ഇല്ലായിരുന്നു. മത്തായി 25:4-ൽ ബുദ്ധിയുള്ള കന്യകയുടെ പക്കൽ, അവളുടെ വിളക്കിൽ എണ്ണയുണ്ടായിരുന്നു. ആത്മാവിൽ നിറഞ്ഞിരുന്നു. ആത്മാവ്! എണ്ണ മാതൃകയായി കാണിക്കുന്നു. ഓ, മഹത്വം! [സഹോദരൻ ബ്രൺഹം തന്റെ കൈ ഒരുപ്രാവശ്യം തമ്മിലടിക്കുന്നു,—Ed.] നിങ്ങൾക്കിത് മനസ്സിലായോ? ശരി. [പള്ളിയിൽ കൂടിവന്നവർ പറയുന്നു, "ആമേൻ."—Ed.] ശരി. ഇപ്പോൾ എണ്ണ ആത്മാവിന്റെ പ്രതിരൂപമാകുന്നു.

306 വീഞ്ഞ് വെളിപ്പാടിന്റെ ഉത്തേജനത്തെ പ്രതിരൂപമാക്കുന്നു. ഓ, ഞാൻ—എനിക്ക് എല്ലായിടത്തുമായി ഓടി നടക്കാൻ തോന്നുന്നു. കർത്താവ് എനിക്ക് ഇത് കാണിച്ചുതന്നപ്പോൾ, ഞാൻ അയൽക്കാരെ വിളിച്ചുണർത്തിയില്ലല്ലോ എന്നതിൽ അത്ഭുതപ്പെടുകയാണ്, നോക്കൂ, "വെളിപ്പാടിന്റെ ഉത്തേജനമാകുന്നു." മനസ്സിലായോ?

307 എണ്ണയും വീഞ്ഞും, ബൈബിളിൽ, എല്ലായ്പ്പോഴും സംയോജിക്കപ്പെട്ട് കാണപ്പെടുന്നു. ഞാൻ സൂചക നിഘണ്ടുവിൽ അതിനെക്കുറിച്ച് നോക്കിയിരുന്നു. അവിടെ അതിന്റെ ഒരു ശ്രേണി തന്നെ ഉണ്ടായിട്ട് എല്ലായ്പ്പോഴും എണ്ണയും വീഞ്ഞും തമ്മിൽ ഒത്തുചേർന്നു പോകുന്നു.

308 ദൈവത്തിന്റെ വാഗ്ദത്തം ചെയ്യപ്പെട്ട വചനത്തിന്റെ സത്യം, എണ്ണയാൽ നിറയപ്പെട്ട തന്റെ വിശുദ്ധന്മാർക്ക് യഥാർത്ഥമായി വെളിപ്പെടുമ്പോൾ, അവരെല്ലം ഉത്തേജിക്കപ്പെടുന്നു. വീഞ്ഞ് ഒരു ഉത്തേജനമാകുന്നു. മഹത്വം! എനിക്കതിപ്പോൾ തന്നെ അനുഭവപ്പെടുന്നു. ആനന്ദംകൊണ്ട് ഉത്തേജിക്കപ്പെടുമ്പോൾ ആർത്തു ഘോഷിക്കുന്നു! കാണുന്നോ? അങ്ങനെ അത് ചെയ്യുമ്പോൾ, അതിന് ഒരു പ്രാകൃതീക മനുഷ്യനെ വീഞ്ഞ് കൊണ്ട് എപ്രകാരം ഉത്തേജിപ്പിക്കപ്പെടുന്നുവോ അതേ ഉത്തേജനം അവരുടെ മേൽ ആകുന്നു. എന്തുകൊണ്ടെന്നാൽ, ദൈവ സത്യത്തിന്റെ, ഒരു വെളിപ്പാട് കൊടുക്കുമ്പോൾ, അതായത് എണ്ണയാൽ നിറയപ്പെട്ട ഒരു സത്യ വിശ്വാസിക്ക്, ഈ വെളിപ്പാട് വെളിപ്പെടുമ്പോൾ, അതിന്റെ ഉത്തേജനം അത്രമാത്രം വലുതായിട്ട് അത് അവനെക്കൊണ്ട് അത് അവൻ സ്വയം തന്നെ അസാധാരണമായി പെരുമാറുന്നതിനിടയാക്കുന്നു. ശരി, മഹത്വം! [പള്ളിയിൽ കൂടിവന്നവർ ആനന്ദിക്കുന്നു—Ed.] നോക്കൂ, അതാണ് ഇപ്പോൾ അവർക്ക് സംഭവിക്കുന്ന കാര്യം. അത് ശരിയാണ്. അവരെ തന്നെ അസാധാരണമായ രീതിയിൽ പെരുമാറുന്നതിന് കാരണമാക്കി തീർക്കുന്നു.

309 ഇപ്പോൾ, ഇതിന് വേണ്ടി നിങ്ങൾക്ക് തിരുവെഴുത്ത്, നിങ്ങൾക്ക് ആവശ്യമെങ്കിൽ, പ്രവൃത്തികൾ 2 വായിക്കാൻ തുടങ്ങുക. അവർ എവിടെയായിരുന്നു? അവർക്ക് ഒരു വാഗ്ദത്തം നല്കപ്പെട്ടിരുന്നു. അപ്പോൾ പരിശുദ്ധാത്മാവിന്റെ സകല വാഗ്ദത്തവും അവരുടെ മേൽ ചൊരിയപ്പെട്ടു. ഇത് തിരുവെഴുത്ത് പ്രകാരം ന്യായീകരിക്കപ്പെട്ടു. ഇപ്പോൾ ശ്രദ്ധിക്കുക.

310 അവർ ഇപ്രകാരം പറഞ്ഞിരുന്നെങ്കിൽ എന്താകുമായിരുന്നു... "ഇപ്പോൾ കാത്തിരിക്കൂ, നമ്മുടെ പൗരോഹിത്യം വരുന്നത് വരെ കാത്തിരിക്കേണ്ടത് ആവശ്യമാണെന്ന് അവൻ നമ്മോട് പറഞ്ഞിരുന്നു." എട്ടു ദിവസം കഴിഞ്ഞപ്പോൾ, അവർ പറഞ്ഞു, "കൊള്ളാം, ഞാൻ നിങ്ങളോട് പറയട്ടെ, സ്നേഹിതരെ," മർക്കൊസ് മത്തായിയോട് പറയുകയാണ്, "നമുക്കിത് കിട്ടിക്കഴിഞ്ഞിരിക്കുന്നു എന്ന് ഞാൻ—ഞാൻ വിശ്വസിക്കുന്നു,

കൂട്ടുകാരെ. നിങ്ങൾക്കും അങ്ങനെ തോന്നുന്നില്ലേ? നോക്കൂ, നാം ഇത് പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. നാം നമ്മുടെ പൗരോഹിത്യത്തിനായി കാത്തിരിക്കുമ്പോൾ, നാം ഇപ്പോൾ തന്നെ പുറപ്പെട്ടു പോയി പ്രസംഗിക്കേണ്ടത് ആവശ്യമാകുന്നു. അവൻ നമ്മോട് ഇവിടെ വന്ന് കാത്തിരിക്കുന്നതിന് വേണ്ടി പറഞ്ഞു, അങ്ങനെ ഇപ്പോൾ നാം ഇവിടെയായിട്ട് എട്ടു ദിവസം കഴിഞ്ഞിരിക്കുന്നു."

"ശരി, നമുക്ക് മറ്റൊരു ദിവസം കൂടി നോക്കാം."

311 ഒമ്പത്താം ദിവസം വന്നു. അപ്പോൾ മർക്കൊസ് കടന്നു വന്നിട്ട് അല്ലെങ്കിൽ അവരിൽപ്പെട്ട വേറൊരാൾ എന്ന് പറയാം, യോഹന്നാൻ പറഞ്ഞു, "നമുക്കിതിലും അധികം കാത്തിരിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല എന്നു ഞാൻ—ഞാൻ—ഞാൻ വിശ്വസിക്കുന്നു. നമുക്കിത് കിട്ടിക്കഴിഞ്ഞിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ വിശ്വസിക്കുന്നില്ലേ?"

312 അപ്പോൾ എനിക്ക് ശീമോനെ കാണാം. കാരണം അവന്റെ പക്കൽ താക്കോലുകൾ ഉണ്ട്, എന്ന കാര്യം നിങ്ങൾക്കറിയാമല്ലോ. "ഇപ്പോൾ ഒരു നിമിഷം നിൽക്കൂ, സ്നേഹിതരെ! ഇതിനെക്കുറിച്ച് തിരുവെഴുത്ത് എന്തോ പറയുന്നുണ്ട്. അവൻ നമ്മോട് എത്രദിവസം കാത്തിരിക്കണം എന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. 'നിങ്ങൾ അത് വരെ കാത്തിരിക്കുക! എന്നാണ് അവൻ പറഞ്ഞിരുന്നത്.' യോവേലിന്റെ പ്രവചനം നിവൃത്തിയാകുന്നത് വരെ, യെശയ്യാവിന്റെ പ്രവചനം ന്യായീകരിക്കപ്പെടുന്നത് വരെ നിങ്ങൾ കാത്തിരിക്കുക."

313 "വിക്കി വിക്കി പറയുന്ന അധരങ്ങളാലും അന്യഭാഷയാലും അവൻ ഈ ജനത്തോട് സംസാരിക്കും. ഇതാകുന്നു സ്വസ്ഥത." ഇതാകുന്നു ആ ചൊരിയപ്പെട്ട വീഞ്ഞ്. തിരുവെഴുത്തിൽ വീഞ്ഞ് എന്താകുന്നു? സ്വസ്ഥതയാകുന്നു. "ഇതാകുന്നു ദൈവസന്നിധിയിൽ നിന്ന് കൊടുക്കപ്പെടുന്ന സ്വസ്ഥത." കാണുന്നോ? ഇത്—ഇത് ഇപ്പോൾ തിരുവെഴുത്തു പ്രകാരമാകേണ്ടിയിരിക്കുന്നു.

314 അതുകൊണ്ട്, നിങ്ങൾ ശ്രദ്ധിക്കുക, വീഞ്ഞ് വെളിപ്പാടിന്റെ ഉത്തേജനത്തെ പ്രതിനിധീകരിക്കുന്നു. പരിശുദ്ധാത്മാവ് വന്നപ്പോൾ, ദൈവത്തിന്റെ അഗ്നി അവരുടെ മേൽ വീഴുന്നത് കണ്ടു, അത് അവരെ ഉത്തേജിപ്പിക്കാൻ തുടങ്ങി. അതിലുണ്ടായ ആദ്യത്തെ കാര്യം എന്താണെന്ന് നിങ്ങൾക്കറിയാമോ, അത് അത്രമാത്രം ഉത്തേജിക്കപ്പെട്ടിട്ട്, അവർ കുടിച്ചു മത്തരായവരാണെന്ന് യഥാർത്ഥത്തിൽ ജനങ്ങൾ വിചാരിച്ചു പോയി, എന്നാൽ അവർ വെളിപ്പാടിനാൽ ഉത്തേജിക്കപ്പെട്ടതായിരുന്നു. ദൈവത്തിന്റെ... ഇവിടെയാകുന്ന അത്! ദൈവത്തിന്റെ ന്യായീകരിക്കപ്പെട്ട വെളിപ്പാട്,

അവർക്ക് വിശദമാക്കി കൊടുത്തപ്പോൾ, അവർ അതിനെക്കുറിച്ച് സന്തോഷമുള്ളവരായി തീർന്നു. ദൈവം അത് വാഗ്ദത്തം ചെയ്തിരുന്നു. ഇവിടെ അത് അവർക്ക് വെളിപ്പെടുത്തി, അവർക്ക് ന്യായീകരിക്കപ്പെട്ടു കാണിച്ചു കൊടുത്തു. ആമേൻ! ഇവിടെ ഇതാ ഒരു മനുഷ്യൻ എഴുന്നേറ്റിട്ട്, "ഇതാകുന്നു അത്! ഇതാകുന്നു ഇത്!" എന്നു വിളിച്ചു പറയുന്നു. അവിടെ അതാ ഇന്ന് നമുക്കുണ്ടായിരിക്കുന്ന അതേ അടയാളങ്ങൾ ന്യായീകരിച്ച് കാണിക്കപ്പെട്ടിരിക്കുന്നു, അവിടെയാണ്—അവിടെയാണ് വെളിപ്പാടിന്റെ ഉത്തേജനം. കാണുന്നോ? അങ്ങനെ, അപ്പോൾ, അവർക്ക് യഥാർത്ഥമായി അത് ലഭിച്ചിരുന്നു.

315 ആ കാരണത്താലാണ് പത്രൊസിന് അവിടെ എഴുന്നേറ്റു നിന്നു കൊണ്ട്, "യഹൂദയിലും, യെരൂശലേമിലുമുള്ള പുരുഷന്മാരെ, എന്നെ ശ്രദ്ധിക്കുക. ബൈബിളിൽ ബിരുദം നേടിയിട്ടുള്ള എല്ലാവരുമായുള്ളോരെ, ഞാൻ നിങ്ങളോട് പറയുന്നത് എന്താണെന്ന് ശ്രദ്ധിച്ചു കേൾക്കുവിൻ, എന്ന് പറയാൻ കഴിഞ്ഞത്. മനസ്സിലായോ?"

316 ഓ, എത്ര അത്ഭുതകരമായിരിക്കുന്നു! വെളിപ്പെട്ടിരിക്കുന്നു! വെളിപ്പെട്ടിരിക്കുന്നു! അവർ അത് ന്യായീകരിക്കപ്പെട്ടു കണ്ടപ്പോൾ അത്രമാത്രം ഉത്തേജനപ്പെട്ടവരായി തീർന്നു. അത് എല്ലായ്പ്പോഴും അങ്ങനെ ചെയ്യുന്നു. അതേ എല്ലായ്പ്പോഴും ചെയ്യുന്നു.

317 ഈ കാലത്തും ഒരു വിശേഷ കാര്യം ചെയ്യുമെന്ന് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നത് ഞാൻ കാണുന്നു, അന്ത്യകാലത്ത് ഈ മുദ്രകൾ തുറക്കപ്പെടുമെന്നുള്ളതിന്റെ വാഗ്ദത്തം അവൻ ചെയ്തിരിക്കുന്നു! അങ്ങനെ അവൻ അത് വെളിപ്പെടുത്തി തന്നത് ഞാൻ അവിടെ നിന്നു സംഭവിക്കുന്നത് കണ്ടപ്പോൾ എനിക്കുണ്ടായ ആനന്ദവും, മഹിമയും, എത്രയെന്ന് നിങ്ങൾക്കറിഞ്ഞുകൂടാ! അവൻ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ അതുപോലെ തന്നെ സംഭവിച്ചിട്ടില്ലേ എന്നു; എന്നെ ഏതെങ്കിലും ഒരു വ്യക്തി, ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. അതിനു ശേഷം അന്ത്യകാലത്തേക്കുള്ള അവന്റെ വാഗ്ദത്തങ്ങൾ, അവൻ അത് ചെയ്യുമെന്ന് പറഞ്ഞിരിക്കുന്നത് പോലെ ചെയ്തു കാണുമ്പോൾ, എന്റെ ഹൃദയത്തിലുണ്ടായ ആനന്ദം അപ്പോൾ ഒന്ന് കാണേണ്ടതാകുന്നു. ഇവിടെ ഇതാ ഞാൻ അത് പൂർണമായും ശരിയായി ന്യായീകരിക്കപ്പെട്ടു കാണുന്നു. "എനിക്ക് ആത്മീയമായി അനുഭവപ്പെടുന്നു," എന്ന് ഞാൻ പറയുന്നത് നിങ്ങൾ കേൾക്കാറുണ്ടല്ലോ. അതാകുന്നു അതിന്റെ കാരണം, അതിന്റെ ഉത്തേജനം അത്രയ്ക്ക് ശക്തിയേറിയതായിട്ട്, ഞാൻ—ഞാൻ—പിന്നെ

തുണ്ടം തുണ്ടമാകാൻ തയ്യാറെടുക്കുന്നു. അത് വെളിപ്പാടിൽ നിന്നുള്ള ഉത്തേജനമാകുന്നു! നിങ്ങൾക്കറിയാമോ, ശരി.

318 ആ വാഗ്ദത്തം, അവർക്ക് ന്യായീകരിക്കപ്പെട്ട് വെളിപ്പെടുത്തപ്പെട്ട വെളിപ്പാടിന്മേൽ അവർ അത്രമാത്രം ഉത്തേജിതരായി തീർന്നു. ശരി, ഇപ്പോൾ, ഓ, എന്റെ! അവിടെ ഉത്തേജനത്താലുണ്ടാകുന്ന ആനന്ദം അത്രമാത്രം പൊട്ടി ഒഴുകിയിട്ട് ജനങ്ങൾ "അവർ പുതുവീഞ്ഞ് കുടിച്ച് മത്തരായി തീർന്നു എന്ന് പറയുന്നതിനിടയായി." അത് ദൈവം അവർക്ക് തന്റെ വാഗ്ദത്തം വെളിപ്പെടുത്തിയപ്പോഴായിരുന്നു. അവൻ വെളിപ്പെടുത്തുക മാത്രമല്ല, എന്നാൽ അവൻ അത് തെളിയിക്കുകയും ചെയ്തു.

319 അതാണ് ഞാൻ എല്ലായ്പ്പോഴും പറയാറുള്ളത്. ഒരു മനുഷ്യന് എന്തു വേണമെങ്കിലും പറയാം, അതെ, എന്തും പറയുന്നതിനുള്ള പ്രവണത ഉണ്ടാകാം; എന്നാൽ ദൈവം കടന്നു വന്ന് അത് ന്യായീകരിക്കുമ്പോൾ!

320 ഇപ്പോൾ, ബൈബിൾ പറയുന്നു, "നിങ്ങളുടെ ഇടയിൽ ഒരുവൻ ആത്മീയനോ, പ്രവാചകനോ എന്ന് അവകാശപ്പെടുന്നവനുണ്ടെങ്കിൽ, അവൻ പറയുന്ന കാര്യങ്ങൾ സംഭവിക്കാതിരിക്കുന്നുവെങ്കിൽ, നിങ്ങൾ അവന് ചെവി കൊടുക്കരുത്. അവനെ ഭയപ്പെടുകയുമരുത്. ആ മനുഷ്യനെ ഭയപ്പെടണ്ട. എന്നാൽ അവൻ പ്രവചിക്കുന്ന കാര്യങ്ങൾ അതുപോലെ സംഭവിച്ചാൽ; അത് ഞാൻ ആകുന്നു. നോക്കു, ഞാൻ, ഞാനാണ് അതിൽ ഉള്ളത്. അത് ഞാൻ ആകുന്നു എന്നത് തെളിയിക്കുന്നു."

321 ഇപ്പോൾ, ആ ശമര്യക്കാരി സ്ത്രീ. മശീഹ ഈ കാര്യങ്ങളെ ചെയ്യുമെന്ന് തിരുവെഴുത്ത് പറഞ്ഞിരിക്കുകയും, അവൻ അവിടെ നിന്നു കൊണ്ട് കൃത്യമായും അതേ കാര്യങ്ങളെ തന്നെ ചെയ്തു കാണിച്ചു. സ്ത്രീ പറഞ്ഞു, "ഇത് അവൻ ആകുന്നു. വരു, ഒരു മനുഷ്യനെ വന്ന് കാണ്മിൻ! ഇത് തിരുവെഴുത്തിൽ സംഭവിക്കുമെന്ന് പറഞ്ഞിട്ടുള്ളതു പോലെ തന്നെ കൃത്യമായും ആയിരിക്കുന്നില്ലേ?" നോക്കു, അവൾ വെളിപ്പാടിനാൽ ഉത്തേജിക്കപ്പെട്ടു. അത് ശരിയല്ലേ? [പള്ളിയിൽ കൂടിവന്നവർ പറയുന്നു "ആമേൻ."—Ed.] അത് ന്യായീകരിക്കപ്പെട്ടപ്പോൾ അവൾ വെളിപ്പാടിനാൽ ഉത്തേജിക്കപ്പെട്ടു. കാണുന്നോ? അത് ശരിയാണ്. അവിടെ അതായിരുന്നു എന്നവൾ അറിഞ്ഞ്...

322 "മശിഹ എന്നു വച്ചാൽ ക്രിസ്തു വരും എന്ന് ഞങ്ങൾ അറിയുന്നു. അവൻ വരുമ്പോൾ, സകലവും അറിയിച്ച് തരും." അവൾ അത് കണ്ടു.

അവൻ പറഞ്ഞു, “ഞാൻ തന്നെ അവൻ.”

323 അപ്പോൾ ആ ഉത്തേജനം തുടങ്ങി. അവിടെ നിന്നും അവൾ പട്ടത്തിലേക്ക് ആർത്തു ഘോഷിച്ചു കൊണ്ട് ഓടി പോയി. അവളുടെ പഴയ വെള്ളം കോരുന്ന കുടം, അവൾ വിട്ടിട്ട് പട്ടണത്തിൽ ചെന്ന് ജനങ്ങളോട്, “വന്നു കാണ്മിൻ,” എന്നു വിളിച്ചു പറഞ്ഞു.

324 ഇപ്പോൾ, പൌരസ്ത്യ രാജ്യങ്ങളിലെ സമ്പ്രദായങ്ങൾ നിങ്ങൾക്ക് അറിയാമെങ്കിൽ, അപ്രകാരം അവൾ ചെയ്തത് തെറ്റാണ്. അതെ, ശ്രീമാൻ. അത്തരക്കാരിയായ ഒരു സ്ത്രീയെ, ആരും തന്നെ ശ്രദ്ധിക്കുകയില്ല. ഇല്ല, ശ്രീമാൻ. അവളുടെ മേൽ ഒരു ചീത്ത പേരുണ്ടായിരുന്നു. അവൾ...അവൾ തെരുവിലേക്ക് ഇറങ്ങി വന്ന് ഇപ്രകാരം പറയുകയോ, പെരുമാറുകയോ ചെയ്താൽ, തെരിവിലുള്ള മനുഷ്യർ അവൾക്ക് യാതൊരു ശ്രദ്ധയും കൊടുക്കുകയില്ല.

325 എന്നാൽ, സഹോദരാ, അവളുടെ പക്കൽ അവിടെ ഒരു ജീവന്റെ വചനമുണ്ടായിരുന്നു! അവൾ ഉത്തേജിക്കപ്പെട്ടു കഴിഞ്ഞിരുന്നു. അത് കാറ്റുള്ള ദിവസം, തീ പിടിച്ച വീടിനെ അണയ്ക്കാൻ ശ്രമിക്കുന്നത് പോലെയായിരുന്നു. ഓ, എന്തോ അതിനെ വീശി കൊണ്ടിരുന്നു! അവൾ—അവൾ തയ്യാറായിരുന്നു, അതേ, അവർക്കത് കെടുത്തിക്കളയാൻ കഴിയുകയില്ല. അത് ദൈവത്തിന്റെ അഗ്നി എരിയുകയായിരുന്നു. അതേ, ശ്രീമാൻ. അവൾ പറഞ്ഞു, “ഇതപ്രകാരമാണെന്ന് നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയുന്നില്ലെങ്കിൽ, ഈ യോഗം നടക്കുന്നിടത്തേക്ക് കടന്നു വരൂ. ഞാൻ നിങ്ങൾക്ക് അത് കാണിച്ചു തരാം.” അതെ അതാകുന്നു ഇത്. അതെ ശരിയാണ് ശ്രീമാൻ.

326 അങ്ങനെ ആ പുരുഷന്മാർ അവിടെ പോയി. അവൻ വീണ്ടും ഒരു വട്ടം കൂടി അവർക്കത് ചെയ്തു കാണിച്ചില്ല. എന്നാൽ ആ സ്ത്രീയ്ക്ക് എന്തോ സംഭവിച്ചു എന്ന് അവർ അറിഞ്ഞിരുന്നു. അവൾക്ക് മാറ്റം വന്നിരുന്നു, അതിനാൽ അവർ അവനെ വിശ്വസിച്ചു. അതെ, ശ്രീമാൻ. അവർ അവനെ വിശ്വസിച്ചു.

327 കാരണം, “വിശ്വാസം കേൾവിയാൽ വരുന്നു, ദൈവത്തിന്റെ വാഗ്ദത്തങ്ങൾ, ദൈവത്തിന്റെ വചനം കേൾക്കുന്നതിൽ കൂടി വരുകയും, അത് യാഥാർത്ഥ്യമായി തീരുന്നത് ശ്രദ്ധിക്കുകയും ചെയ്യുക.” കാരണം, ഇതൊരു വിത്താകുന്നു. അത് വിതക്കപ്പെട്ടുമ്പോൾ, അത് ജീവനെ എടുക്കുന്നു. ആ വിത്തിനെക്കുറിച്ച് എന്താണോ പറയുന്നത്, തന്നെ അത് പുറപ്പെടുവിക്കും. അത് ചെയ്യുന്നില്ലെങ്കിൽ, പിന്നെ അത് ദൈവത്തിന്റെ വിത്തല്ല. അല്ലെങ്കിൽ, വിതക്കുന്നവന് എങ്ങനെ അത് വിതക്കണമെന്ന് അറിയില്ല; അവൻ ദൈവത്തിൽ നിന്നും,

വിത്ത് വിതക്കുന്നതിനായി അയക്കപ്പെട്ടവനല്ല. അവൻ ഒരുപക്ഷേ പാറ മേലോ മറ്റെവിടെയെങ്കിലും വിതക്കുകയായിരിക്കും. കാണുന്നോ? അതുകൊണ്ട് നിങ്ങൾ ശ്രദ്ധിക്കുക, വിതക്കുന്നവൻ വിത്ത് വിതക്കുന്നു, ദൈവം അതിന്റെ ചുമതല എടുക്കുന്നു, അപ്പോൾ അത് ശരിയായ നിലത്ത് വിഴുന്നു എന്നുള്ള കാര്യം നോക്കുക. ഓ, എന്റെ!

328 അതിന് ശേഷം ഈ കറുത്ത കുതിരപ്പുറത്ത് സവാരി ചെയ്യുന്നവനോട് എന്താണ് പറഞ്ഞത്? "നീ എന്റെ എണ്ണക്കും എന്റെ വീഞ്ഞിനും കേട്ടു വരുത്തരുത്! നീ അത് തൊട്ടു പോകരുത്, എന്റെ എണ്ണയും എന്റെ വീഞ്ഞും! എന്റേതായി വളരെ കുറച്ച് പേർ മാത്രം അവിടെയുണ്ട്, എന്നാൽ കുറച്ച് പേർ മാത്രം അവിടെ ഉണ്ടായിരുന്നു. അതെ. നിന്റെ ജനങ്ങൾക്ക് നീ നല്കുന്ന തരത്തിലുള്ള ജീവിതത്തിന് തക്കവണ്ണം നീ അളന്നു കൊള്ളുക; അത് നിന്റെ ഇഷ്ടമാകുന്നു. അതിന്റെ ഫലം നീ അവിടെ അനുഭവിക്കും. എന്നാൽ നീ ആ വീഞ്ഞിന്റെയും എണ്ണയുടെയും അടുക്കൽ എത്തുമ്പോൾ, നീ അവരെ ഒറ്റയ്ക്ക് വിട്ടേക്കുക!" ഓ, എന്റെ! നിനക്കു കഴിയുമെങ്കിൽ...

329 മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇതു പോലെയാകുന്നു. "എന്റെ എണ്ണയാലും വീഞ്ഞിനാലും നിറഞ്ഞ, പരിശുദ്ധമായ വചനത്തിന്റെ എണ്ണയും, വീഞ്ഞുമായ, എന്റെ ചെറിയ ആട്ടിൻ കൂട്ടത്തിൽ നിന്നും ചിലതിനെ നീ പിടിച്ചാൽ നോക്കൂ, അവരെ നീ കൊല്ലാൻ പോകുകയാണ്. കാരണം, നീ അതാണ് ചെയ്യുന്നത്. നീ അതു തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നീ അവരെ കൊണ്ട് വിശുദ്ധ 'കന്യക മറിയമേ,' എന്നോ അല്ലെങ്കിൽ അതു പോലെയുള്ള കാര്യങ്ങളോ എന്തെങ്കിലും ചില മതപ്രമാണങ്ങൾ പറയാനോ അവരെ ബലപ്രയോഗം ചെയ്യരുത്. അവരുടെ മേൽ നിന്ന് നിന്റെ കൈ എടുത്ത് മാറ്റിക്കൊള്ളുക. അവർ എവിടെക്കാണ് പോകുന്നതെന്ന് അവർക്ക് അറിയാം, കാരണം അവർ എന്റെ എണ്ണയാൽ അഭിഷേകം ചെയ്യപ്പെട്ടവരാകുന്നു. അങ്ങനെ എന്റെ എണ്ണയാൽ അവർ അഭിഷേകം ചെയ്യപ്പെട്ടിട്ട്, അവർക്ക് ആ വീഞ്ഞിന്റെ ആനന്ദമുണ്ടായിരിക്കുന്നു, കാരണം, എന്റെ വാഗ്ദത്ത വചനത്തെ അവർ അറിയുന്നു. 'ഞാൻ അവരെ വീണ്ടും ഉയർപ്പിക്കാൻ പോകുകയാണ്.' അത് കേട്ടു വരുത്തരുത്! അവരെ കുഴപ്പത്തിലാക്കാൻ വേണ്ടി പോകരുത്, കാരണം അവരെ വിട്ട് അകന്നു പൊയ്ക്കൊള്ളുക. അല്ല." സകലതും...

330 അവൻ തന്റെ വചനത്തെ ന്യായീകരിച്ച് നിറവേറ്റുന്നു. അവർ അത് അറിയുന്നു. അവർ വീണ്ടും ഉയിർത്തെഴുന്നേൽക്കുമെന്ന് അവർ അറിഞ്ഞിരുന്നു. ഓ, ഞാൻ അത് എപ്രകാരം ഇഷ്ടപ്പെടുന്നു! വൂ!

അവർ വീണ്ടും ഉയിർത്തെഴുന്നേൽക്കും. ആ കറുത്ത കുതിര, അന്ധകാര കാലഘട്ടത്തിലൂടെ ഇതാ സവാരി ചെയ്തു കൊണ്ട് വരുന്നു.

331 വെള്ളക്കുതിര പുറപ്പെട്ടു പോയി; അവൻ എന്താണ് ചെയ്തതെന്ന്, പൂർണമായും, നാം കണ്ടു കഴിഞ്ഞിരിക്കുന്നു. ഇതാ ചുവന്ന കുതിര വരുന്നു; അവൻ എന്താണ് ചെയ്തത് എന്ന് ശരിയായി നാം കണ്ടിരിക്കുന്നു. ഇവിടെ ഇതാ കറുത്ത കുതിര വരുന്നു. നോക്കു, എല്ലാ സമയത്തും അവൻ ഒരേ സവാരിക്കാരൻ തന്നെയാകുന്നു, ഓരോ കാലഘട്ടത്തിൽ കൂടെ, അവൻ എന്താണ് ചെയ്തു കൊണ്ട് വന്നിരുന്നത് എന്നു കാണുക.

332 ഇപ്പോൾ അവൻ അളന്നു കൊടുക്കുകയും, അതിന് വിലചുമത്തുകയും ചെയ്തതായി നാം കാണുന്നു. കോതമ്പ്, പ്രാകൃതീക, ജീവിതത്തിന്റെ ആവശ്യമാകുന്നു. അതുകൊണ്ടായിരുന്നു അവർ ജീവിച്ചിരുന്നത്.

333 എന്നാൽ, ആത്മാവിന്റെ പ്രതിരൂപം എണ്ണയാകുന്നു; വീഞ്ഞ് ആനന്ദമാകുന്നു. "ആ ആത്മീയ ജീവിതത്തെ, നീ കേട്ടു വരുത്തരുത്. അതിനെ ഒറ്റയ്ക്ക് വിട്ടേക്കുക!" മറ്റൊരു വിധത്തിൽ പറഞ്ഞാൽ, "റോം, നീ അത് തൊടരുത്! അത് എന്റേയാകുന്നു! അത് എനിക്ക് അവകാശപ്പെട്ടതാകുന്നു!"

334 ഇപ്പോൾ മറ്റൊരു കാര്യം ഇവിടെ നിങ്ങൾ അറിയേണ്ടതായിട്ട് എന്റെ പക്കൽ ഉണ്ടായിരിക്കുന്നു. ശ്രദ്ധിക്കുക, "എണ്ണക്കും വീഞ്ഞിനും കേട്ടുവരുത്തരുത്," എന്ന് പറഞ്ഞത് നാലു ജീവികളിൽ ഒന്നായിരുന്നില്ല. നിങ്ങൾ ഇത് ശ്രദ്ധിച്ചിരുന്നുവോ? നാലു ജീവികളും സംസാരിക്കുന്നുണ്ടായിരുന്നു, എന്നാൽ...ശ്രദ്ധിക്കുക, ഞാൻ അതിപ്പോൾ ഇവിടെ അതിന്റെ ചെറിയ ഒരു ഭാഗം വായിക്കട്ടെ. ഇപ്പോൾ, നോക്കു.

> *...ഒരു പണത്തിന്നു ഒരിടങ്ങഴി കോതമ്പ്, ഒരു പണത്തിന്നു മൂന്നിടങ്ങഴി യവം, എന്നാൽ എണ്ണക്കും വീഞ്ഞിനും കേട്ടു വരുത്തരുത്.*

335 ഇപ്പോൾ ഇവിടെ ശ്രദ്ധിക്കുക,

> *എന്നാൽ നാലു ജീവികളുടെയും നടുവിൽ നിന്ന്...ഞാൻ ഒരു ശബ്ദം കേട്ടു.*

336 എന്തായിരുന്നു അത്? കുഞ്ഞാട്! ആമേൻ! അത് നാലു ജീവികൾ ആയിരുന്നില്ല. കുഞ്ഞാടായിരുന്നു അത് പറഞ്ഞത്. എന്തുകൊണ്ടായിരുന്നു? അവൻ തന്റെ സ്വന്തമായതിനെ എടുക്കാൻ പോകുകയായിരുന്നു. അത് അവന് അവകാശപ്പെട്ടതായിരുന്നു.

അവൻ അത് വീണ്ടെടുത്തിരുന്നു. കാണുന്നോ? ആമേൻ! "നീ ആ എണ്ണയെ തൊട്ട് പോകരുത്!" ഇല്ല, ശ്രീമാൻ. അത് നാലു ജീവികൾ ആയിരുന്നില്ല, എന്നാൽ കുഞ്ഞാടായിരുന്നു അത് പറഞ്ഞത്. ഓ, എന്റെ! കുഞ്ഞാടായിരുന്നു! അല്ല...നാലു ജീവികൾ ഇത് പ്രഖ്യാപിച്ചിരുന്നില്ല. കുഞ്ഞാട് സ്വയമായി അത് പറഞ്ഞിരുന്നു.

337 നാലു ജീവികൾ, "വരിക വന്നു കാണുക," എന്ന് പറഞ്ഞപ്പോൾ, അവൻ പോകുകയും, ഇപ്രകാരം അവർ അതെല്ലാം കാണുകയും ചെയ്തു.

338 അപ്പോൾ അവൻ പറഞ്ഞു, "ഒരു പണത്തിന് ഒരിങ്ങഴി കോതമ്പ്, അതുപോലെ *ഇത്രയും* ഇതും, ഇത്രയും യവവും എന്നെല്ലാം ആയിരുന്നു." എന്നാൽ അപ്പോൾ കുഞ്ഞാട് അവരുടെ നടുവിൽ നിന്നു കൊണ്ട്, "എന്റെ വീഞ്ഞും എണ്ണയും കേടു വരുത്തരുത്!" എന്ന് ഉച്ചത്തിൽ പറഞ്ഞു, ഊ-ഹാ, അത് ശരിയാണ്. ഓ, എന്റെ!, ഇത് ശ്രദ്ധിക്കുക. "നീ അതിന് കേടു വരുത്തരുത്, കുട്ടി, അല്ലെങ്കിൽ നീ ഒരു ദിവസം അതിന്റെ ഫലം അറിയേണ്ടി വരും." ഓ, എന്റെ!

ഒമ്പതരയായിരിക്കുന്നു.

339 ശരി, എന്റെ ഏറ്റവും നല്ല അറിവിൽ, എനിക്ക് ഏറ്റവും നന്നായി അറിയാവുന്ന രീതിയിൽ, ഞാൻ പൂർണ ഹൃദയത്തോടെ വിശ്വസിക്കുന്നത്, ഈ മൂന്നു മുദ്രകളുടെയും യഥാർത്ഥമായ അർത്ഥം ഇതാകുന്നു എന്നാണ്. ഞാൻ അതിന് വേണ്ടി ദൈവത്തിന് നന്ദി പറയാൻ ആഗ്രഹിക്കുന്നു. കൂടാതെ ഇത്, അവൻ എനിക്ക് നല്കിയ വെളിപ്പാടാകുന്നു എന്നു ഞാൻ പറയാൻ ആഗ്രഹിക്കുന്നു. അവൻ എനിക്ക് അതിന്റെ വെളിപ്പാട് നല്കി. നാം അന്ത്യകാലത്താണ് ജീവിക്കുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു.

340 നാളെ രാത്രിയിൽ നാം തവിട്ടു നിറമുള്ള കുതിരപ്പുറത്തെ സവാരിക്കാരനെ എടുക്കുന്നതാണ്. ഇപ്പോൾ എനിക്കറിയില്ല. എനിക്കറിയില്ല. അത് സത്യമാണെന്ന് ദൈവം അറിയുന്നു. അതിനെക്കുറിച്ച് ഒരൊറ്റ കാര്യം പോലും എനിക്കറിയില്ല. ഇല്ല.

341 വർഷങ്ങൾക്കു മുമ്പ്, എന്റെ പക്കൽ ഉണ്ടായിരുന്ന പഴയ പ്രസംഗവിഷയങ്ങൾ ഞാൻ എടുത്തു നോക്കി. കുറച്ച് നേരം മുമ്പ് സഹോദരൻ ഗ്രഹാം സ്നേല്ലിങ്ങ്നെ ഞാൻ കണ്ടിരുന്നു; അദ്ദേഹം പോയിട്ടുണ്ടാകാം. എന്നാൽ, മുമ്പ് ഞാൻ ഇവിടെ പ്രസംഗിച്ചിരുന്നത് ഞാൻ ഓർക്കുന്നു. വർഷങ്ങൾക്കു മുമ്പ് ഞാൻ എന്താണ് പറഞ്ഞിരുന്നതെന്ന് ഞാൻ പരിശോധിച്ചു നോക്കി. ഒരു

വട്ടം വെളിപ്പാടിന്റെ പുസ്തകത്തിൽ കൂടി കടന്നിട്ട് ആ നാലു കുതിര സവാരിക്കാരെ എല്ലാം കൂടി ഒറ്റ തവണ ഞാൻ എടുക്കുകയുണ്ടായി.

342 ഞാൻ പറഞ്ഞു, "ഒരു വെള്ളക്കുതിര, അത് ആദ്യസഭയായിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല." അഡ്വെൻറ്റിസ്റ്റുകാരുടെ ഒരു പുസ്തകത്തിൽ നിന്നും ഞാൻ അത് വായിച്ചിരുന്നു. അവിടെ എന്തോ ഞാൻ വായിച്ചിട്ട് പറഞ്ഞു, "അത് ആദ്യ സഭയാണ്. ജയം പ്രാപിച്ച് മുമ്പോട്ട് പോകുന്നതാണ്." അടുത്തത് കറുത്ത കുതിരയായിരുന്നു. ആ കറുത്ത കുതിരയെ എന്താണ് വിളിച്ചിരുന്നതെന്ന് ഞാൻ ഇപ്പോൾ മറന്നു പോയിരിക്കുന്നു.

343 അല്ല, "ചുവന്ന കുതിര" എന്ന് പറയുന്നതാണ് ശരി. ഞാൻ പറഞ്ഞു, "ആ കുതിര ഒരു പക്ഷേ അർത്ഥമാക്കുന്നത് വഴിയിലുള്ള കുഴപ്പങ്ങളെയാണ്. അതിന്റെ അർത്ഥം ഒത്തിരി യുദ്ധങ്ങളും മറ്റും അതുപോലെയുള്ള കാര്യങ്ങളും വരാൻ കിടക്കുന്നതായിരിക്കും." ഞാൻ പറഞ്ഞു, "ഒരുപക്ഷേ, വളരെയധികം യുദ്ധങ്ങൾ ഉണ്ടാകും. അതിന്റെ അർത്ഥം അതായിരിക്കണം," എന്ന് ഞാൻ പറഞ്ഞു. അതിനു ശേഷം ഞാൻ പറഞ്ഞു, "തവിട്ടു നിറത്തിലെ കുതിര..."

344 അല്ലെങ്കിൽ "കറുത്ത കുതിരയാകുന്നു." അതിന്റെ അർത്ഥം ഞാൻ പറഞ്ഞത് "ഒരു പക്ഷേ, നക്ഷത്രങ്ങൾ വിളങ്ങാതെയും, സൂര്യൻ താണു പോകുകയും ചന്ദ്രൻ പ്രകാശം നല്കാതെയുമായിട്ട് ഭൂമിയിൽ ഇരുണ്ട കാലം വരാനിടയുണ്ടാകും." "ഒരുപക്ഷേ അത് അർത്ഥമാക്കുന്നത് അതാകും," എന്ന് ഞാൻ പറഞ്ഞു.

345 ഞാൻ പറഞ്ഞു, "തവിട്ടു കുതിര അർത്ഥമാക്കുന്നത് ഒരുപക്ഷേ വളരെയധികം രോഗങ്ങൾ ഉണ്ടാകാൻ പോകുന്നതായിരിക്കും." ഇപ്പോൾ, എന്താണ് ഇത് അർത്ഥമാക്കുന്നതെന്ന് എനിക്കറിയില്ല. എന്നാൽ, ആ സമയത്ത്, എന്റെ വ്യാഖ്യാനം അതായിരുന്നു. കാരണം, എനിക്ക് ഏറ്റവും ശരിയായി തോന്നിയതു പോലെ ഇവിടെ ഈ പ്രസംഗ പീഠത്തിൽ നിന്ന് കൊണ്ട് ഞാൻ പറഞ്ഞു.

346 എന്നാൽ, ഓ, ഞാൻ മിക്കപ്പോഴും ചിലതെല്ലാം പറഞ്ഞു! ശരി. ഹം! നിങ്ങൾ അത് കാണും, ശ്രദ്ധിക്കുക, നോക്കു.

347 ഇപ്പോൾ, ഓ, നാം ജീവിക്കുന്ന ഈ നാഴികക്കായി നാം സന്തോഷമുള്ളവരല്ലേ! [പള്ളിയിൽ കൂടിവന്നവർ പറയുന്നു "ആമേൻ."—Ed.] ഈ കാര്യങ്ങളെല്ലാം മുന്നേറിക്കൊണ്ടിരിക്കുന്നത് നാം കാണുമ്പോൾ, ഞാൻ വിചാരിക്കുന്നത്:-

രാജ്യങ്ങൾ തകരുന്നു, യിസ്രായേൽ ഉണരുന്നു.
പ്രവാചകൻ മുൻചൊല്ലിയ അടയാളങ്ങൾ;
ജാതികളുടെ ക്ലേശ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു;
"ചിതറിപ്പോയവരെ, നിങ്ങളുടെ സ്വന്തത്തിലേയ്ക്ക് മടങ്ങിവരുവിൻ."

വീണ്ടെടുപ്പിൻ നാൾ അടുത്തിരിക്കുന്നു,
മനുഷ്യന്റെ ഹൃദയം ഭീതിയാൽ തകരുന്നു;
ആത്മാവിൽ നിറഞ്ഞ്, നിന്റെ വിളക്കിന്റെ തിരി വെടിപ്പാക്കി ഉയരത്തിലേയ്ക്ക് നോക്കു,
നിന്റെ വീണ്ടെടുപ്പ് അടുത്തിരിക്കുന്നു! (ഓ, എന്റെ!)

കള്ളപ്രവാചകന്മാർ ഭോഷ്ക് പറയുന്നു, ദൈവ സത്യത്തെ അവർ നിരാകരിക്കുന്നു,
ക്രിസ്തുവായ യേശു നമ്മുടെ ദൈവമാണ്;

നിങ്ങൾ അതു വിശ്വസിക്കുന്നുണ്ടോ? [പള്ളിയിൽ കൂടിവന്നവർ പറയുന്നു "ആമേൻ."—Ed.]

എന്നാൽ അപ്പോസ്തലൻ പിന്നിട്ട പാതയിൽ നാം നടക്കും.

വീണ്ടെടുപ്പിൻ നാൾ അടുത്തിരിക്കുന്നു,
മനുഷ്യന്റെ ഹൃദയം ഭീതിയാൽ തകരുന്നു;
ആത്മാവിൽ നിറഞ്ഞ്, നിന്റെ വിളക്കിന്റെ തിരി വെടിപ്പാക്കി,
ഉയരത്തിലേയ്ക്ക് നോക്കു, നിന്റെ വീണ്ടെടുപ്പ് അടുത്തിരിക്കുന്നു,

348 ഇത് അത്ഭുതകരമായിരിക്കുന്നില്ലേ? [പള്ളിയിൽ കൂടിവന്നവർ പറയുന്നു "ആമേൻ."—Ed.] ഞാൻ അതു ഇഷ്ടപ്പെടുന്നു. വീണ്ടെടുപ്പ് അടുത്തിരിക്കുന്നു.

സന്ധ്യാസമയത്തോ വെളിച്ചമാകും,
മഹിമയുടെ പാത നിങ്ങൾ തീർച്ചയായും കണ്ടെത്തും;
ജലത്തിൻ വഴിയിലാണ്, ഇന്നു വെളിച്ചം;
യേശുവിൻ വിലയേറിയ നാമത്തിൽ അടക്കപ്പെടുക.

യുവാക്കളും വൃദ്ധരും, നിങ്ങളുടെ പാപങ്ങളിൽ നിന്നും, മനം തിരിയൂ,
പരിശുദ്ധാത്മാവ് തീർച്ചയായും പ്രവേശിക്കും;
സന്ധ്യാവെളിച്ചം വന്നിരിക്കുന്നു,
ക്രിസ്തുവും ദൈവം ഒന്നുതന്നെയാണ് എന്നത് യാഥാർത്ഥ്യം തന്നെയാണ്.

അവൻ വചനമാകുന്നു! ഓ, എന്റെ! അത്ഭുതകരമാകുന്നു!

കുഞ്ഞാട്ടിൻ മണവാട്ടിയെ തന്റെ സമീപേ എന്നേയ്ക്കുമായി ചേർത്തീടും,
സ്വർഗ്ഗീയ സംഘമെല്ലാം ഒന്നായി സമ്മേളിച്ചിടും;
ഓ, അത് എന്തൊരു മഹിമയേറിയ കാഴ്ചയായിരിക്കും,
വിശുദ്ധരെല്ലാം കറയില്ലാത്ത വെള്ളവസ്ത്രത്തിൽ;
അവർ യേശുവിനൊപ്പം നിത്യതയിൽ വിരുന്നുകഴിയ്ക്കും.

ഓ, "വന്നു ഭക്ഷിപ്പിൻ" ഗുരു വിളിക്കുന്നു, "വന്നു ഭക്ഷിപ്പിൻ;"
ഓ, നീ യേശുവിൻ മേശയിൽ എപ്പോഴും ഭക്ഷിപ്പിൻ;
ജനക്കൂട്ടത്തെ പോഷിപ്പിച്ചവൻ, വെള്ളം വീഞ്ഞാക്കിയവൻ,
വിശക്കുന്നവരെ ഇപ്പോൾ വിളിക്കുന്നു, "വന്നു ഭക്ഷിപ്പിൻ."

ഓ, "വന്നു ഭക്ഷിപ്പിൻ," യജമാനൻ വിളിക്കുന്നു, "വന്നു ഭക്ഷിപ്പിൻ;" (വചനത്തിൽ ഭക്ഷിപ്പിൻ!)
യേശുവിൻ മേശയിൽ എപ്പോഴും ഭക്ഷിപ്പിൻ;
ജനക്കൂട്ടത്തെ പോഷിപ്പിച്ചവൻ, വെള്ളം വീഞ്ഞാക്കിയവൻ,
വിശക്കുന്നവരെ ഇപ്പോൾ വിളിക്കുന്നു, "വന്നു ഭക്ഷിപ്പിൻ."

349 ഓ, എന്റെ! നിങ്ങൾക്കു വിശക്കുന്നോ? [പള്ളിയിൽ കൂടിവന്നവർ പറയുന്നു "ആമേൻ."—Ed.] "നീതിയ്ക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ."

350 നിങ്ങൾ അവനെ സ്നേഹിക്കുന്നില്ലേ? [പള്ളിയിൽ കൂടിവന്നവർ പറയുന്നു "ആമേൻ."—Ed.] നിങ്ങൾ അവനെ സ്നേഹിക്കുന്നോ? *ഞാൻ അവനെ സ്നേഹിക്കുന്നു* എന്ന രാഗം കൊടുക്കുക. ഇപ്പോൾ നാം എല്ലാവരും എഴുന്നേറ്റു നിന്നു, നമ്മുടെ കൈകളെ ഉയർത്തി നമ്മെതന്നെ, അവനെ കാണിക്കാം. "ഞാൻ അവനെ സ്നേഹിക്കുന്നു.

ഞാൻ അവനെ സ്നേഹിക്കുന്നു. എന്തെന്നാൽ അവൻ എന്നെ ആദ്യം സ്നേഹിച്ചു." ശരി. ഇപ്പോൾ നമുക്ക് ഒരുമിച്ചു പാടാം.

ഞാൻ അവനെ സ്നേഹിക്കുന്നു, ഞാൻ അവനെ
സ്നേഹിക്കുന്നു
എന്തെന്നാൽ അവൻ എന്നെ മുൻസ്നേഹിച്ചു.
എന്റെ രക്ഷയെ വിലക്കു വാങ്ങി,
അവൻ കാൽവരിയിലെ മരത്തിന്മേൽ

351 [ഒരു സഹോദരൻ അന്യഭാഷയിൽ സംസാരിക്കുന്നു. ബ്രദർ ബ്രൺഹാം നിർത്തിവെച്ചിരിക്കുന്നു—Ed.] ഇപ്പോൾ നമുക്ക് ഭയഭക്തിയോടെ നില്ക്കാം. നമുക്ക് ഇവിടെ ഒരു വിഖ്യാതാവായ സഹോദരൻ ഹിഗ്ഗൻ ബോധം ഉണ്ടായിരുന്നു. ഇന്നു രാത്രിയിൽ അദ്ദേഹം ഇവിടെയുണ്ടോ ഇല്ലയോ എന്ന് എനിക്കറിയില്ല. ദൈവം നമ്മോടു എന്താണ് പറഞ്ഞതെന്ന് കണ്ടുപിടിക്കാൻ നാം ആഗ്രഹിക്കുന്നു. ഒരുനിമിഷം കാത്തിരിക്കുക. ഇവിടെ ഇതാ...[ഒരു സഹോദരി ഒരു വ്യാഖ്യാനം കൊടുക്കുന്നു—Ed.]

352 തീർച്ചയായും, കർത്താവെ നിനക്കു സ്തുതിയായിരിക്കട്ടെ! എന്റെ വിശ്വാസം ദൈവത്തിങ്കലേയ്ക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. ഇന്നു രാത്രിയിൽ നിങ്ങൾ അവനെ പൂർണ്ണ ഹൃദയത്തോടെ സ്നേഹിക്കുന്നുണ്ടോ? [പള്ളിയിൽ കൂടിവന്നവർ പറയുന്നു "ആമേൻ."—Ed.] ഓ, അവനെ സ്തുതിച്ചുകൊണ്ട്, "കർത്താവായ യേശുവെ, നിനക്കു നന്ദിയുണ്ട്!" എന്നു പറയുക. [പള്ളിയിൽ കൂടിവന്നവർ ദൈവത്തെ സ്തുതിക്കുന്നു.]

353 കർത്താവെ, ഞങ്ങളുടെ മുഴു ഹൃദയത്തോടും കൂടെ, ഞങ്ങൾ എങ്ങനെ നിന്നെ സ്തുതിക്കേണം! ദൈവത്തിനു മഹത്വം!

354 നിങ്ങൾ എല്ലാവരും അവനെ സ്തുതിപ്പിൻ. ദൈവം നിങ്ങളോടു കൂടെ ഇരിക്കട്ടെ! [പള്ളിയിൽ കൂടിവന്നവർ തുടർന്നും ദൈവത്തെ പുകഴ്ത്തിക്കൊണ്ടിരിക്കുന്നു—Ed.]

*മൂന്നാം മുദ്ര* MAL63-0320

(The Third Seal)

ഏഴു മുദ്രകളുടെ വെളിപ്പാടിന്റെ തുടർച്ച

അമേരിക്കയിൽ, ഇൻഡ്യാനയിലെ, ജെഫേർസൺവില്ലേ, ബ്രൺഹാം കൂടാരത്തിൽ വെച്ച്, 1963 മാർച്ച മാസം 20-ാം തീയതി, ബുധനാഴ്ച വൈകിട്ട്, ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചതിനെ, കാന്തശക്തിയുള്ള ടേപ്പിൽ നിന്നും പുസ്തക രൂപത്തിലേക്ക് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ, കൃത്യമായി ഇംഗ്ലീഷിൽ പകർത്തിയിരിക്കുന്നു. ഈ മലയാളം പരിഭാഷ Voice Of God Recordings-ൽ നിന്നും പ്രിന്റ് ചെയ്തു വിതരണം ചെയ്യുന്നു.

MALAYALAM

©2018 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org